## പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## അൻപത്തി ഒന്നാമത് റിപ്പോർട്ട്

(2015 ഡിസംബർ മാസം 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## അൻപത്തി ഒന്നാമത് റിപ്പോർട്ട്

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്**

45/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | .. | 49 |
| അനുബന്ധം II : സർക്കാർ മറുപടി | .. | 63 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വർക്കല കഹാർ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അച്ചുതൻ

ശ്രീ. എം. ചന്ദ്രൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. എ. വാഹിദ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ (2014-16) അൻപത്തി ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2015 ഡിസംബർ മാസം 3-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.

# റിപ്പോർട്ട്

കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്

ഓഡിറ്റ് ഖണ്ഡിക

പൊതു പരാമർശങ്ങൾ

**സാങ്കേതിക നിർദ്ദേശം പാലിക്കുന്നില്ല; മരാമത്ത് പ്രവൃത്തികളിൽ ലക്ഷങ്ങളുടെ നഷ്ടം**

മരാമത്ത് പ്രവൃത്തികളിൽ സർക്കാർ പുറപ്പെടുവിക്കുന്ന സാങ്കേതിക നിർദ്ദേശങ്ങൾ പാലിക്കാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലക്ഷങ്ങൾ നഷ്ടം വരുത്തുന്നു.

കോഴിക്കോട് ജില്ലയിലെ 22 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റിൽ നിർദ്ദേശം ലംഘിച്ചതിൽ മാത്രം 3,53,347 രൂപ നഷ്ടം കണക്കാക്കുന്നു (വിശദാംശം താഴെ പത്രികയിൽ):

കരാറുകാർക്കും കൺവീനർക്കും അധികനിരക്ക് അനുവദിക്കുക, കൺസോളിഡേഷൻ ഇല്ലാത്ത പ്രവൃത്തികളിൽ ഷ്രിങ്കേജ് കുറയ്ക്കാതിരിക്കുക എന്നിവയാണ് നഷ്ടത്തിന്റെ പൊതു സ്വഭാവം. ഈ വിഷയങ്ങളിൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പാലിച്ചില്ലെന്ന് കാണുന്നു.

ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 13584/എഫ്.ഐ.ഡബ്ല്യു.സി. 1/86/ധന. 4-4-1986-ലെ സ്പഷ്ടീകരണവും 44424/എഫ്.ഐ.ഡബ്ല്യു.സി.3/04/ധന. 29-5-2004 കത്തും മണ്ണ് ഫില്ലിംഗിന് അനുവദിക്കുന്ന നിരക്കിൽ നിന്ന് സ്റ്റാൻഡേർഡ് ഡാറ്റാ ബുക്ക് ഇനം 58, 59 പ്രകാരം ഓരോ ലീഡും ലിഫ്റ്റും കുറവ് ചെയ്യണമെന്ന് വ്യക്തമാക്കുന്നുണ്ട്. ഇപ്രകാരം കുറവ് ചെയ്യാതെ നിരക്ക് നിശ്ചയിച്ച് പണം നൽകി പഞ്ചായത്തുകൾ നഷ്ടം വരുത്തുന്നു. കൺസോളിഡേഷൻ ഇല്ലാത്ത മണ്ണ് ഫില്ലിംഗ് പ്രവൃത്തികളിൽ മണ്ണ് അമരുമ്പോഴുണ്ടാകുന്ന കുറവിലേക്ക് 20% ഷ്രിങ്കേജ് കുറവ് ചെയ്യണമെന്ന് കേരളാ സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ വാല്യം 1 സെക്ഷൻ 4-5 ബി (V)(1) വ്യക്തമാക്കുന്നു. ഇത് പരിഗണിക്കാത്തതിനാലും പഞ്ചായത്തുകൾക്ക് നഷ്ടമുണ്ടാകുന്നുണ്ട്. വിശദാംശങ്ങൾ താഴെ:

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | പ്രവൃത്തിയുടെ പേര് | അധിക നിരക്കിലെ നഷ്ടം | ഷ്രിങ്കേജ് നഷ്ടം | ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | നൊച്ചാട് | ചാത്തോത്താഴ കാവും തറ റോഡ് | 13,300 | | 2002-03 | 3-2 എ |
| | | -ടി- | 53,957 | | 2002-03 | 3-2 ബി |

45/2016.

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 2 | കുത്താളി | പാവടിക്കുന്നുമ്മൽ താഴെ നടപ്പാത | 2,146 | | 2002-03 | 3-1 |
| 3 | മേപ്പയ്യൂർ | കോഴിട്ടുതാഴ-മാമ്പൊയിൽ റോഡ് | 1,087 | | 2000-01 | 3-6 |
| 4 | പയ്യോളി | മീൻപേറിയ-കൊളംപിപ്പാറ റോഡ് | 4,535 | | 2000-01 | 3-4 |
| 5 | തിക്കോടി | വിവിധ നടപ്പാത നിർമ്മാണ പ്രവൃത്തികൾ | | 6,298 | 2000-01 | 3-6 |
| 6 | തിക്കോടി | നേതാജി നടപ്പാത | 9,615 | | 2000-01 | 3-7 |
| 7 | പെരുവയൽ | വിവിധ റോഡ് പ്രവൃത്തികൾ | | 9,939 | 2002-03 | 3-6 |
| 8 | ചാത്തമംഗലം | അടയങ്കോട്-സൗത്ത് അരയങ്കോട് റോഡ് | 4,524 | | 2002-03 | 3-9 |
| 9 | അത്തോളി | റോഡ് നിർമ്മാണ പ്രവൃത്തികൾ-3 | 12,374 | | 2002-03 | 26 |
| 10 | കോട്ടൂർ | റോഡ് നിർമ്മാണ പ്രവൃത്തികൾ-4 | 8,493<br>1,679<br>3,925 | | 2002-03<br>2002-03<br>2002-03 | 2-6<br>2-7<br>2-11 |
| 11 | എലത്തൂർ | നടപ്പാത നിർമ്മാണ പ്രവൃത്തികൾ-2 | 1,571 | | 2000-01 | 3-4 |
| 12 | അരിക്കുളം | നടപ്പാത നിർമ്മാണ പ്രവൃത്തികൾ-2 | 4,272 | | 2001-02 | 3-2 |
| 13 | മടവൂർ | റോഡ് നിർമ്മാണ പ്രവൃത്തികൾ-5 | | 36,925 | 2003-04 | 3-3 |
| 14 | തിക്കോടി | റോഡ് നിർമ്മാണ പ്രവൃത്തികൾ-3 | 8,461 | | 2002-03 | 3-3 |
| 15 | കുറ്റ്യാടി | റോഡ് നിർമ്മാണ പ്രവൃത്തികൾ-2 | 3,143 | | 2001-02 | 3-6 |
| 16 | നാദാപുരം | റോഡ് നിർമ്മാണ പ്രവൃത്തികൾ-3 | 4,639 | | 2002-03 | 3-11 |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക 2.70.1.)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

കോഴിക്കോട് ജില്ലയിലെ നൊച്ചാട്, കുത്താളി, മേപ്പയ്യൂർ, പയ്യോളി, തിക്കോടി, പെരുവയൽ, ചാത്തമംഗലം, അത്തോളി, കോട്ടൂർ, എലത്തൂർ, അരിക്കുളം, മടവൂർ, കുറ്റ്യാടി, നാദാപുരം എന്നീ 14 ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ, ലീഡ് ആന്റ് ലിഫ്റ്റ് ഇനത്തിൽ അധികതുക നൽകുന്നത് പൊതുമരാമത്ത് വകുപ്പിൽ അനുവദനീയമാണ് എന്നും ആയത് പഞ്ചായത്തുകളിലും നടപ്പിലാക്കുന്നതിന് 2005 മുതൽ മുൻകാലപ്രാബല്യം നൽകിക്കൊണ്ട് സർക്കാർ 21-8-2014-ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടെന്നും കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. കൂടാതെ, പി.ഡബ്ല്യൂ.ഡി. നിരക്കുകളും വ്യവസ്ഥകളും പഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികൾക്കും ബാധകമാണെന്ന് പൊതുമരാമത്ത് ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും അറിയിച്ചു.

2. പി.ഡബ്ല്യൂ.ഡി. വർക്കുകളിൽ ഷ്രിങ്കേജ് കുറയ്ക്കേണ്ടതില്ല എന്നുള്ള ഉത്തരവ് നേരത്തെ നിലവിലുണ്ടായിരുന്നുവെന്നും എന്നാൽ ഷ്രിങ്കേജ് കുറയ്ക്കണമെന്നതായിരുന്നു ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ നിർദ്ദേശം എന്നും ഇത് സംബന്ധിച്ച് ഒരു ഉത്തരവ് ഇറക്കണമെന്ന് സർക്കാരിനോട് സമിതി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഷ്രിങ്കേജ് കുറയ്ക്കേണ്ടതില്ലായെന്നുള്ള സർക്കുലർ ഇറക്കിയിട്ടുള്ളതെന്ന് ചീഫ് എഞ്ചിനീയർ വ്യക്തമാക്കി. അതൊടൊപ്പം മണ്ണ് ഫില്ലിംഗുമായി ബന്ധപ്പെട്ട് ലീഡും ലിഫ്റ്റും കുറയ്ക്കേണ്ടതില്ല എന്ന പൊതുമരാമത്ത് വകുപ്പിന്റെ ഉത്തരവ് തദ്ദേശസ്വയംഭരണ വകുപ്പിനും ബാധകമാക്കിക്കൊണ്ടുള്ള സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട് എന്നും അറിയിച്ചു. സർക്കാരിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

3. **പി.ഡബ്ല്യൂ.ഡി. പ്രവൃത്തികളിൽ ഷ്രിങ്കേജ് കുറയ്ക്കേണ്ടതില്ല എന്ന ഉത്തരവ് നിലവിലിരിക്കെ പഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവർത്തികൾക്ക് ഷ്രിങ്കേജ് കുറയ്ക്കണമെന്ന് ഓഡിറ്റ് നിർദ്ദേശിച്ചിട്ടുള്ള സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത വിഷയത്തിൽ വ്യക്തത വരുത്തണമെന്ന് സമിതിയോഗം നിർദ്ദേശിക്കുകയുണ്ടായി. ഷ്രിങ്കേജ് കുറയ്ക്കേണ്ടതില്ലെന്നുള്ള പൊതുമരാമത്ത് വകുപ്പിന്റെ ഉത്തരവ് പഞ്ചായത്തുകളുടെ പൊതുമരാമത്ത് പ്രവൃത്തികൾക്കും മുൻകാല പ്രാബല്യത്തോടെ ബാധകമാക്കിക്കൊണ്ടും മണ്ണ് ഫില്ലിംഗിന് ലീഡും ലിഫ്റ്റും കുറയ്ക്കേണ്ടതില്ല എന്ന പൊതുമരാമത്ത് വകുപ്പിന്റെ ഉത്തരവ്**

**തദ്ദേശസ്വയംഭരണ വകുപ്പിനും ബാധകമാക്കിക്കൊണ്ടുമുള്ള സർക്കലറുകൾ പുറപ്പെടുവിച്ചിട്ടുള്ളതായി തെളിവെടുപ്പ് വേളയിൽ ഹാജരായ ഉദ്യോഗസ്ഥർ സമിതി മുമ്പാകെ വ്യക്തമാക്കിയതിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പുതിയ അക്കൗണ്ടിംഗ്; അപാകതകൾ വ്യാപകം**

പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം ലക്ഷ്യം നേടിയില്ല. സമ്പ്രദായത്തിലേക്ക് മാറിയ ഗ്രാമപഞ്ചായത്തുകളിൽ അക്കൗണ്ടിംഗിലും രജിസ്റ്ററുകളുടെ സൂക്ഷിപ്പിലും അപാകതകൾ വ്യാപകമാണെന്ന് കാണുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ധനവിനിയോഗത്തിന്റെ കൃത്യമായ കണക്കില്ലാത്ത അവസ്ഥയ്ക്ക് പരിഹാരമായാണ് പുതിയ സമ്പ്രദായം കൊണ്ടുവന്നത്. ധനവകുപ്പിന്റെ ജി.ഒ. (പി) 319/03, 12-6-2003 ഉത്തരവിലൂടെ 1-4-2004-ലാണ് സമ്പ്രദായം നിലവിൽവന്നത്.

കോഴിക്കോട് ജില്ലയിലെ 7 ഗ്രാമപഞ്ചായത്തുകളിൽ കണ്ടെത്തിയ അപാകതകൾ താഴെ പത്രികയിൽ വിവരിക്കുന്നു. സമാന സ്ഥിതി മറ്റ് ജില്ലകളിലും ദൃശ്യമാണ്. വാർഷിക ഓഡിറ്റ് വേളയിൽ ഓഡിറ്റ് തീയതി വരെയുള്ള പണമിടപാടുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകളാണ് പത്രികയിൽ.

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | അപാകതകളുടെ സംക്ഷിപ്ത വിവരം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | നൊച്ചാട് | 2002-03 | 2-2 | പുതിയ അക്കൗണ്ടിംഗ് സമ്പ്രദായപ്രകാരമുള്ള ക്യാഷ് ബുക്ക് പൂർണ്ണമല്ല |
| 2 | പയ്യോളി | 2001-02 | 2-7 | ക്യാഷ് ബുക്ക് പൂർണ്ണമല്ല. സബ്സിഡിയറി ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല |
| 3 | കുത്താളി | 2001-02 | 2-3 | ക്യാഷ് ബുക്ക് പൂർണ്ണമല്ല |
| 4 | പെരുവയൽ | 2002-03 | 1-2 | ക്യാഷ് ബുക്ക്, സബ്സിഡിയറി ക്യാഷ് ബുക്ക്, ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല |
| 5 | പുറമേരി | 2001-02 | 1-7 | വരവ് രജിസ്റ്റർ, ചെലവ് രജിസ്റ്റർ, ക്യാഷ് ബുക്ക് കൃത്യമായി സൂക്ഷിക്കുന്നില്ല. പ്രതിമാസ അക്കൗണ്ട് തയ്യാറാക്കുന്നില്ല. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 6 | തൂണേരി | 2001-02 | 2-1 | ക്യാഷ് ബുക്ക്, വരവ് രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല |
| 7 | വാണിമേൽ | 2000-01 | 2-3 | ക്യാഷ് ബുക്ക് ക്ലോസ് ചെയ്യുന്നില്ല (ക്യാഷ് ബുക്ക്, വരവ് രജിസ്റ്റർ കാലികമാക്കുന്നില്ല) |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക 2.70.2.)

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

4. കോഴിക്കോട് ജില്ലയിലെ നൊച്ചാട്, പയ്യോളി, കൂത്താളി, പെരുവയൽ, പുറമേരി, തൂണേരി, വാണിമേൽ എന്നീ 7 ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച്, പഞ്ചായത്തുകളിൽ ഇപ്പോൾ കാലികമായി പരിശോധന നടത്തി വരുന്നുണ്ടെന്നും സാംഖ്യ എന്ന സോഫ്റ്റ്‌വെയർ സമ്പ്രദായത്തിലുള്ള അക്കൗണ്ടിംഗ് നടപ്പാക്കിയിട്ടുള്ളതിനാൽ എല്ലാ രജിസ്റ്ററുകളും ഓട്ടോമാറ്റിക്കായി തയ്യാറാക്കപ്പെടുകയാണെന്നും കൂടാതെ രജിസ്റ്ററുകളുടെ ഹാർഡ് കോപ്പിയും സൂക്ഷിക്കുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ (ഇൻ-ചാർജ്) അറിയിച്ചു. തുടർന്ന് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**5. കോഴിക്കോട് ജില്ലയിലെ പരാമർശിക്കപ്പെട്ട ഏഴ് ഗ്രാമപഞ്ചായത്തുകളിലും ക്യാഷ് ബുക്ക്, സബ്സിഡിയറി രജിസ്റ്റർ, വരവ് രജിസ്റ്റർ, ചെലവ് രജിസ്റ്റർ, ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിരിക്കുന്നുവെന്നും നിലവിൽ, 2011-ലെ കേരള പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് കണക്കുകൾ രേഖപ്പെടുത്തുന്നതെന്നും പഞ്ചായത്തുകളിൽ സാംഖ്യ സോഫ്റ്റ്‌വെയർ സമ്പ്രദായത്തിലുള്ള അക്കൗണ്ടിംഗ് നടപ്പിലാക്കിയിട്ടുള്ളതിന് പുറമേ രജിസ്റ്ററുകളുടെ ഹാർഡ് കോപ്പിയും സൂക്ഷിക്കുന്നുണ്ടെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**തൊഴിൽ പരിശീലനം—പദ്ധതികൾ പരാജയം**

തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വിവിധ തൊഴിൽ മേഖലകളിൽ പരിശീലനം നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയ പദ്ധതികൾ ലക്ഷ്യം നേടിയില്ല. പദ്ധതി തുക ലക്ഷങ്ങൾ പാഴാവുന്നതായി കാണുന്നു. വേണ്ടത്ര ആസൂത്രണവും ദീർഘവീക്ഷണവുമില്ലാതെ പദ്ധതികൾ തയ്യാറാക്കുന്നതും അംഗീകാരമില്ലാത്ത കോഴ്സുകളിൽ പരിശീലനം നൽകുന്നതുമുൾപ്പെടെ പരാജയത്തിന് വിവിധ കാരണങ്ങളുണ്ട്. പദ്ധതിപ്പണം ചെലവഴിച്ച് കഴിഞ്ഞാൽ പദ്ധതി ലക്ഷ്യം നിറവേറ്റുന്നതിൽ വേണ്ടത്ര ശ്രദ്ധ നൽകാത്തതും പരാജയത്തിന്റെ കാരണങ്ങളിൽ പെടുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | സ്ഥാപനം | ആകെ ചെലവ് | പദ്ധതിയുടെ പേര് | അപാകത ഉൾപ്പെട്ട തുക | വീഴ്ചയുടെ സ്വഭാവം | ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | കുത്താളി | 10,000 | വനിതാ തൊഴിൽ പരിശീലനം | 10,000 | ഹോളോബ്രിക്സ് നിർമ്മാണം, സ്ക്രീൻ പ്രിന്റിംഗ് എന്നിവയിൽ വനിതകൾക്ക് പരിശീലനം നൽകി. എന്നാൽ അവർ പരിശീലനത്തിന് ശേഷം തൊഴിലിൽ ഏർപ്പെട്ടില്ല. | 2002-03 3-9 |
| 2 | തിരുവമ്പാടി | 1,50,000 | വിവിധ തൊഴിൽ പരിശീലനം | 1,50,000 | സംയുക്ത പദ്ധതിയുടെ ഭാഗമായി ജില്ലാ പഞ്ചായത്തിന് കൈമാറേണ്ടിയിരുന്ന തുക സ്കിൽ ഡെവലപ്പ്മെന്റ്-സെന്റർ, കോഴിക്കോടിന് കൈമാറി. കൈപ്പറ്റ് രശീതിയില്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന് രേഖയില്ല. പരിശീലനം നൽകിയതിന് തെളിവില്ല. | 2002-03 3-25 |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക 2.70.3.)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

6. കൂത്താളി, തിരുവമ്പാടി എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. കൂത്താളി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 11-8-2010-ലെ എൽ.എഫ്.കെ.കെ.ഡി.പി4/467/10 നമ്പർ കത്ത് പ്രകാരം ഒഴിവാക്കി യിട്ടുണ്ടെന്ന് സർക്കാർ മറുപടിയിൽ അറിയിച്ചിട്ടുള്ളതായി സമിതിക്ക് വ്യക്തമായി.

7. തിരുവമ്പാടി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് സ്കിൽ ഡെവലപ്മെന്റ് സെന്ററിന് കൈമാറിയ 1,50,000 രൂപയുടെ രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

8. **ഹോളോബ്രിക്സ് നിർമ്മാണം, സ്ക്രീൻ പ്രിന്റിംഗ് എന്നിവയിൽ വനിതകൾക്ക് പരിശീലനം നൽകിയെങ്കിലും പരിശീലനത്തിനുശേഷം അവർ തൊഴിലിൽ ഏർപ്പെടാഞ്ഞതിനാൽ പദ്ധതി പരാജയമായെന്ന, കൂത്താളി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് തടസ്സം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 11-8-2010-ലെ കത്തുപ്രകാരം ഒഴിവാക്കിയിട്ടുണ്ടെന്നുള്ള സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അനന്തര നടപടികൾ അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

9. **തിരുവമ്പാടി ഗ്രാമപഞ്ചായത്ത് കോഴിക്കോട് സ്കിൽ ഡെവലപ്പ്മെന്റ് സെന്ററിന് കൈമാറിയ 1,50,000 രൂപയുടെ രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെന്നുള്ള സർക്കാർ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ഭവനനിർമ്മാണം ധനസഹായം കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തിയാകുന്നില്ല.**

ഗ്രാമങ്ങളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭവനരഹിതരായ കുടുംബങ്ങളിൽ സ്വന്തമായി ഭൂമി ഉള്ളവർക്ക് വീട് വെയ്ക്കാൻ ധനസഹായം നൽകുന്ന പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കിവരുന്നുണ്ട്. ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കേണ്ട പദ്ധതികളിൽ പലതും രണ്ടും മൂന്നും ഗഡുക്കൾ കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തിയാക്കി അവസാനഗഡു കൈപ്പറ്റാതെ ശേഷിക്കുന്നുണ്ട്. ഇപ്രകാരം ഉദ്ദിഷ്ടലക്ഷ്യം നിറവേറ്റപ്പെടാതെ പദ്ധതിപ്പണം പാഴാവുകയാണ്. പദ്ധതിയിൽ നിർമ്മിക്കുന്ന വീടുകൾക്ക് കെട്ടിടനിർമ്മാണ ചട്ടങ്ങൾ നിർബന്ധമാക്കാത്തതും ശരിയായ മോണിറ്ററിംഗ് സംവിധാനത്തിന്റെ അഭാവവും കാരണം പദ്ധതിപ്പണം ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യതയും നിലനില്ക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | സ്ഥാപനം ഗ്രാമ പഞ്ചായത്ത് | ഗുണഭോക്താക്കളുടെ എണ്ണം | വർഷം | കൈപ്പറ്റിയ തുക | ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക | അഭിപ്രായം |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | താമരശ്ശേരി | 12 | 2000-01 | 3,52,750 | 2001-02 | 3-12 | ആദ്യഗഡു കൈപ്പറ്റി 4 വർഷം കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. |
| 2 | കുന്ദമംഗലം | 48 | 2000-01 | 11,94,500 | 2002-03 | 2-14 | |
| 3 | തിരുവമ്പാടി | 9 | 1999-2000 | 2,34,200 | 2002-03 | | 2/2003 വരെ പ്രവൃത്തി പൂർത്തിയാക്കി യിട്ടില്ല. |
| 4 | കോട്ടൂർ | 44 | 2000-01 | 8,81,000 | 2002-03 | 2-2 | ഓഡിറ്റ് തീയതി വരെ (8/2004) പ്രവൃത്തി പൂർത്തിയാക്കി യിട്ടില്ല. |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| 5 | മടവൂർ | 13 | 2002-03 | 3,38,000 | 2003-04 | 3-11 | ഓഡിറ്റ് തീയതിവരെ (8-2004) പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല |
| 6 | രാമനാട്ടുകര | 2 | 1999-2000 | 20,000 | 2001-02 | 3-16 ബി | -ടി- |
| 7 | നാദാപുരം | 3 | 2002-03 | 60,000 | 2002-03 | 3-6 | -ടി- |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക 2.70.4.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

10. താമരശ്ശേരി, കുന്ദമംഗലം, തിരുവമ്പാടി, കോട്ടൂർ, മടവൂർ, രാമനാട്ടുകര, നാദാപുരം എന്നീ 7 ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന പ്രസ്തുത പരാമർശത്തെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞു. കോട്ടൂർ ഗ്രാമപഞ്ചായത്തിൽ 44 വീടുകളും മടവൂർ ഗ്രാമപഞ്ചായത്തിൽ 13 വീടുകളും രാമനാട്ടുകര, നാദാപുരം, താമരശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകളിലായി 17 വീടുകളും കുന്ദമംഗലം ഗ്രാമപഞ്ചായത്തിൽ 27 വീടുകളും തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ 6 വീടുകളും പൂർത്തിയായിട്ടുണ്ടെന്നും കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ 21 ഗുണഭോക്താക്കൾ അവസാനഗഡു കൈപ്പറ്റിയിട്ടില്ല എന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

11. ശൗചാലയം നിർമ്മിക്കാത്തതു കാരണമാണ് 21 ഗുണഭോക്താക്കൾക്കും അവസാന ഗഡു നൽകാത്തത് എന്നും 'നിർമ്മൽ ഭാരത് അഭിയാൻ' പദ്ധതിയിലുൾപ്പെടുത്തി മുൻഗണനാക്രമം അനുസരിച്ച് ടി 21 വീടുകളിലും ശൗചാലയം നിർമ്മിച്ചതിന് ശേഷം അവസാന ഗഡു നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് ഒരു മാസത്തിനകം സമിതിക്ക് റിപ്പോർട്ട് നൽകുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അറിയിച്ചു. അതിൻപ്രകാരമുള്ള റിപ്പോർട്ട് ഒരു മാസത്തിനകം ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധികവിവരം താഴെ ചേർക്കുന്നു:

12. "ശുചിത്വ കക്കൂസ് ഇല്ലാത്തവരെ ഗ്രാമപഞ്ചായത്തിന്റെ ശുചിത്വ കക്കൂസ് പദ്ധതിയിൽ ഉൾപ്പെടുത്തി കക്കൂസ് നൽകിയതിനുശേഷം പരാമർശത്തിലുള്ള 21 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനു പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥനായിരുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് നമ്പർ 384/15 ആയി 63,000 രൂപ അടങ്കലിൽ ഒരു പദ്ധതി തയ്യാറാക്കി ഡി.പി.സി. അംഗീകാരം വാങ്ങിയിട്ടുണ്ട്. നിർവ്വഹണത്തിലിരിക്കുന്ന ഈ

പ്രോജക്ട് പ്രകാരം ഭവനനിർമ്മാണത്തിനുള്ള അവസാന ഗഡു ലഭിക്കുന്നതിനുള്ള രേഖകൾ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ മുമ്പാകെ ഹാജരാക്കുന്നമുറയ്ക്ക് മേൽ ഗുണഭോക്താക്കൾക്ക് അവസാന ഗഡു നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു."

**നിഗമനങ്ങൾ/ശിപാർശകൾ**

13. **സർക്കാരിൽ നിന്നുള്ള ധനസഹായം ഉപയോഗിച്ച് വീട് നിർമ്മിക്കുന്നത് താഴ്ന്ന വരുമാനക്കാരായ ജനങ്ങളായതിനാൽ, നിസ്സാര പ്രശ്നങ്ങളുടെ പേരിൽ അവർക്ക് അവസാന ഗഡു ധനസഹായം നിഷേധിക്കുന്നത് മനുഷ്യത്വരഹിതമായ പ്രവൃത്തിയാണെന്ന് സമിതി നിരീക്ഷിക്കുന്നു. ശൗചാലയം നിർമ്മിക്കാത്തത് കാരണം കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ 21 ഗുണഭോക്താക്കൾക്ക് അവസാന ഗഡു നൽകാത്ത പഞ്ചായത്തിന്റെ നടപടി ഉചിതമായില്ലെന്ന് സമിതി കരുതുന്നു. ഗ്രാമപഞ്ചായത്തുകൾ ഭവനനിർമ്മാണ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിന് രൂപീകരിക്കുന്ന ചട്ടങ്ങളിലെ വ്യവസ്ഥകൾ ലഘൂകരിച്ച് പരമാവധി ആറുമാസംകൊണ്ട് പദ്ധതികൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണമെന്നും ഇത്തരം പദ്ധതികളുടെ ധനസഹായം ഒറ്റ ഗഡുവായി നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ശുചിത്വ കക്കൂസ് ഇല്ലാത്തവരെ ഗ്രാമപഞ്ചായത്തിന്റെ ശുചിത്വ കക്കൂസ് പദ്ധതിയിലുൾപ്പെടുത്തി കക്കൂസ് നൽകിയതിനുശേഷം പരാമർശത്തിലുള്ള 21 ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകുന്നതിന് 63,000 രൂപ അടങ്കലിൽ ഒരു പദ്ധതി തയ്യാറാക്കി ഡി.പി.സി. അംഗീകാരം വാങ്ങിയിട്ടുണ്ടെന്നും പ്രസ്തുത പ്രോജക്ട് പ്രകാരം ഭവനനിർമ്മാണത്തിനുള്ള അവസാന ഗഡു ലഭിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കുന്നമുറയ്ക്ക് മേൽ ഗുണഭോക്താക്കൾക്ക് അവസാന ഗഡു നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്നുമുള്ള ഓഡിറ്റിന്റെ കുറിപ്പിന്റെയടിസ്ഥാനത്തിൽ മേൽ ഗുണഭോക്താക്കൾക്ക് അവസാനഗഡു ധനസഹായം നൽകി രേഖകൾ ഓഡിറ്റിന് ഹാജരാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

14. **താമരശ്ശേരി, തിരുവമ്പാടി, കോട്ടൂർ, മടവൂർ, രാമനാട്ടുകര, നാദാപുരം എന്നീ ഗ്രാമപഞ്ചായത്തുകളിൽ പരാമർശ കാലയളവിൽ, സർക്കാർ ധനസഹായം ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കിയ വീടുകളുടേയും അവയ്ക്ക് അവസാന ഗഡു ധനസഹായം നൽകിയതിന്റെയും രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാനും ആയത് ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെടുന്നമുറയ്ക്ക് തടസ്സം നീക്കി റിപ്പോർട്ട് നൽകുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നിക്ഷേപവേലകൾ പൂർത്തിയാക്കിയില്ല**

പട്ടികജാതി ലക്ഷം വീട് കോളനികളുടെ വൈദ്യുതീകരണം, തെരുവ് വിളക്ക് സ്ഥാപിക്കൽ എന്നിവയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വൻതുകകൾ കെ.എസ്.ഇ.ബി.-യിൽ നിക്ഷേപിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതിപ്പണം നിക്ഷേപിച്ചതല്ലാതെ നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയതായി കാണുന്നില്ല. പദ്ധതിപ്പണം വർഷങ്ങളോളം കെ.എസ്.ഇ.ബി.-യിൽ നിക്ഷേപിച്ചിട്ടും പ്രവൃത്തി ആരംഭിക്കുകപോലും ചെയ്യാത്ത അവസ്ഥയാണുള്ളത്. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികളോ കാര്യക്ഷമമായ മോണിറ്ററിംഗോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായില്ല. ഇത്തരം പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാത്തതിനാൽ പദ്ധതി തുക പാഴ്ചെലവായി മാറുന്ന അവസ്ഥയാണുള്ളത്. പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നുള്ള അനാസ്ഥ ഒഴിവാക്കേണ്ടതും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സത്വര നടപടികൾ ഉണ്ടാവേണ്ടതുമാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | പ്രവൃത്തിയുടെ പേര് | ഡപ്പോസിറ്റ് തുക | ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക | അഭിപ്രായം |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | മുക്കം | പട്ടികജാതി കോളനി വൈദ്യുതീകരണം | 2,20,950 | 2002-03 | 3-11 | 3/2003-ൽ തുക ഡപ്പോസിറ്റ് ചെയ്തു. എന്നാൽ 12/2004 വരെയും പ്രവൃത്തി തുടങ്ങിയില്ല. |
| 2 | ചാത്തമംഗലം | 3 വൈദ്യുതീകരണ പ്രവൃത്തികൾ | 12,34,380 | 2002-03 | 3-3 | കെ.എസ്. ഇ.ബി.-യിൽ തുക ഡപ്പോസിറ്റ് ചെയ്തെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതിന് രേഖയില്ല. |
| 3 | പെരുമണ്ണ | തെരുവ് വിളക്ക് സ്ഥാപിക്കൽ | 1,30,510 | 2002-03 | 3-6 | ടി മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടില്ല |

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 4 | പുറമേരി | ലക്ഷം വീട് വൈദ്യുതീകരണവും തെരുവ് വിളക്ക് സ്ഥാപിക്കലും | 1,37,350 | 2002-03 | 3-10 | 3/2003-ൽ തുക ഡപ്പോസിറ്റ് ചെയ്തുവെങ്കിലും 4/2005 വരെ പ്രവൃത്തി പൂർത്തിയാക്കിയില്ല |
| 5 | കാവിലുംപാറ | തെരുവ് വിളക്ക് സ്ഥാപിക്കൽ | 86,555 | 2001-02 | 3-2 | -ടി- |
| | | ആകെ | 18,09,745 | | | |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക 2.70.5.)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

15. മുക്കം, ചാത്തമംഗലം, പെരുമണ്ണ, പുറമേരി, കാവിലുംപാറ എന്നീ 5 ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടെന്ന സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തടസ്സം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

16. **മുക്കം, ചാത്തമംഗലം, പെരുമണ്ണ, പുറമേരി, കാവിലുംപാറ എന്നീ 5 ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട് ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള, ലക്ഷം വീട് കോളനി വൈദ്യുതീകരണം, തെരുവുവിളക്ക് സ്ഥാപിക്കൽ എന്നീ ഇനങ്ങളിലായുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടെന്ന സർക്കാർ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സമൊഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ബഡ്ജറ്റ് തയ്യാറാക്കുന്നതിലും അംഗീകരിക്കുന്നതിലും വീഴ്ച**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214(8) പ്രകാരം ഒരു പഞ്ചായത്ത് ഏപ്രിൽ ഒന്നിന് മുൻപ് ആ സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ്

പാസ്സാക്കേണ്ടതാണ്. ചട്ടപ്രകാരം ബഡ്ജറ്റ് പാസ്സാക്കാതെ പല പഞ്ചായത്തുകളും ചെലവ് ചെയ്യുന്നുണ്ട്. 214(6)-ാം വകുപ്പ് പ്രകാരം ബഡ്ജറ്റിന്റെ പകർപ്പ് ഓഡിറ്റർക്ക് നൽകണമെന്ന വ്യവസ്ഥയും പാലിക്കുന്നില്ല. ഇത് സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | സാമ്പത്തിക വർഷം | ഓഡിറ്റ് റിപ്പോർട്ട് | വീഴ്ചയുടെ സ്വഭാവം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | മേപ്പയൂർ | 2000-01 | 2000-01/ഭാഗം 1 | 2000-01 വർഷത്തെ ബജറ്റ് പാസ്സാക്കിയിട്ടില്ല |
| 2 | തിക്കോടി | 2000-01 | 2001/ഭാഗം 1 | ബജറ്റിലെ വരവ്-ചെലവും യഥാർത്ഥ വരവ്-ചെലവും വൻവ്യത്യാസം |
| 3 | ഏറാമല | 2000-01 (ഡി. സി.ബി.) | ഭാഗം 1 | വിശദവിവരങ്ങൾ തയ്യാറാക്കാതെ ബജറ്റ് അംഗീകരിച്ചു എന്നുമാത്രം മിനുട്സിൽ രേഖപ്പെടുത്തി |
| 4 | ചക്കിട്ടപ്പാറ | 2001-02 | ഭാഗം 1 | പ്രതീക്ഷിത വരവ്-ചെലവ് യഥാർത്ഥ വരവ്- ചെലവ് പൊരുത്തപ്പെടുന്നില്ല |
| 5 | കാവിലുംപാറ | 2001-02 | ഭാഗം 1 | -ടി- |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക 2.70.6.)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

17. മേപ്പയൂർ, തിക്കോടി, ഏറാമല, ചക്കിട്ടപ്പാറ, കാവിലുംപാറ എന്നീ 5 ഗ്രാമപഞ്ചായത്തുകളാണ് പ്രസ്തുത പരാമർശത്തിൽ ഉൾപ്പെടുന്നതെന്നും പഞ്ചായത്തിൽ ജീവനക്കാരുടെ ദൗർലഭ്യവും സൗകര്യങ്ങളും സാഹചര്യങ്ങളും പരിമിതവുമായിരുന്ന ഒരവസ്ഥയിലാണ് അപാകത സംഭവിച്ചതെന്നും നിലവിൽ സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനാൽ കണക്കുകളും കാര്യങ്ങളും കൃത്യമാണെന്നും പഞ്ചായത്ത് ഡയറക്ടർ (ഇൻ-ചാർജ്ജ്) അറിയിച്ചു.

18. നിലവിൽ ബഡ്ജറ്റ് തയ്യാറാക്കുന്നതും പാസ്സാക്കുന്നതും ചട്ടപ്രകാരമാണെന്നും കൃത്യമായി മിനുട്സിൽ രേഖപ്പെടുത്താറുണ്ടെന്നും പ്രസ്തുത അപാകത പിന്നീട് ആവർത്തിച്ചിട്ടില്ലെന്നുമുള്ള സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

19. **പഞ്ചായത്തുകളിൽ ജീവനക്കാരുടെ ദൗർലഭ്യവും ഭൗതിക സാഹചര്യത്തിൽ പരിമിതിയും അനുഭവപ്പെട്ടിരുന്ന കാലത്തായിരുന്നു ഓഡിറ്റ് പരാമർശിച്ച അപാകത സംഭവിച്ചതെന്നും നിലവിൽ പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനാൽ കണക്കുകളും ഇതര കാര്യങ്ങളും കൃത്യമാണെന്നും ബഡ്ജറ്റ് തയ്യാറാക്കുന്നതും പാസ്സാക്കുന്നതും ചട്ടപ്രകാരമാണെന്നും അവ കൃത്യമായി മിനുട്സിൽ രേഖപ്പെടുത്താറുണ്ടെന്നുമുള്ള സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സമൊഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**മണൽ വില്പന—റിവർ മാനേജ്‌മെന്റ് ഫണ്ടിലേക്ക് അടയ്ക്കുന്ന തുകയ്ക്ക് രശീതില്ല**

പുഴയുള്ള ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിലെ പ്രധാന വരവിനമാണ് മണൽ വില്പന. മണൽ വില്പന നടത്താൻ വരുന്ന എല്ലാ ചെലവുകളും കഴിച്ച് ബാക്കി വരുന്നതുകയുടെ 50% റിവർ മാനേജ്‌മെന്റ് ഫണ്ട് വിഹിതമായി ജില്ലാ കളക്ടർക്ക് പഞ്ചായത്തുകൾ അടച്ചുവരുന്നുണ്ട്. തുക അടച്ചതിന്റെ രശീതികൾ പലപ്പോഴും ലഭ്യമാക്കുന്നില്ല. ചില അവസരങ്ങളിൽ ഔദ്യോഗിക രശീതിക്കുപകരം ചെക്ക് കിട്ടി ബോധിച്ചു എന്ന് ടൈപ്പ് ചെയ്ത രശീതികളാണ് ലഭ്യമാക്കുന്നത്. ഇതിനാൽ അടയ്ക്കുന്ന തുക റിവർ മാനേജ്‌മെന്റ് ഫണ്ടിൽ വരവ് വച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

റിവർ മാനേജ്‌മെന്റ് ഫണ്ട്, റോയൽറ്റി ഇനങ്ങളിൽ പഞ്ചായത്ത് അടവാക്കുന്ന തുകകൾക്ക് രശീതി ഇല്ലാത്തതിന്റെ വിവരങ്ങൾ.

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | ഓഡിറ്റ് റിപ്പോർട്ട് | ഇനം. ആർ. എം. എഫ്. | വീഴ്ചയുടെ സ്വഭാവം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | ചെറുവണ്ണൂർ | 2001-02 ഖ. 3-1 | 9,12,000 | ഔദ്യോഗിക രശീതിയില്ല |
| 2 | മാവൂർ | 2001-02 ഖ. 3-3 | 10,000 | -ടി- |
| 3 | കൊടിയത്തൂർ | -ടി- | 2,57,500 | -ടി- |
| 4 | ചെറുവണ്ണൂർ-നല്ലളം | 2002-03 ഖ. 3-11 | 8,98,904 | -ടി- |
| | | ആകെ | 20,78,404 | |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക 2.70.7.)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

20. പഞ്ചായത്തുകൾ മണൽ വില്പന നടത്തുന്നതിൽ നിന്ന് റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് അടയ്ക്കുന്ന തുകയുടെ രസീത് ലഭ്യമാക്കുന്നില്ല എന്നത് സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികയിൽ ചെറുവണ്ണൂർ, മാവൂർ, കൊടിയത്തൂർ, ചെറുവണ്ണൂർ-നല്ലളം എന്നീ പഞ്ചായത്തുകളാണ് ഉൾപ്പെടുന്നതെന്നും മുൻകാലങ്ങളിൽ, പഞ്ചായത്തുകൾ റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ ജില്ലാ കളക്ടർക്ക് അടയ്ക്കുന്ന തുകയ്ക്ക് ഔദ്യോഗിക രശീത് നൽകുന്നതിനുപകരം കൈപ്പറ്റ് രശീതുകൾ മാത്രമേ നൽകിയിരുന്നുള്ളൂ എന്നും നിലവിൽ ഓൺലൈനായി പണമടയ്ക്കുന്നതിനാൽ പ്രശ്നം അനുഭവപ്പെടുന്നില്ല എന്നും പഞ്ചായത്ത് ഡയറക്ടർ (ഇൻ-ചാർജ്ജ്) അറിയിച്ചു. പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**21. പഞ്ചായത്തുകൾ, റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ ജില്ലാ കളക്ടർക്ക് അടച്ചിരുന്ന തുകയ്ക്ക് മുൻകാലങ്ങളിൽ ഔദ്യോഗിക രശീതിന് പകരം കൈപ്പറ്റുരശീത് മാത്രം നൽകിയിരുന്നതിനാലാണ് ഓഡിറ്റ് പരാമർശമുണ്ടായതെന്നും നിലവിൽ ഓൺലൈനായി പണമടയ്ക്കുന്നതിനാൽ പ്രശ്നം അനുഭവപ്പെടുന്നില്ല എന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കുടിവെള്ള പദ്ധതികൾ—ഗ്രാമപഞ്ചായത്തുകൾക്ക് ബാധ്യതയാവുന്നു**

പരിപാലന ചെലവ് തനത്ഫണ്ടിൽ നിറവേറ്റുന്നതിനാൽ കുടിവെള്ള/ജലസേചന പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾക്ക് ബാധ്യതയാകുന്നു.

വൈദ്യുതി ചാർജ്, അറ്റകുറ്റപ്പണിചെലവ്, ഓപ്പറേറ്റർ വേതനം തുടങ്ങിയ പരിപാലന ചെലവുകൾ ഗുണഭോക്താക്കളുടെ പരിപാലന കമ്മിറ്റികൾ രൂപീകരിച്ച് നടത്തണമെന്ന് സർക്കാർ ഉത്തരവുകളുണ്ട്. 1999-ലെ പദ്ധതി മാർഗ്ഗരേഖയും ആസൂത്രണ വകുപ്പിന്റെ ജി.ഒ. (എംഎസ്.) 20/02;06-06-02 ഉത്തരവും നിലനിൽക്കെ പരിപാലന ചെലവ് തനത് ഫണ്ടിൽ നിന്ന് വഹിക്കുന്നത് നിയമവിരുദ്ധമാണ്. ഉത്തരവനുസരിച്ച് പല പഞ്ചായത്തുകളിലും പരിപാലന കമ്മിറ്റി/ഗുണഭോക്തൃ കർമ്മസമിതി രൂപീകരിച്ചിട്ടില്ല.

അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി ജനകീയാസൂത്രണം, കേരള വികസന പദ്ധതി വർഷങ്ങളിൽ പൂർത്തിയാക്കിയ പദ്ധതികളാണ് ബാധ്യതയായിരിക്കുന്നത്. പൂർണ്ണമായും പദ്ധതി വിഹിതത്തിൽ പൂർത്തിയാക്കിയവയാണ് പദ്ധതികൾ.

ഗ്രാമപഞ്ചായത്തുകൾ പ്രതിവർഷം പതിനായിരങ്ങളാണ് പരിപാലനത്തിന് ചെലവിടുന്നത്. മുഖ്യമായും വൈദ്യുതി ചാർജ് നൽകുന്നതിനാണിത്.

ഗ്രാമപഞ്ചായത്തുകളുടെ തനത്ഫണ്ട് തകർച്ചയിലായതിനാൽ പരിപാലന ചെലവുകൾ കൂടിയാകുമ്പോൾ സ്ഥിതി കൂടുതൽ ഗുരുതരമാകും. കുടിവെള്ള/ജലസേചന പദ്ധതികളുടെ സാമൂഹ്യ പ്രാധാന്യം കണക്കിലെടുക്കുമ്പോൾ പരിപാലന ചെലവിൽ നിന്നും ഗ്രാമപഞ്ചായത്തുകൾക്ക് ഒഴിഞ്ഞുമാറാനാകില്ല. ഫലത്തിൽ പദ്ധതികൾ പ്രവർത്തനരഹിതമാക്കാനോ മറ്റ് ഫണ്ടുകളുടെ വകമാറ്റത്തിനോ ഇടയാക്കും.

വൈദ്യുതി സൗജന്യം, പരിപാലന ഗ്രാന്റ് എന്നിവ നൽകുന്നത് പരിഗണിക്കാവുന്നതാണ്. സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കാൻ കോഴിക്കോട് ജില്ലയിലെ 8 ഗ്രാമപഞ്ചായത്തുകളുടെ പരിപാലന ചെലവ് താഴെ വിവരിക്കുന്നു:

<u>ഗുണഭോക്തൃ സമിതികൾ പൂർത്തീകരിച്ച കുടിവെള്ള-ജലസേചന പദ്ധതികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തനത്ഫണ്ടിൽ നിന്നും ചെലവഴിച്ച വൈദ്യുതി ചാർജിന്റെ വിവരം</u>

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വൈദ്യുത ചാർജ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | കാരശ്ശേരി | 2001-02 | 3-2 | 39,584 |
| 2 | മുക്കം | 2002-03 | 3-4 | 38,527 |
| 3 | ചാത്തമംഗലം | 2002-03 | 3-5 | 88,355 |
| 4 | പെരുമണ്ണ | 2002-03 | 3-12 | 15,539 |
| 5 | ഉള്ള്യേരി | 2001-02 | 3-1 | 59,960 |
| 6 | ഉണ്ണികുളം | 2001-02 | 3-1 | 74,131 |
| 7 | ചെറുവണ്ണൂർ-നല്ലളം | 2002-03 | 3-19 | 58,789 |
| 8 | മുക്കം | 2003-04 | 3-11 | 1,95,899 |
| | | | ആകെ | 5,70,784 |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക 2.70.8.)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

22. കുടിവെള്ള പദ്ധതികളുടെ പരിപാലന ചെലവ് ഗുണഭോക്തൃ സമിതികൾ വഹിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തുകൾക്ക് ബാധ്യതയാകുന്നു എന്ന കാരശ്ശേരി, മുക്കം, ചാത്തമംഗലം, പെരുമണ്ണ, ഉള്ള്യേരി, ഉണ്ണികുളം, ചെറുവണ്ണൂർ-നല്ലളം എന്നീ 7 ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞു. കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്, അറ്റകുറ്റപ്പണി ചെലവ്, ഓപ്പറേറ്റർ വേതനം തുടങ്ങിയ ചെലവുകൾ ഗുണഭോക്തൃ സമിതികൾ വഹിക്കണമെന്ന് 2002-ൽ സർക്കാർ ഉത്തരവിറക്കിയിട്ടുള്ളതായി സമിതിക്ക് വ്യക്തമായി. ഗുണഭോക്തൃ സമിതികൾ പരിപാലന ചെലവ് വഹിക്കാത്ത സാഹചര്യത്തിലാണ് പഞ്ചായത്തുകൾ തനതുഫണ്ടിൽ നിന്നും അടയ്ക്കുന്നത് എന്ന് സമിതി അഭിപ്രായപ്പെട്ടു. ഇതിൽ നിയമപരമായ തെറ്റ് സംഭവിച്ചിട്ടില്ല എന്ന് ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു. ആയതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

23. **കുടിവെള്ള പദ്ധതികളുടെ പരിപാലന ചെലവ് ഗുണഭോക്തൃ സമിതികൾ വഹിക്കണമെന്ന് 2002 മുതൽ സർക്കാർ ഉത്തരവുണ്ടെങ്കിലും ടി സമിതികൾ പരിപാലന ചെലവ് വഹിക്കാത്ത സാഹചര്യത്തിലാണ് പഞ്ചായത്തുകൾ തനതുഫണ്ടിൽ നിന്നും വഹിച്ചതെന്ന് സമിതിക്ക് ബോധ്യപ്പെടുകയും ഇതിൽ നിയമപരമായ തെറ്റ് സംഭവിച്ചിട്ടില്ല എന്ന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. എന്നാൽ ഭാവിയിൽ ഇത്തരം സാഹചര്യം ഒഴിവാക്കണമെന്നും എല്ലാ പഞ്ചായത്തുകളിലും കുടിവെള്ള പദ്ധതികളുടെ മേൽനോട്ടത്തിനും നടത്തിപ്പിനും മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്യുന്ന പരിപാലന കമ്മിറ്റികൾ രൂപീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പെൻഷൻ/വേതനം അപാകതകൾ വ്യാപകം**

സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ, തൊഴിലില്ലായ്മ വേതനം എന്നിവയുടെ വിതരണത്തിൽ അപാകതകൾ.

അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായാണ് ഇവ ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിച്ചത്. ഉദ്യോഗസ്ഥ സംവിധാനത്തിൽ നിന്നും പെൻഷൻ വിതരണം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് വേണ്ടിയായിരുന്നു ഇത്. എന്നാൽ ഉദ്ദേശിച്ച നേട്ടം ഉണ്ടായില്ലെന്ന് കോഴിക്കോട് ജില്ലയിലെ 17 ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള ഓഡിറ്റ് വിശകലനങ്ങൾ തെളിയിക്കുന്നു. ഇവ താഴെ പത്രികയിൽ വിശദീകരിക്കുന്നു:

പെൻഷൻ/വേതന വിതരണത്തിലെ പൊതുവായ അപാകതകൾ ഇവയാണ്:

1. വേതനം/പെൻഷൻ അനുവദിക്കുമ്പോൾ ബന്ധപ്പെട്ട ചട്ടങ്ങൾ പാലിക്കുന്നില്ല.

2. നിശ്ചിത വയസ്സ് പൂർത്തിയാക്കാത്തവർക്കും പരിധിയിൽ കവിഞ്ഞ വരുമാനം ഉള്ളവർക്കും പെൻഷൻ/വേതനം അനുവദിക്കുന്നു.

3. പെൻഷൻ/വേതനം അപേക്ഷകളിൽ അന്വേഷണം നടത്തുന്നില്ല. സമയപരിധിക്കകം തീരുമാനം എടുക്കുന്നില്ല.

4. ആവശ്യമായ രജിസ്റ്ററുകൾ എഴുതി തയ്യാറാക്കുന്നില്ല. ഇതിനാൽ പെൻഷൻ ചെലവുകൾ കൃത്യമായി കണക്കാക്കാനാവില്ല.

5. മണി ഓർഡർ മടക്കരശീതി കൃത്യമായി നമ്പറിട്ട് സൂക്ഷിക്കുന്നില്ല.

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് റിപ്പോർട്ട് വർഷം/ ഖണ്ഡിക | അപാകതകളുടെ സ്വഭാവം | തടസ്സപ്പെടുത്തിയ/ നിരാകരിച്ച തുക |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | കുത്താളി | 2002-03 | തൊഴിലില്ലായ്മ വേതനം<br>അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം 4/2001-ൽ ലഭിച്ച അപേക്ഷ തീർപ്പാക്കിയത് 2/03-ലാണ് | |
| 2 | പയ്യോളി | 2001-02(3-10) | തൊഴിലില്ലായ്മ വേതനം<br>അക്വിറ്റൻസിൽ തീയതിവെച്ച് ഒപ്പിട്ടിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് 3 വർഷം തികയാത്തവർക്ക് വേതനം നൽകി | |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 3 | കുത്താളി | 2001-02(3-3) | <u>തൊഴിലില്ലായ്മ വേതനം</u><br>അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം. ഒരു വർഷംവരെ താമസം കാണുകയുണ്ടായി. | |
| 4 | മാവൂർ | 2001-02(3-1) | <u>കർഷകതൊഴിലാളി പെൻഷൻ</u><br>ബന്ധപ്പെട്ട ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല. | |
| 5 | തിക്കോടി | 2000-01(3-1) | <u>വിധവാ പെൻഷൻ</u><br>അർഹതാ കാലാവധി കഴിഞ്ഞവർക്ക് പെൻഷൻ നൽകി. | |
| 6 | കാരശ്ശേരി | 2001-02(3-7) | <u>കർഷകതൊഴിലാളി പെൻഷൻ</u><br>കാലതാമസം 2001-02-ൽ ലഭിച്ച 100-ഓളം അപേക്ഷകൾ ഒരു വർഷത്തിനുശേഷമാണ് തീർപ്പാക്കിയത്. | |
| 7 | പെരുവയൽ | 2002-03(3-8) | <u>തൊഴിലില്ലായ്മ വേതനം</u><br>ഫോറം 4-ൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അക്വിറ്റൻസിൽ തീയതിവെച്ച് ഒപ്പിട്ടിട്ടില്ല. ഓരോ ദിവസവും തുക വിതരണം ചെയ്തതിന്റെ വിവരം പെറ്റിക്യാഷ് ബുക്കിൽ എഴുതിയിട്ടില്ല. | |
| 8 | പെരുവയൽ | 2002-03(3-9) | <u>കർഷകതൊഴിലാളി പെൻഷൻ</u><br>ഫോറം 3-ൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 9 | കൊടിയത്തൂർ | 2001-02(3-11) | കർഷകതൊഴിലാളി പെൻഷൻ<br>45 ദിവസത്തിനുള്ളിൽ തീരുമാനമെടുത്തിട്ടില്ല. | |
| | | 2001-02(3-12) | വികലാംഗപെൻഷൻ<br>വരുമാനപരിധിക്ക് പുറത്തുള്ളവർക്ക് നൽകി. | |
| | | 2001-02(3-13) | തൊഴിലില്ലായ്മ വേതനം<br>വരുമാനം പരിശോധിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. | |
| 10 | ബേപ്പൂർ | 2001-02(3-8) | വിധവാ പെൻഷൻ<br>അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം അംഗീകരിച്ചതായി രേഖപ്പെടുത്തിയ അപേക്ഷകളിൽ പെൻഷൻ നൽകിയതായി കാണുന്നില്ല. | |
| | | 2001-02(3-9) | തൊഴിൽരഹിത വേതനം<br>ലഭിച്ച അപേക്ഷകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ ഇല്ല. അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നു. | |
| 11 | തിരുവമ്പാടി | 2001-02(3-1) | തൊഴിൽരഹിത വേതനം<br>സമയപരിധിക്കകം അപേക്ഷകൾ തീർപ്പാക്കിയിട്ടില്ല. അക്വിറ്റൻസിൽ തീയതിവെച്ച് ഒപ്പിട്ടിട്ടില്ല | |
| 12 | ഏറാമല | 2000-01(3-8) | കർഷകതൊഴിലാളി പെൻഷൻ<br>വയസ്സ് തെളിയിക്കുന്ന രേഖയില്ല. അപേക്ഷകളിൽ അന്വേഷണം നടത്തിയിട്ടില്ല. മണി ഓർഡർ കൈപ്പറ്റ് രശീതിയില്ല. | |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 13 | എലത്തൂർ | 2000-01(3-7) | തൊഴിൽരഹിത വേതനം<br>അപേക്ഷകൾക്ക് കൈപ്പറ്റ് നൽകുന്നില്ല. അപേക്ഷകളിൽ സെക്രട്ടറി തീയതിവെച്ച് ഒപ്പിടുന്നില്ല. ലഭിച്ച അപേക്ഷകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല | |
| | | 2000-01(3-8) | കർഷകതൊഴിലാളി പെൻഷൻ<br>അപേക്ഷകൾ തീർപ്പാക്കുന്നതിൽ സമയപരിധി പാലിച്ചിട്ടില്ല. അപേക്ഷകരെ പഞ്ചായത്തിൽ വച്ച് ഇന്റർവ്യൂ ചെയ്ത് അപേക്ഷ തീർപ്പാക്കി | |
| 14 | അരിക്കുളം | 2000-01(3-5) | കർഷകതൊഴിലാളി പെൻഷൻ<br>അപേക്ഷകൾ തീർപ്പാക്കുന്നതിൽ 45 ദിവസം സമയപരിധി പാലിച്ചിട്ടില്ല. 8/98-ൽ ലഭിച്ച അപേക്ഷ 4/01-ലാണ് തീർപ്പാക്കിയത് | |
| 15 | നരിപ്പറ്റ | 2000-01(3-3) | തൊഴിലില്ലായ്മ വേതനം<br>വിതരണം ചെയ്തതിന്റെ വിശദാംശം ഇല്ല. പെൻഷൻ വിതരണത്തിൽ അപാകതകൾ | 1,30,000 |
| 16 | നാദാപുരം | 2003-04(3-11) | കർഷക തൊഴിലാളി പെൻഷൻ<br>നിരസിച്ച അപേക്ഷകളുടെ വിവരം കാണിക്കുന്ന രജിസ്റ്ററില്ല. അനുവദിച്ച അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ടില്ല. സമയപരിധി പാലിച്ചിട്ടില്ല | |
| | | 2003-04(3-12) | തൊഴിലില്ലായ്മ വേതനം<br>സമയപരിധി പാലിച്ചിട്ടില്ല. സെക്രട്ടറി അപേക്ഷകളിൽ തീയതിവെച്ച് ഒപ്പിട്ടിട്ടില്ല. ഫോറം 4-ൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മണി ഓർഡർ രശീതി സൂക്ഷിച്ചിട്ടില്ല. | |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 17 | ചെറുവണ്ണൂർ നല്ലളം | 2002-03(3-16) | <u>വിധവാ പെൻഷൻ</u> സമയപരിധി പാലിച്ചിട്ടില്ല. സെക്രട്ടറി അപേക്ഷകളിൽ തീയതിവെച്ച് ഒപ്പിട്ടിട്ടില്ല. ഫോറം 4-ൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മണി ഓർഡർ രശീതി സൂക്ഷിച്ചിട്ടില്ല | 9,570 |
| | | 3-17 | <u>വികലാംഗപെൻഷൻ</u> സമയപരിധി പാലിച്ചിട്ടില്ല. സെക്രട്ടറി അപേക്ഷകളിൽ തീയതിവെച്ച് ഒപ്പിട്ടിട്ടില്ല. ഫോറം 4-ൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മണി ഓർഡർ രശീതി സൂക്ഷിച്ചിട്ടില്ല | 11,559 |
| | | 3-18 | <u>കർഷകതൊഴിലാളി പെൻഷൻ</u> സമയപരിധി പാലിച്ചിട്ടില്ല. സെക്രട്ടറി അപേക്ഷകളിൽ തീയതിവെച്ച് ഒപ്പിട്ടിട്ടില്ല. ഫോറം 4-ൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മണി ഓർഡർ രശീതി സൂക്ഷിച്ചിട്ടില്ല | 25,645 |
| | | | ആകെ | 1,76,774 |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക 2.70.9.)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

24. കുത്താളി, പയ്യോളി, മാവൂർ, തിക്കോടി, കാരശ്ശേരി, പെരുവയൽ, കൊടിയത്തൂർ, ബേപ്പൂർ, തിരുവമ്പാടി, ഏറാമല, എലത്തൂർ, അരിക്കുളം, നരിപ്പറ്റ, നാദാപുരം, ചെറുവണ്ണൂർ-നല്ലളം എന്നീ 15 ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട പെൻഷൻ/വേതനം അപാകതകൾ വ്യാപകം എന്ന ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞു. പെൻഷൻ വിതരണ മേഖലയിൽ മുൻകാലങ്ങളിൽ പ്രശ്നങ്ങളുണ്ടായിരുന്നെങ്കിലും ഇപ്പോൾ പെൻഷനുകൾ സേവനാ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വിതരണം

ചെയ്യുന്നതിനാൽ അപാകതകളില്ല എന്ന് പഞ്ചായത്ത് ഡയറക്ടർ (ഇൻ-ചാർജ്) അറിയിച്ചു. 2013-മുതൽ സമ്പൂർണ്ണ പെൻഷൻ പദ്ധതി എന്ന സ്കീം നടപ്പിലാക്കിക്കൊണ്ട് സംസ്ഥാനത്തെ മുഴുവൻ പെൻഷൻ അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ടെന്നും അറിയിച്ചു. പെൻഷൻ അനുവദിക്കുന്നതിൽ മാനദണ്ഡങ്ങൾ ലംഘിക്കുന്നതാണ് പ്രധാന പ്രശ്നമെന്ന് ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ചൂണ്ടിക്കാണിച്ചു. മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വകുപ്പ് കാര്യക്ഷമമായി പ്രവൃത്തിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. പെൻഷനുകൾ ഇപ്പോൾ ക്രമാനുഗതമായാണ് വിതരണം ചെയ്തു വരുന്നതെന്നും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് പണം എത്തുന്ന വിധത്തിലാണ് ഇപ്പോൾ പെൻഷൻ വിതരണം നടക്കുന്നതെന്നും പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നത് കമ്മിറ്റി നിർദ്ദേശാനുസരണം കാര്യക്ഷമമാക്കുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അറിയിച്ചു. പ്രസ്തുത വിശദീകരണങ്ങളുടെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

25. **പഞ്ചായത്തുകളിൽ നിലവിൽ സേവനാ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ, തൊഴിലില്ലായ്മ വേതനം തുടങ്ങിയവ വിതരണം ചെയ്തു വരുന്നതിനാൽ അപാകതയുണ്ടാകുന്നില്ല എന്ന് പഞ്ചായത്ത് ഡയറക്ടറുടെ മറുപടിയിൽ നിന്ന് സമിതി മനസ്സിലാക്കുന്നു. 2013-മുതൽ സമ്പൂർണ്ണ പെൻഷൻ പദ്ധതി നടപ്പാക്കിയതിനെത്തുടർന്ന് സംസ്ഥാനത്തെ മുഴുവൻ പെൻഷൻ അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ടെന്നും പെൻഷനുകൾ ഇപ്പോൾ ക്രമാനുഗതമായാണ് വിതരണം ചെയ്തു വരുന്നതെന്നും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് പണം എത്തുന്ന വിധത്തിലാണ് ഇപ്പോൾ പെൻഷൻ വിതരണം നടക്കുന്നതെന്നുമുള്ള പഞ്ചായത്ത് ഡയറക്ടറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പെൻഷനുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ കാര്യക്ഷമമായി പ്രവർത്തിക്കണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സമൊഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**വെള്ളക്കരം—വസ്തുകൈമാറ്റതീരുവ ലക്ഷങ്ങൾ ജല അതോറിറ്റിക്ക്**

വസ്തു കൈമാറ്റതീരുവയിൽ ഗ്രാമപഞ്ചായത്തുകൾക്ക് അർഹമായ ലക്ഷങ്ങൾ ജല അതോറിറ്റിക്ക് കൈമാറുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിലെ പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിലാണിത്. കൈമാറിയ വിവരം ഗ്രാമപഞ്ചായത്തുകളെ അറിയിക്കാറുണ്ടെങ്കിലും തുക കൈപ്പറ്റിയതിന് ജല അതോറിറ്റി രസീത് നൽകാറില്ല. മാത്രമല്ല യാതൊരു കണക്കും ഇത് സംബന്ധിച്ചില്ല.

പഞ്ചായത്ത് പരിധിയിൽ ജല അതോറിറ്റിയുടെ എത്ര ടാപ്പുകൾ ഉണ്ട്, അവയിൽ ഉപയോഗക്ഷമമായവയുടെ എണ്ണം, വെള്ളക്കരം ഇനത്തിൽ അടയ്ക്കാനുള്ള തുക, തീരുവയിൽ നിന്നും വകയിരുത്തിയ തുക അടയ്ക്കാൻ ബാക്കി, അധികം വകയിരുത്തിയ തുക എന്നീ വിവരങ്ങൾ ലഭ്യമല്ല. ജല അതോറിറ്റിക്ക് തീരുവയിൽ നിന്നും അഡ്ജസ്റ്റ് ചെയ്യുന്ന തുക വെള്ളക്കരമിനത്തിൽ നൽകാനുള്ള തുകയിൽ അധികരിക്കാൻ പാടില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പന്റെ ജി.ഒ. (എംഎസ്.)188/94, 2-8-1994 വ്യക്തമാക്കുന്നുണ്ട്. ഉത്തരവ് നിലനിൽക്കുമ്പോഴും കുടിവെള്ള ഉപഭോഗം കണക്കാക്കാതെ ലക്ഷങ്ങൾ ജല അതോറിറ്റിക്ക് നൽകുന്നത് നിയമവിരുദ്ധമാണ്.

ജല അതോറിറ്റിയുടെ ടാപ്പുകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് അർഹമായ തീരുവപോലും സർക്കാർ വകമാറ്റുന്നുണ്ട്.

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ തീരുവവിഹിതം കോടികൾ ജല അതോറിറ്റി നിയമവിരുദ്ധമായി കൈപ്പറ്റുന്നുണ്ട്. പ്രശ്നത്തിന്റെ ഗൗരവം വ്യക്തമാക്കാൻ കോഴിക്കോട് ജില്ലയിലെ 9 ഗ്രാമപഞ്ചായത്തുകളുടെ ലഭ്യമായ വിവരങ്ങൾ താഴെ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി വിഹിതത്തിൽ നിന്നും കേരള ജല അതോറിറ്റിക്ക് വെള്ളക്കരം ഇനത്തിൽ വകയിരുത്തിയ തുകയുടെ വിവരം

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | തുക | ഓഡിറ്റ് റിപ്പോർട്ട് വർഷം/ഖണ്ഡിക | അപാകതകളുടെ സ്വഭാവം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | നൊച്ചാട് | 3,35,000 | 2002-03(3-6) | കെ.ഡബ്ല്യു.എ. അധീനതയിലുള്ള കുടിവെള്ള ടാപ്പുകളുടെ വിവരം പഞ്ചായത്തിൽ ഇല്ലാത്തതിനാൽ തുക അടച്ചതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല |
| 2 | മാവൂർ | 3,90,000 | 2001-02(2-4) | കെ.ഡബ്ല്യു.എ.-യുടെ ഡിമാന്റ് നോട്ടീസിൽ അഡ്ജസ്റ്റ് ചെയ്ത തുക വരവുവെച്ചിട്ടില്ല |
| 3 | മുക്കം | 5,05,000 | 2002-03(3-8) | പ്രവർത്തനക്ഷമമായ ടാപ്പുകളുടെ വിവരമില്ല. അഡ്ജസ്റ്റ് ചെയ്ത തുക എത്ര കാലഘട്ടത്തിലേക്കുള്ള താണെന്നറിയില്ല |
| 4 | ഫറോക്ക് | 1,98,120 | 2000-01(3-7) | -ടി- |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 5 | വാണിമേൽ | 4,46,620 | 2000-01(3-7) | പ്രവർത്തനക്ഷമമായ ടാപ്പുകളുടെ വിവരമില്ല. അഡ്ജസ്റ്റ് ചെയ്ത തുക എത്ര കാലഘട്ടത്തിലേക്കുള്ള താണെന്നറിയില്ല |
| 6 | മടവൂർ | 1,95,000 | 2003-04(3-7) | -ടി- |
| 7 . | ഫറോക്ക് | 4,48,500 | 2001-02(2-11) | -ടി- |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക 2.70.10.)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

26. നൊച്ചാട്, മാവൂർ, മുക്കം, ഫറോക്ക്, വാണിമേൽ, മടവൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന പ്രസ്തുത ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞു. പഞ്ചായത്ത് പരിധിയിലുള്ള പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം, വെള്ളക്കരമിനത്തിൽ ജല അതോറിറ്റിക്ക് നൽകാനുള്ള തുകയുടെ കണക്ക്, തീരുവയിൽനിന്നും അധികം വകയിരുത്തിയ തുക തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ലെന്നാണ് ഓഡിറ്റ് പരാമർശിച്ചിട്ടുള്ളതെന്നും ഇപ്പോൾ സംസ്ഥാനത്തുടനീളം എല്ലാ ഗ്രാമപഞ്ചായത്തുകളിലും സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം കൃത്യമായി കണക്കാക്കുന്ന സംവിധാനം നിലവിലുണ്ട് എന്നും പഞ്ചായത്ത് ഡയറക്ടർ (ഇൻ-ചാർജ്) അറിയിച്ചു. കൃത്യമായി ടാപ്പുകളുടെ എണ്ണം കണക്കാക്കിയാണ് നിലവിൽ കരം അടയ്ക്കുന്നതെന്നും ഒരു ടാപ്പിന് പ്രതിവർഷം 3,500 രൂപയാണ് അടയ്ക്കുന്നതെന്നും ഡയറക്ടർ (ഇൻ-ചാർജ്) അറിയിച്ചു.

27. ഓഡിറ്റ് തടസ്സമായി ഉന്നയിക്കുന്ന വസ്തുകൈമാറ്റതീരുവ 2000 മുതൽ നിലവിലില്ലാത്തതിനാൽ ഓഡിറ്റ് പരാമർശത്തിന് പ്രസക്തിയില്ലെന്ന് ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

28. **സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കുടിവെള്ള പൈപ്പുകളുടെ എണ്ണം കൃത്യമായി കണക്കാക്കുന്ന സംവിധാനം നിലവിലുണ്ടെന്നും പൈപ്പുകളുടെ എണ്ണത്തിനനുസൃതമായാണ് വെള്ളക്കരമടയ്ക്കുന്നതെന്നും ഒരു ടാപ്പിന് പ്രതിവർഷം 3,500 രൂപയാണ് അടയ്ക്കുന്നതെന്നുമുള്ള പഞ്ചായത്ത് ഡയറക്ടറുടെ വെളിപ്പെടുത്തലിന്റെയും ഓഡിറ്റ് തടസ്സമായുന്നയിക്കുന്ന വസ്തുകൈമാറ്റത്തീരുവ 2000 മുതൽ നിലവിലില്ലെന്ന ധനകാര്യ വകുപ്പിന്റെ റിപ്പോർട്ടിന്റെയുമടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ആഭ്യന്തര നിയന്ത്രണം പാളുന്നു—കണക്കുകളിൽ അപാകതകൾ ഏറുന്നു**

പഞ്ചായത്തുകളിൽ ആഭ്യന്തര നിയന്ത്രണ സംവിധാനം പാളുന്നതിനാൽ വരവ്/ചെലവ് കണക്കുകളിൽ അപാകതകൾ വ്യാപകമാകുന്നു.

പഞ്ചായത്തുകളുടെ ധനവരുമാനം, വിനിയോഗം എന്നിവ വിശദീകരിക്കുന്ന അത്യാവശ്യ രജിസ്റ്ററുകളും രേഖകളും പാലിക്കുന്നതിൽ കുറ്റകരമായ വീഴ്ച ദൃശ്യമാണ്. രേഖകളും രജിസ്റ്ററുകളും കുത്തഴിഞ്ഞ നിലയിലായതിനാൽ ഓഡിറ്റിന് സമർപ്പിക്കുന്ന കണക്കുകളിൽ യാതൊരു കൃത്യതയുമില്ല. നിയമ ബാധ്യത നിറവേറ്റുന്നതിന് കണക്കുകൾ എങ്ങനെയെങ്കിലും തട്ടിക്കൂട്ടി സമർപ്പിക്കുന്നതായി സംശയിക്കേണ്ടിയിരിക്കുന്നു. കണക്കുകളും അനുബന്ധ രജിസ്റ്ററുകളും തമ്മിലുള്ള വ്യതിയാനം ഭീകരമാണ്.

കോഴിക്കോട് ജില്ലയിലെ 22 പഞ്ചായത്തുകളിലെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകതകൾ താഴെ വിവരിക്കുന്നു:

| ക്രമ നമ്പർ | സ്ഥാപനം | അപാകതകയുടെ സ്വഭാവം | ഓഡിറ്റ് റിപ്പോർട്ട് വർഷം/ഖണ്ഡിക |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് | രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. വാർഷിക വരവ്-ചെലവ് കണക്കുകളിൽ തനത് ഫണ്ട് മാത്രം ഉൾപ്പെടുത്തി | 2000-01/ഭാഗം 1 |
| 2 | ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല | 2000-01/ഭാഗം 1 |
| 3 | തുറയൂർ ഗ്രാമപഞ്ചായത്ത് | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല | 2001-02(2-4) |
| 4 | തിക്കോടി ഗ്രാമപഞ്ചായത്ത് | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല | 2001-02/ഭാഗം 1 |
| 5 | തുറയൂർ ഗ്രാമപഞ്ചായത്ത് | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. വാർഷിക കണക്കുകളിൽ അപാകതകൾ | 2001-02/ഭാഗം 1 |
| 6 | കുത്താളി ഗ്രാമപഞ്ചായത്ത് | വരവ് രജിസ്റ്റർ, പെറ്റിക്യാഷ് ബുക്ക് പൂർണ്ണമല്ല | 2001-02(2-1, സി.ഡി.) |
| 7 | മരുതോങ്കര ഗ്രാമപഞ്ചായത്ത് | ജനറൽ പി.ഡി., പ്ലാൻ പി.ഡി., വരവ് രജിസ്റ്റർ, ക്യാഷ് ബുക്ക് പൂർണ്ണമായി എഴുതി സൂക്ഷിച്ചിട്ടില്ല | 2000-01(2-1, ഭാഗം 1) |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | പെരുവയൽ ഗ്രാമപഞ്ചായത്ത് | വരവ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, പിരിവ്, ജീവനക്കാരുടെ കളക്ഷൻ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല | 2002-03 ഭാഗം 1 |
| | | കെട്ടിട ലൈസൻസ് പുതുക്കിയിട്ടില്ല. | 2002-03 ഖ. 2-5 |
| 9 | താമരശ്ശേരി ഗ്രാമപഞ്ചായത്ത് | തൊഴിൽ നികുതി കടിശ്ശിക ഡിമാന്റ് രജിസ്റ്റർ | 2001-02 ഖ. 2-1 |
| | | ഡി. & ഓ.പി.എഫ്.എ. ലൈസൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 2001-02 ഖ. 2-3 |
| | | ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ മുദ്രപ്പത്രത്തിൽ കരാർ ഉടമ്പടികൾ ചമച്ചിട്ടില്ല | 2001-02 ഖ. 2-5 |
| 10 | തിക്കോടി ഗ്രാമപഞ്ചായത്ത് | ക്യാഷ് ബുക്ക്, ചെലവ് രജിസ്റ്റർ, ചെക്ക് ഇഷ്യൂ രജിസ്റ്റർ, ട്രഷറി പാസ് ബുക്ക് എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല | 2002-03 ഖ. 2-1 |
| 11 | രാമനാട്ടുകര ഗ്രാമപഞ്ചായത്ത് | രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല. വാർഷിക കണക്കുകൾ കൃത്യമായി ഓഡിറ്റിന് അയയ്ക്കുന്നില്ല. മുറികൾ വാടകയ്ക്ക് നൽകുമ്പോൾ കരാർ ഉടമ്പടി ചമയ്ക്കുന്നില്ല | 2001-02 ഭാഗം 1 |
| 12 | ഏറാമല ഗ്രാമപഞ്ചായത്ത് | പി.ഡി. III ക്യാഷ് ബുക്ക്, റോഡ് രജിസ്റ്റർ, ഗ്രാന്റ് അപ്രോപ്രിയേഷൻ രജിസ്റ്റർ, കുളം-കിണർ രജിസ്റ്റർ, സ്ഥാവരജംഗമ വസ്തുക്കളുടെ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല | 2000-01 ഭാഗം 1 |
| | | മുദ്രപ്പത്രത്തിൽ കരാർ ചമയ്ക്കാതെ മുറികൾ വാടകയ്ക്ക് നൽകി | 2000-01 ഖ. 2-2 |
| 13 | നാദാപുരം ഗ്രാമപഞ്ചായത്ത് | കൃഷി ഓഫീസർ ക്യാഷ് ബുക്ക്, ഗുണഭോക്തൃ വിഹിത രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. വരവ്-ചെലവ് രജിസ്റ്റർ, വാർഷിക സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല | 2002-03 ഭാഗം 1 (ജി) |
| 14 | ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത് | ഗ്രാന്റ് അപ്രോപ്രിയേഷൻ രജിസ്റ്റർ, അക്വിറ്റൻസ് രജിസ്റ്റർ, സ്ഥാവരജംഗമ സ്വത്തുക്കളുടെ രജിസ്റ്റർ, ജല അതോറിറ്റി പഞ്ചായത്തിനെ ഏൽപ്പിച്ച പദ്ധതികളുടെ വിവരം ചേർക്കുന്ന രജിസ്റ്റർ, തൊഴിൽ നികുതിയുടെ ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ക്യാഷ് ബുക്ക് എല്ലാ ദിവസവും ക്ലോസ് ചെയ്യുന്നില്ല | 2002-03 ഭാഗം 1 |

| 1 | 2 | 3 | 4 |
|---|---|---|---|
| 15 | ഫറോക്ക് ഗ്രാമപഞ്ചായത്ത് | ക്യാഷ് ബുക്ക്, സബ്സിഡിയറി ക്യാഷ് ബുക്ക്, ചെക്ക് ഇഷ്യു രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല | 2001-02 ഖ. 2-1 (എ.ബി.സി.) |
| 16 | ഉണ്ണികുളം ഗ്രാമപഞ്ചായത്ത് | വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തുന്നില്ല. ക്യാഷ് ബുക്ക് എഴുതാതെ ചെലവുകൾ ചെയ്യുന്നു. ദൈനംദിന കളക്ഷൻ അടുത്തദിവസം അടയ്ക്കാതെ ജൂനിയർ സൂപ്രണ്ട് കൈവശം വെയ്ക്കുന്നു | 2001-02 ഭാഗം 1 |
| 17 | നാദാപുരം ഗ്രാമപഞ്ചായത്ത് | നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വരവ് രജിസ്റ്റർ, ചെലവ് രജിസ്റ്റർ, ഗവൺമെന്റിലേക്ക് അടയ്ക്കാനുള്ള തുകയുടെ രജിസ്റ്റർ, ജില്ല/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നുള്ള തുകയുടെ വിനിയോഗം സംബന്ധിച്ച രജിസ്റ്റർ, റോഡ് രജിസ്റ്റർ, കുളം-കിണർ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല | 2003-04 ഭാഗം 1 |
| 18 | വാണിമേൽ ഗ്രാമപഞ്ചായത്ത് | ക്യാഷ് ബുക്ക്, വരവ് രജിസ്റ്റർ പൂർണ്ണമല്ല. ലേല രജിസ്റ്റർ, പ്രദർശന നികുതി രജിസ്റ്റർ, ഗ്രാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ കണക്ക് സൂക്ഷിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 2000-01 ഭാഗം 1 (ഖ. 2-2) |
| 19 | പുറമേരി | ഡെപ്പോസിറ്റ് രജിസ്റ്റർ, കെട്ടിട നികുതി അസസ്മെന്റ് രജിസ്റ്റർ, ഗ്രാന്റ് അപ്രോപ്രിയേഷൻ രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിക്കുന്നില്ല. ഗ്രാമസഭകളുടെ സംഘാടനം തൃപ്തികരമല്ല | 2002-03 ഭാഗം 1 |
| 20 | നരിപ്പറ്റ | ക്യാഷ് ബുക്ക്, വരവ് രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ല | 2000-01 ഖ. 2-1 |
| | | ക്യാഷ് ബുക്ക് ദൈനംദിനം ക്ലോസ് ചെയ്യുന്നില്ല. മാസാന്ത്യ റീകൺസിലേഷൻ നടത്തിയിട്ടില്ല. ചെക്ക് ഇഷ്യു രജിസ്റ്റർ പൂർണ്ണമല്ല. പഞ്ചായത്ത് ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചിട്ടില്ല | 2000-01 ഖ. 2-3 |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക 2.70.11.)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

29. മേപ്പയൂർ, ചെറുവണ്ണൂർ, തുറയൂർ, തിക്കോടി, കൂത്താളി, മരുതോങ്കര, പെരുവയൽ, താമരശ്ശേരി, രാമനാട്ടുകര, ഏറാമല, നാദാപുരം, ചെറുവണ്ണൂർ-നല്ലളം, ഫറോക്ക്, ഉണ്ണികുളം, വാണിമേൽ, പുറമേരി, നരിപ്പറ്റ എന്നീ 17 ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെട്ട പ്രസ്തുത ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞു.

30. പരാമർശിക്കപ്പെട്ട എല്ലാ ഗ്രാമപഞ്ചായത്തുകളിലും പിന്നീട് വരവ്-ചെലവ് കണക്കുകൾ സംബന്ധിച്ച രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടുണ്ടെന്നും നിലവിൽ സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനാൽ കണക്കുകളും രജിസ്റ്ററുകളും കൃത്യമാണെന്നും കൂടാതെ എല്ലാ പഞ്ചായത്തുകളും 2013 വരെയുള്ള വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ സമർപ്പിച്ചു കഴിഞ്ഞിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ (ഇൻ-ചാർജ്) അറിയിച്ചു. അതിന്റെയടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**31. നിലവിൽ സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനാൽ, ഓഡിറ്റ് പരാമർശിച്ച 17 ഗ്രാമപഞ്ചായത്തുകളിലും കണക്കുകളും രജിസ്റ്ററുകളും കൃത്യമാണെന്നും കൂടാതെ മേൽസൂചിപ്പിച്ച 17 ഗ്രാമപഞ്ചായത്തുകളും 2013 വരെയുള്ള വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ സമർപ്പിച്ചിട്ടുണ്ടെന്നുമുള്ള പഞ്ചായത്ത് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഗ്രാമസഭ—നിയമലംഘനം തുടരുന്നു**

പൊതുജനങ്ങൾക്ക് നേർപങ്കാളിത്തമുള്ള ഗ്രാമസഭകൾ മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 3-ൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ യോഗം വിളിച്ചുചേർക്കേണ്ട ഗ്രാമപഞ്ചായത്തുകൾ നിയമം കണ്ടില്ലെന്ന് നടിക്കുന്നു.

2000-01, 2001-02 കാലത്ത് ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളിലും ഗ്രാമസഭ വിളിച്ചുചേർത്തതായി കാണുന്നില്ല. യോഗം നടന്ന അപൂർവ്വം ഗ്രാമപഞ്ചായത്തുകളിൽ മിനിട്സ് തയ്യാറാക്കിയതായും കാണുന്നില്ല.

ഗ്രാമസഭകൾ സമയബന്ധിതമായി വിളിച്ചുചേർക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെയും വാർഡ് അംഗത്തിന്റെയും നിയമബാധ്യതയാണ്. മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭ വിളിച്ചുചേർക്കുന്നതിൽ തുടർച്ചയായി രണ്ട് തവണ വീഴ്ചവരുത്തിയാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 35(പി) പ്രകാരം വാർഡ് അംഗം അയോഗ്യനാകും. അയോഗ്യതാ നടപടി പ്രയോഗിച്ചതിന് തെളിവില്ല. കൃത്യമായി യോഗം ചേരാത്തതിനാൽ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(എ) ഗ്രാമസഭകൾക്ക് നൽകുന്ന അധികാരങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നുമില്ല.

അധികാരവികേന്ദ്രീകരണത്തിന്റെ അടിസ്ഥാനഘടകമായ ഗ്രാമ/വാർഡ് സഭകൾ വ്യക്തിഗത ആനുകൂല്യങ്ങൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന സമിതികൾ മാത്രമായി മാറുന്ന അവസ്ഥയാണിന്ന്. ഇത് ആശാസ്യമല്ല. അധികാരവികേന്ദ്രീകരണാദർശങ്ങൾ അടിസ്ഥാനമാക്കി ഗ്രാമസഭകൾ ശാക്തീകരിക്കേണ്ടതാണ്.

ഈ വിഷയത്തിൽ കോഴിക്കോട് ജില്ലയിലെ 5 ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള ഓഡിറ്റ് വിശകലനങ്ങൾ താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അപാകതയുടെ സ്വഭാവം | ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക |
|---|---|---|---|
| 1 | മാവൂർ ഗ്രാമപഞ്ചായത്ത് | ഗ്രാമസഭ വർഷത്തിൽ 4 തവണ വിളിച്ച് ചേർക്കേണ്ടതിന് പകരം 3 തവണ മാത്രമേ വിളിച്ചുചേർത്തിട്ടുള്ളൂ | 2001-02 (3-6) |
| 2 | അരിക്കുളം ഗ്രാമപഞ്ചായത്ത് | 3 മാസ സമയപരിധി പാലിച്ചിട്ടില്ല. പ്രസ്തുത വർഷം 2 തവണ മാത്രമേ ഗ്രാമസഭ വിളിച്ചുചേർത്തിട്ടുള്ളൂ | 2001-02 (3-6) |
| 3 | പുറമേരി ഗ്രാമപഞ്ചായത്ത് | സമയപരിധി പാലിച്ചിട്ടില്ല. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ച ചെയ്യുന്നില്ല | 2002-03 (1-5) |
| 4 | ഉണ്ണികുളം ഗ്രാമപഞ്ചായത്ത് | സമയപരിധി പാലിച്ചിട്ടില്ല. മിനിട്സിൽ തീരുമാനങ്ങൾ രേഖപ്പെടുത്താതെ പേജുകൾ ഒഴിച്ചിടുന്നു. ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്യുന്നില്ല. 10/2001-നുശേഷം 11 മാസം കഴിഞ്ഞ് 09/02-ലാണ് സഭ വിളിച്ചുചേർത്തത് | 2000-02 ഭാഗം 1 |
| 5 | ഫറോക്ക് ഗ്രാമപഞ്ചായത്ത് | സമയപരിധി പാലിച്ചിട്ടില്ല. സാമൂഹ്യ ഓഡിറ്റ് നടത്തിയിട്ടില്ല. പെൻഷൻ പദ്ധതികളിലെ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ചിട്ടില്ല. 1/2001-നുശേഷം 08/02-ലാണ് ഗ്രാമസഭ വിളിച്ചുചേർത്തത് | 2001-02 ഖ. 2-3 |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക 2.70.12.)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

32. മാവൂർ, അരിക്കുളം, പുറമേരി, ഉണ്ണികുളം, ഫറോക്ക് എന്നീ ഗ്രാമപഞ്ചായത്തുകൾ ഗ്രാമസഭ വിളിച്ചുചേർക്കുന്നതിന് സമയപരിധി പാലിച്ചിട്ടില്ല എന്നത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് എല്ലാ പഞ്ചായത്തുകളിലും ഗ്രാമസേവാ കേന്ദ്രങ്ങളും വാർഡുതല വികസന സമിതികളും രൂപീകരിച്ചിട്ടുണ്ടെന്നും കൂടാതെ ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ (ഇൻ-ചാർജ്) അറിയിച്ചു.

33. ജനങ്ങൾ, ജനപ്രതിനിധികൾ, സന്നദ്ധസംഘടനകൾ തുടങ്ങിയവരെ പഞ്ചായത്തിന്റെ വിവിധ പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും പങ്കെടുപ്പിക്കുന്നതിനുള്ള 'കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം' എന്ന പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ടെന്നും പഞ്ചായത്തിന്റെ പൊതുവായ വികസന കാര്യങ്ങളിൽ ജനങ്ങളും പങ്കാളികളാകണമെന്നതാണ് പദ്ധതിയുടെ ലക്ഷ്യമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അറിയിച്ചു.

34. ഗ്രാമസഭകൾ കൃത്യമായി ചേരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

35. **പഞ്ചായത്തിന്റെ പൊതുവായ വികസനകാര്യങ്ങളിൽ ജനങ്ങളുടെ ശക്തമായ പങ്കാളിത്തമുണ്ടാകണമെന്നും അതിനായി ഗ്രാമസഭകൾ കൃത്യമായും സമയബന്ധിതമായും ചേരേണ്ടതാണെന്നും ഗ്രാമസഭ കൃത്യമായി ചേരുന്നില്ലെങ്കിൽ പഞ്ചായത്ത് രാജ് നിയമപ്രകാരം ഗ്രാമസഭകൾക്ക് നൽകുന്ന അധികാരം ഫലപ്രദമായി വിനിയോഗിക്കാൻ കഴിയില്ലെന്നും സമിതി വിലയിരുത്തുന്നു. ഓഡിറ്റ് പരാമർശിച്ച 5 ഗ്രാമപഞ്ചായത്തുകളിലും നിലവിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ചുകൊണ്ട് ഗ്രാമസഭകൾ ചേരാറുണ്ടെന്നും ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയിൽ ചർച്ച ചെയ്യാറുണ്ടെന്നുമുള്ള സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയത് കൃത്യമായി പാലിക്കണമെന്ന കർശന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തനത് വരവ് 22.1 ലക്ഷം കാലഹരണപ്പെട്ടു—3.4 കോടി കുടിശ്ശിക**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തനത് ഫണ്ട് വരവുകൾ കൃത്യമായി പിരിച്ചെടുക്കുന്നില്ല. പഞ്ചായത്ത് രാജ്/നഗരപാലിക നിയമങ്ങൾ അനുശാസിക്കുന്ന സമയപരിധി പാലിക്കാത്തതിനാൽ തനത് വരവിൽ കാലഹരണപ്പെടുന്ന തുകയും കുടിശ്ശികയും ഏറിവരുന്നതായി ഓഡിറ്റ് വിശകലനങ്ങൾ.

കോഴിക്കോട് ജില്ലയിലെ 12 ഗ്രാമപഞ്ചായത്തുകളുടെ തനത് വരവ് 2,21,20,922 രൂപ കാലഹരണപ്പെട്ടതായും 31 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 3,38,90,246.85 രൂപ കുടിശ്ശികയുള്ളതായും കാണുന്നു (വിശദാംശങ്ങൾ താഴെ പത്രികയിൽ). സമാനസ്ഥിതി മറ്റ് ജില്ലകളിലും ദൃശ്യമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാന സ്രോതസ്സുകളിൽ ഏറ്റവും പ്രധാനപ്പെട്ടത് അവയുടെ തനത് വരുമാനമാണ്. തനത് വരുമാനത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന നികുതികൾ, ഫീസുകൾ എന്നിവ യഥാസമയം പിരിച്ചെടുക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കർത്തവ്യമാണ്. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിക്കാത്തതിനാൽ വലിയ തുകകൾ കാലഹരണപ്പെട്ടതായി കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 243 (1) പ്രകാരം മൂന്ന് വർഷത്തിൽ കൂടുതൽകാലം പിരിച്ചെടുക്കാതെ കുടിശ്ശികയായി അവശേഷിക്കുന്ന തുകകൾ കാലഹരണപ്പെട്ടതായി കണക്കാക്കുന്നു. കെട്ടിട നികുതി, തൊഴിൽ നികുതി, കെട്ടിടവാടക എന്നീയിനങ്ങളിൽ പിരിച്ചെടുക്കേണ്ട തുക യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ചവന്നതിനാൽ പല ഗ്രാമപഞ്ചായത്തുകളിലും അവ കാലഹരണപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പഞ്ചായത്ത് രാജ് നിയമം 243(3) പ്രകാരം യഥാസമയം നടപടിയെടുക്കുന്നതിലുണ്ടായ വീഴ്ചയിൽ പഞ്ചായത്തിനുകിട്ടേണ്ട നികുതിയോ മറ്റു സംഖ്യയോ കാലഹരണപ്പെട്ടാൽ ആയത് യഥാസമയം പിരിച്ചെടുക്കാൻ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥനിൽ നിന്നോ ഉദ്യോഗസ്ഥന്മാരിൽ നിന്നോ 12% പലിശസഹിതം ഈടാക്കാൻ നിർദ്ദേശിക്കുന്നു.

ഈ സാഹചര്യത്തിൽ പഞ്ചായത്ത് രാജ് നിയമത്തിന് വിധേയമായി, കാലഹരണപ്പെട്ട തുക ഉത്തരവാദപ്പെട്ടവരുടെ ബാധ്യതയായി നിജപ്പെടുത്തി നഷ്ടം ഈടാക്കാനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1997-98 മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി വലിയ തുകകൾ ലഭിക്കാൻ തുടങ്ങിയതോടെ തനത് വരുമാനമാർഗ്ഗങ്ങളായ നികുതികൾ, ലൈസൻസ് ഫീസുകൾ, ലേല തുകകൾ തുടങ്ങിയവ പിരിച്ചെടുക്കുന്നതിൽ അലംഭാവം കാണിക്കുന്നു. ഇതുമൂലം പഞ്ചായത്തുകളിൽ നികുതി കുടിശ്ശിക വൻതോതിൽ വർദ്ധിക്കുകയാണ്.

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരവ്—കാലഹരണപ്പെട്ട തുകയുടെ വിവരം</u>

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക | നികുതി ചുമത്തിയ വർഷം | കെട്ടിട നികുതി/ തൊഴിൽ നികുതി |
|---|---|---|---|---|
| 1 | നൊച്ചാട് | 2002-03 (2-1) | 1999-2000 | 2064 |
| 2 | മാവൂർ | 2001-02 (2-1) | 1995-96 to 1998-99 | 112536 |
| 3 | പെരുവയൽ | 2001-02 (20) | 1995-96 to 1998-99 | 383996* |
| 4 | കൊടിയത്തൂർ | 2001-02 (2-2, 2-4) | 1995-96 to 1998-99 | 90466 |
| 5 | ചാത്തമംഗലം | 2002-03 (2-3) | 1996-97 to 1999-2000 | 155320† |
| | ,, | 2002-03 (2-1) | 1992-93 to 1999-2000 | 100515 |
| 6 | ഫറോക്ക് | 2000-01 (2-3) | 1996-97 to 1997-98 | 105339 |
| | ,, | 2000-01 (2-4) | 1993-94 to 1997-98 | 357105 |
| 7 | എലത്തൂർ | 2000-01 (2-1) | 1996-97 to 1997-98 | 81091 |
| 8 | തിക്കോടി | 2002-03 (2-3) | 1997-98 to 1999-2000 | 20217 |
| | ,, | 2002-03 (2-4) | 1999-2000 | 4020 |
| 9 | ഉണ്ണികുളം | 2001-02 (2-1) | 1997-98 to 1999-2000 | 175722 |
| | ,, | 2001-02(2-2) | | 125150 |
| 10 | അരിക്കുളം | 2002-03 (2-2)(എ) | 1999-2000 | 8700 |
| | ,, | 2002-03 (2-2)(ബി) | 1999-2000 | 15167 |
| 11 | വില്യാപ്പള്ളി | 1999-2000 (2-1) | 1999-2000 | 12240‡ |
| | | | ആകെ | 1749648 |

*1995-96—1997-98 വർഷങ്ങളിലെ മണൽ ലേല കുടിശ്ശിക—2,65,831
മത്സ്യമാർക്കറ്റ് ലേലം—6,000

†ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക

‡വാടക കുടിശ്ശിക വരുത്തിയ വ്യക്തിതന്നെ മുറികൾ കൈവശം വച്ചുവരുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക 2.70.13.)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

36. നൊച്ചാട്, മാവൂർ, പെരുവയൽ, കൊടിയത്തൂർ, ചാത്തമംഗലം, ഫറോക്ക്, എലത്തൂർ, തിക്കോടി, ഉണ്ണികുളം, അരിക്കുളം, വില്യാപ്പള്ളി എന്നീ 11 ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു. പരാമർശിക്കപ്പെട്ട 11 ഗ്രാമപഞ്ചായത്തുകളും കുടിശ്ശികയിനത്തിലുള്ള മുഴുവൻ നികുതിയും പിരിച്ചെടുത്തതായും വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന് വാടക കുടിശ്ശികയിനത്തിലുണ്ടായ നഷ്ടം, ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ ഡി.സി.ആർ.ജി.-യിൽ നിന്നും തിരിച്ചുപിടിക്കാൻ ഉത്തരവായതായും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

37. **നൊച്ചാട്, മാവൂർ, പെരുവയൽ, കൊടിയത്തൂർ, ചാത്തമംഗലം, ഫറോക്ക്, എലത്തൂർ, തിക്കോടി, ഉണ്ണികുളം, അരിക്കുളം എന്നീ 10 ഗ്രാമപഞ്ചായത്തുകൾ കുടിശ്ശികയിനത്തിലുള്ള മുഴുവൻ തുകയും പിരിച്ചെടുത്തതായുള്ള സർക്കാർ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പ്രസ്തുത പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

38. **വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന് വാടകകുടിശ്ശികയിനത്തിലുണ്ടായ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ഡി.സി.ആർ.ജി.യിൽ നിന്നും തിരിച്ചുപിടിക്കാൻ ഉത്തരവായതായുള്ള പഞ്ചായത്ത് ഡയറക്ടറുടെ വെളിപ്പെടുത്തലിന്റെയടിസ്ഥാനത്തിൽ, പ്രസ്തുത തുക തിരിച്ചീടാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നമുറയ്ക്ക് ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നികുതി പിരിക്കുന്നതിലെ അലംഭാവം—കുടിശ്ശിക വർദ്ധിക്കുന്നു**

1997-98 വർഷം മുതൽ ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതി വിഹിതമായി വലിയ തുകകൾ ലഭിക്കാൻ തുടങ്ങിയതോടെ തനത് വരുമാനമാർഗ്ഗങ്ങളായ നികുതികൾ,

ലൈസൻസ് ഫീസുകൾ, ലേല തുകകൾ തുടങ്ങിയവ പിരിച്ചെടുക്കുന്നതിൽ അലംഭാവം കാണിക്കുന്നു. ഇതുമൂലം പഞ്ചായത്തുകളിൽ നികുതി കുടിശ്ശിക വൻതോതിൽ വർദ്ധിക്കുകയാണ്. കോഴിക്കോട് ജില്ലയിലെ 29 ഗ്രാമപഞ്ചായത്തുകളിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | ഓഡിറ്റ് റിപ്പോർട്ട് വർഷം DCB | കെട്ടിട നികുതി | തൊഴിൽ നികുതി | കെട്ടിട വാടക | ലേലം |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | നൊച്ചാട് | 2002-03 (2) | 1,32,498 | 16,890 | | |
| 2 | കുത്താളി | 2002-03 (2) | 1,78,580 | | | |
| 3 | തുറയൂർ | 2001-02 (2) | 2,36,112 | 67,040 | | |
| 4 | പയ്യോളി | 2000-01 | 9,12,396 | 2,65,907 | | |
| 5 | തൂണേരി | 2001-02 | 1,08,518 | 25,950 | | |
| 6 | കൂരാച്ചുണ്ട് | 2000-01 | 1,38,003 | 69,102 | | |
| 7 | മാവൂർ | 2001-02 | 1,76,490 | 1,80,534 | 15,189 | 11,85,941 |
| 8 | ചക്കിട്ടപ്പാറ | 2001-02 | 2,97,390 | 24,678 | | |
| 9 | മരുതോങ്കര | 2000-01 | 3,86,501 | 1,17,122 | | 40,825 |
| 10 | പെരുവയൽ | 2002-03 | 1,18,989 | 1,03,052 | | 2,65,831 |
| 11 | താമരശ്ശേരി | 2001-02 | 7,75,953 | 1,07,747 | 2,80,143 | |
| 12 | കാരശ്ശേരി | 2001-02 (2) | 2,24,876 | 10,150 | | |
| 13 | മുക്കം | 2002-03 (2) | 6,17,515 | 1,13,426 | 1,23,527 | |
| 14 | ബേപ്പൂർ | 2001-02 (2-1) | 15,780 | | | |
| | ,, | 2001-02 (2-3) | 10,000 | | | |
| 15 | ബേപ്പൂർ | 2001-02 | 32,19,192 | 89,134 | 17,031 | |
| 16 | പുറമേരി | 2001-02 | 3,61,977 | 45,733 | | |
| 17 | കൊടിയത്തൂർ | 2001-02 | 3,74,257 | 52,025 | | 16,497 |
| 18 | ചാത്തമംഗലം | 2002-03 | 3,12,601 | | 1,55,320 | |
| 19 | തിക്കോടി | 2002-03 | 2,40,250 | | | |

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 20 | രാമനാട്ടുകര | 2001-02 | 2,59,801 | 2,69,560 | 4,34,697 | |
| 21 | ഏറാമല | 2000-01 | 6,90,604 | 60,435 | | |
| 22 | കാവിലുംപാറ | 2001-02 | 2,77,462 | 1,70,987 | 26,508 | |
| 23 | അരിക്കുളം | 2002-03 | 1,14,026 | 39,388 | 1,00,612 | |
| 24 | ഫറോക്ക് | 2001-02 | 9,65,423 | 11,17,386 | | |
| 25 | നാദാപുരം | 2002-03 | 5,50,504 | 2,09,034 | 95,888 | |
| 26 | ചെറുവണ്ണൂർ-നല്ലളം | 2002-03 | 7,84,647 | 4,96,606 | 1,20,122 | |
| 27 | ഉണ്ണികുളം | 2001-02 | 7,41,628 | | 1,31,090 | |
| 28 | കക്കോടി | 2001-02 | 4,59,778 | 1,91,183 | 59,278 | |
| 29 | നരിക്കുനി | 2001-02 | 3,19,523 | 1,23,084 | 76,076 | |
| | | ആകെ | 1,40,01,274 | 39,66,153 | 16,35,481 | 15,09,094 |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക 2.70.14.)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

39. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് വിധേയമായ ബേപ്പൂർ, ചെറുവണ്ണൂർ-നല്ലളം എന്നീ പഞ്ചായത്തുകൾ ഇപ്പോൾ കോഴിക്കോട് കോർപ്പറേഷന്റെ പരിധിയിലാണെന്നും ശേഷിക്കുന്ന 26 ഗ്രാമപഞ്ചായത്തുകളും (നൊച്ചാട്, കൂത്താളി, തുറയൂർ, പയ്യോളി, തുണേരി, കുരാച്ചുണ്ട്, മാവൂർ, ചക്കിട്ടപ്പാറ, മരുതോങ്കര, പെരുവയൽ, താമരശ്ശേരി, കാരശ്ശേരി, മുക്കം, പുറമേരി, കൊടിയത്തൂർ, ചാത്തമംഗലം, തിക്കോടി, രാമനാട്ടുകര, ഏറാമല, കാവിലുംപാറ, അരിക്കുളം, ഫറോക്ക്, നാദാപുരം, ഉണ്ണികുളം, കക്കോടി, നരിക്കുനി) കുടിശ്ശികയിനത്തിലുള്ള മുഴുവൻ തുകയും പിരിച്ചെടുത്തിട്ടുണ്ടെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**40. ചെറുവണ്ണൂർ-നല്ലളം, ബേപ്പൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ ഇപ്പോൾ കോഴിക്കോട് കോർപ്പറേഷന്റെ പരിധിയിലാണെന്നും ശേഷിക്കുന്ന 26 ഗ്രാമ പഞ്ചായത്തുകളും കുടിശ്ശികയിനത്തിലുള്ള മുഴുവൻ തുകയും പിരിച്ചെടുത്തിട്ടുണ്ടെന്നുമുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## നാദാപുരം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**തൊഴിൽ നികുതി 1.8 ലക്ഷം എഴുതിത്തള്ളി**

**ഓഡിറ്റ് റിപ്പോർട്ട് വർഷം 2003-04; ഖണ്ഡിക നമ്പർ 2(2)സി(എ.)**

സർക്കാർ അനുമതിയില്ലാതെ ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി കുടിശ്ശിക എഴുതിത്തള്ളി.

1986-87 മുതൽ 1998-99 വരെ കുടിശ്ശികയായതും കാലഹരണപ്പെട്ടതുമായ തൊഴിൽ നികുതി 1,83,809 രൂപയാണ് എഴുതിത്തള്ളാൻ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചത്.

നിയമപ്രകാരം തുക ഗ്രാമപഞ്ചായത്തിന് എഴുതിത്തള്ളാവുന്ന തുകയുടെ പരിധിക്ക് പുറത്തായതിനാൽ കേരള പഞ്ചായത്ത് രാജ് (വസൂലാക്കാൻ കഴിയാത്ത തുകകൾ എഴുതിത്തള്ളൽ ചട്ടങ്ങൾ) 1998 റൂൾ 3(1)(2)(3)(4) പ്രകാരമുള്ള നിയമ നടപടികൾ പൂർത്തീകരിച്ച് സർക്കാർ അനുമതി വാങ്ങിയിരിക്കണം. നിയമപ്രകാരമുള്ള അനുമതി വാങ്ങിയതിന് തെളിവില്ല.

അതിനാൽ ഗ്രാമപഞ്ചായത്ത് തീരുമാനത്തിന് സർക്കാർ സാധൂകരണം വാങ്ങുകയോ കേരള പഞ്ചായത്ത് രാജ് നിയമം 242(3) വകുപ്പ് വ്യവസ്ഥ ചെയ്യുന്ന നടപടികൾ സ്വീകരിക്കുകയോ വേണം.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക 2.71.1.)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

41. 2-2-2006-ലെ 293/06 തസ്വഭവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 1986-87 മുതൽ 1998-99 വരെയുള്ള കാലയളവിലെ, തൊഴിൽ നികുതിയിനത്തിൽ പിരിച്ചെടുക്കാൻ കഴിയാത്ത 1,83,809 രൂപ എഴുതിത്തള്ളുന്നതിന് അനുമതി ലഭിച്ചിരുന്നതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. അതിന്റെയടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

42. **നാദാപുരം ഗ്രാമപഞ്ചായത്തിൽ 1986-87 മുതൽ 1998-99 സാമ്പത്തികവർഷം വരെ ഡിമാന്റ് ചെയ്തു, തൊഴിൽ നികുതിയിനത്തിൽ വിവിധ വർഷങ്ങളിലായി പിരിച്ചെടുക്കാൻ കഴിയാതിരുന്ന 1,83,809 രൂപ ഗ്രാമപഞ്ചായത്തിന്റെ കണക്കിൽനിന്ന് എഴുതിത്തള്ളുന്നതിന് 2-2-2006-ലെ ഉത്തരവ് പ്രകാരം അനുമതി ലഭിച്ചതായുള്ള സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## ബേപ്പൂർ ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**കരാറുകാരന് അധികം തുക നൽകി**
**ഓഡിറ്റ് റിപ്പോർട്ട് വർഷം 2001-02; ഖണ്ഡിക നമ്പർ 3-10**

ഗ്രാമപഞ്ചായത്ത് കരാറുകാരന് വാങ്ങിനൽകിയ സാധനവില കുറയ്ക്കാതെ ശുദ്ധജല വിതരണ പദ്ധതിയുടെ ബിൽ തീർപ്പാക്കി. ഇതിനാൽ ഗ്രാമപഞ്ചായത്തിന് 35,783 രൂപ നഷ്ടമായി.

ബി-ഫണ്ട് ഉപയോഗിച്ച് 2001-02-ൽ പൂർത്തീകരിച്ച ബേപ്പൂർ മത്സ്യഗ്രാമം വാർഡ് 1, 2-ശുദ്ധജല വിതരണ പദ്ധതിയുടെ ബില്ലാണ് സാധനവില കുറയ്ക്കാതെ തീർപ്പാക്കിയത്. 8,90,305 രൂപ ചെലവഴിച്ച പദ്ധതിയുടെ മൂല്യനിർണ്ണയ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക 2.72.1.)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

43. ഗ്രാമപഞ്ചായത്ത് കരാറുകാരന് വാങ്ങിനൽകിയ സാധനവില കുറയ്ക്കാതെ ശുദ്ധജല വിതരണ പദ്ധതിയുടെ ബിൽ തീർപ്പാക്കിയതുമൂലമുണ്ടായ നഷ്ടത്തെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞു. പ്രസ്തുത പ്രവൃത്തിയുടെ വൗച്ചറുകളും എം.ബുക്കുകളും

പിന്നീട് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളതായും പ്രസ്തുത രേഖകൾ പരിശോധിച്ചതിൽ റെയ്ഡ്കോയിൽ നിന്നും വാങ്ങിയത് പമ്പ് സെറ്റാണെന്ന് കണ്ടതായും കൂടാതെ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനോ വാങ്ങുന്നതിനോ തുകയൊന്നും കരാറുകാരന് നൽകിയിട്ടില്ലെന്ന് വ്യക്തമായതായും സർക്കാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി സമിതിക്ക് വ്യക്തമായി. പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**44. ബേപ്പൂർ മത്സ്യഗ്രാമം ശുദ്ധജല വിതരണ പദ്ധതിക്കായി കരാറുകാരൻ പമ്പ് സെറ്റ് വാങ്ങുകയോ കരാറുകാരന് പമ്പ് സെറ്റിന്റെ വില പഞ്ചായത്തിൽനിന്ന് നൽകുകയോ ചെയ്തിട്ടില്ലെന്നും പ്രസ്തുത പ്രവൃത്തിയുടെ എം.ബുക്കുകളും വൗച്ചറുകളും ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെന്നും സർക്കാർ റിപ്പോർട്ടിൽനിന്നും സമിതി മനസ്സിലാക്കുന്നു. ഇക്കാര്യത്തിൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്ന വസ്തുതയും സർക്കാർ മറുപടിയും പരിഗണിച്ച് പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## കുന്നമ്മേൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**അംഗൻവാടി കെട്ടിടം അനധികൃത നിർമ്മാണമായി**
**ഓഡിറ്റ് റിപ്പോർട്ട് വർഷം 2001-02; ഖണ്ഡിക നമ്പർ 34**

സൗജന്യമായി കിട്ടിയ സ്ഥലത്ത് പണിയാൻ ഉദ്ദേശിച്ച അംഗൻവാടി കെട്ടിടം പണിതത് ജലസേചന വകുപ്പിന്റെ കനാൽ പുറമ്പോക്കിൽ.

ഗ്രാമപഞ്ചായത്തിന്റെ 2001-02 പദ്ധതിയാണ് ആസൂത്രണ മോണിറ്ററിംഗിന്റെ അഭാവത്തിൽ അനധികൃത നിർമ്മാണമായത്. ഗ്രാമപഞ്ചായത്തിന് ഒരു വ്യക്തി സൗജന്യമായി നൽകിയ രണ്ട് സെന്റിലാണ് കെട്ടിടം പണിയാൻ ഉദ്ദേശിച്ചത്. കരാർ ചമച്ച് ഗുണഭോക്തൃ സമിതി കൺവീനർക്ക് 30,000 രൂപ മുൻകൂർ നൽകുകയും ചെയ്തു. പണി പൂർത്തിയായശേഷമാണ് സൗജന്യസ്ഥലത്തിന് പകരം ജലസേചന വകുപ്പിന്റെ അധീനതയിലുള്ള കനാൽ പുറമ്പോക്കിലാണ് കെട്ടിടം എന്ന് അറിയുന്നത്. തുടർന്ന് അനധികൃത നിർമ്മാണം പൊളിച്ചുമാറ്റി പഞ്ചായത്ത് ഫണ്ട് തിരിച്ചടയ്ക്കാൻ സെക്രട്ടറി കൺവീനർക്ക് നോട്ടീസ് നൽകി. എന്നാൽ തുടർ നടപടികൾ സ്വീകരിച്ചില്ല. മാത്രമല്ല 2003-04-ൽ ഭാഗിക ബില്ലായി കൺവീനർക്ക് 24,000 രൂപ കൂടി ക്രമവിരുദ്ധമായി നൽകി.

കനാൽ വികസനത്തിന്റെ ഭാഗമായി ഭാവിയിൽ അംഗൻവാടി കെട്ടിടം പൊളിച്ചുമാറ്റാൻ ഇടയുള്ളതിനാൽ ചെലവഴിച്ച പദ്ധതിപ്പണം പാഴാകും.

ആസൂത്രണ മോണിറ്ററിംഗിന്റെ അഭാവത്തിൽ പൊതുധനത്തിനുണ്ടായ നഷ്ടം അന്വേഷിച്ച് ക്രമീകരിക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക 2.73.1.)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

45. പരാമർശവിധേയമായ അംഗൻവാടി കെട്ടിട നിർമ്മാണപ്രവൃത്തിയുടെ ഗുണഭോക്തൃ സമിതി കൺവീനർ അഡ്വാൻസ്, ഭാഗിക ബിൽ എന്നീ ഇനങ്ങളിലായി കൈപ്പറ്റിയ 54,000 രൂപ തിരിച്ചടച്ചതായുള്ള സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**46. പരാമർശവിധേയമായ അംഗൻവാടി കെട്ടിട നിർമ്മാണപ്രവൃത്തിയുടെ ഗുണഭോക്തൃ സമിതി കൺവീനർ, അഡ്വാൻസ്, ഭാഗിക ബിൽ എന്നീ ഇനങ്ങളിലായി കൈപ്പറ്റിയ 54,000 രൂപ തിരിച്ചടച്ചതായുള്ള സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## മുക്കം ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**വരൾച്ച—ദുരിതാശ്വാസം 1.2 ലക്ഷം ദുർവ്യയം**

**ഓഡിറ്റ് റിപ്പോർട്ട് വർഷം 2003-04; ഖണ്ഡിക നമ്പർ 3-3**

പഞ്ചായത്ത് രാജ് നിയമ വ്യവസ്ഥകളും മരാമത്ത് ചട്ടങ്ങളും സർക്കാർ നിർദ്ദേശങ്ങളും മറികടന്ന് വരൾച്ചാ ദുരിതാശ്വാസത്തിന്റെ പേരിൽ പദ്ധതി തുക 1,20,470 രൂപ ദുർവ്യയം ചെയ്തു.

2003-04 സാമ്പത്തിക വർഷത്തിന്റെ അന്ത്യത്തിലാണ് വരൾച്ചാ നിവാരണത്തിന് കിണറുകളും കുളങ്ങളും നന്നാക്കുന്നതിന് പണം ചെലവഴിച്ചത്. പ്രധാന ക്രമക്കേടുകൾ താഴെ:

(1) കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ 1997 ചട്ടം 6 പ്രകാരം വിശദമായ എസ്റ്റിമേറ്റില്ലാതെ മരാമത്ത് പണി പാടില്ല. അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവുകൾ ആധാരമാക്കി മരാമത്ത് പണികൾക്ക് പണം നൽകാമെന്ന് മേൽചട്ടങ്ങളിലെ ചട്ടം 15 വ്യക്തമാക്കുന്നു. ഇവ പാലിച്ചതിന് തെളിവില്ല.

(2) തദ്ദേശസ്വയംഭരണ വകുപ്പ് 46770/ഡി.പി1/99, 15-5-2000 സർക്കുലർ നിർദ്ദേശങ്ങൾ ഗുണഭോക്തൃ സമിതി രൂപീകരണത്തിൽ പാലിച്ചില്ല. ഗുണഭോക്തൃ സമിതി രൂപീകരണ യോഗത്തിനുമുമ്പേ കൺവീനർമാരെ തെരഞ്ഞെടുത്തു.

(3) അപൂർണ്ണവും പരസ്പരവിരുദ്ധവുമായ മസ്റ്റർ റോളുകൾ വ്യാജമെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

(4) പദ്ധതിപ്പണം ചെലവഴിച്ച് നന്നാക്കിയ കിണറുകൾ പഞ്ചായത്തിന്റേതാണെന്നതിന് തെളിവില്ല.

(5) കൺവീനർമാരെ വഴിവിട്ട് സഹായിക്കുവാൻ വാർഡ് അംഗങ്ങൾ സ്വയം മോണിറ്ററിംഗ് നടത്തി. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവഴിച്ച 1,20,470 രൂപ ദുർവ്യയമാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക 2.74.1.)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

47. പഞ്ചായത്ത് രാജ് നിയമവ്യവസ്ഥകളും മരാമത്ത് ചട്ടങ്ങളും സർക്കാർ നിർദ്ദേശങ്ങളും മറികടന്ന് വരൾച്ചാ ദുരിതാശ്വാസത്തിന്റെ പേരിൽ 1,20,470 രൂപ ദുർവ്യയം ചെയ്തു എന്ന ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞു. കടുത്ത വരൾച്ചയുടെ ഭാഗമായി അനുഭവപ്പെട്ട കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ധൃതിപ്പെട്ട് നടപ്പാക്കിയതുകൊണ്ട് വന്നുപോയ വീഴ്ചയാണെന്ന് മുക്കം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. 24-3-2004-ൽ ആണ് പ്രവൃത്തിക്ക് ഭരണാനുമതി കിട്ടിയതെങ്കിലും വരൾച്ചാ ദുരിതാശ്വാസത്തിന് ഫണ്ട് കിട്ടുന്നതുകൊണ്ട് അതിനുമുമ്പുതന്നെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിരുന്നുവെന്നും സെക്രട്ടറി വെളിപ്പെടുത്തി.

48. ചെലവഴിച്ച തുക തിരിച്ചുപിടിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ഭരണസമിതി അംഗങ്ങൾക്കും നോട്ടീസ് അയച്ചിരുന്നുവെന്നും രണ്ട് മെമ്പർമാർ 5,678 രൂപയും 1,334 രൂപയും വീതം ഗ്രാമപഞ്ചായത്തിൽ അടച്ചിട്ടുണ്ടെന്നും ആയത് പരിശോധിച്ച് ബോധ്യപ്പെട്ടതായും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ബോധിപ്പിച്ചു.

49. പ്രസ്തുത പ്രവൃത്തിയിൽ പഞ്ചായത്തിലെ എല്ലാ കിണറുകൾക്കും കുളങ്ങൾക്കും ഒരേ താഴ്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നും പൊതുവായ ഒരു എസ്റ്റിമേറ്റുണ്ടാക്കിയാണ് പ്രവൃത്തി നടത്തിയിരിക്കുന്നതെന്നും പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ അറിയിച്ചു. പ്രവൃത്തിയുമായി ബന്ധപ്പെട്ട എല്ലാ വൗച്ചറുകളും കൊണ്ടുവന്നിട്ടുണ്ടെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. വൗച്ചർ ഉള്ളതുകൊണ്ട് മാത്രം പ്രവൃത്തി നടന്നതായി അനുമാനിക്കാൻ കഴിയില്ലെന്ന് ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

50. വരൾച്ചാ ദുരിതാശ്വാസത്തിന്റെ പേരിൽ പണം ദുർവ്യയം ചെയ്തതിന് ബന്ധപ്പെട്ട പഞ്ചായത്ത് അംഗങ്ങൾ, സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ പേരിൽ ബാധ്യതപ്പെടുത്തിയ 1,20,470 രൂപയിൽ ശേഷിക്കുന്ന 1,13,458 രൂപ ഈടാക്കി റിപ്പോർട്ട് നൽകുന്നതിന് സമിതി നിർദ്ദേശിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധികവിവരം താഴെ ചേർക്കുന്നു:

51. "വരൾച്ചാ ദുരിതാശ്വാസ പദ്ധതി പ്രകാരം ദുർവ്യയം നടത്തി എന്ന് കണ്ടെത്തിയ 1,20,470 രൂപയിൽ ശേഷിക്കുന്ന 1,13,458 രൂപ ഈടാക്കുന്നതിനായി ഉത്തരവാദികളായ അന്നത്തെ വാർഡ് മെമ്പർമാർ, സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് 20-11-2014-ന് റവന്യൂ റിക്കവറി നോട്ടീസ് അയച്ചുവെന്നും ആയതിൽ മെമ്പർമാരുടെ ബാധ്യതാതുക മുഴുവനും അടവാക്കിയിട്ടുണ്ടെന്നും തുക അടവാക്കാൻ ബാക്കിയുള്ള സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടറോട് അപേക്ഷിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു".

## നിഗമനങ്ങൾ/ശിപാർശകൾ

**52. അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയ അളവുകൾ പ്രകാരം പ്രവൃത്തികൾ നടത്തണമെന്നാണ് കേരള പഞ്ചായത്ത് രാജ് ചട്ടം അനുശാസിക്കുന്നതെങ്കിലും ഇവിടെ എല്ലാ കുളങ്ങൾക്കും കിണറുകൾക്കും ഒരേ താഴ്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും പൊതുവായ ഒരു എസ്റ്റിമേറ്റുണ്ടാക്കിയാണ് പ്രവൃത്തി നടത്തിയിരിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ഓരോ**

**പ്രവൃത്തിയുടേയും ശരിയായ അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്താത്തതും മസ്റ്റർ റോളുകൾ അപൂർണ്ണമാണെന്നതും വരൾച്ചാദുരിതാശ്വാസത്തിന്റെ മറവിൽ പൊതുപ്പണം ദുർവ്യയം ചെയ്യപ്പെട്ടതിന്റെ പ്രത്യക്ഷ തെളിവുകളാണെന്ന് സമിതി കണക്കാക്കുന്നു. ദുർവ്യയം ചെയ്യപ്പെട്ടതായി കണ്ടെത്തിയ 1,13,458 രൂപയിൽ പഞ്ചായത്തംഗങ്ങളുടെ ബാധ്യതാതുക മുഴുവൻ അടവാക്കിയിട്ടുണ്ടെന്നുള്ള ഓഡിറ്റിന്റെ പുനഃപരിശോധനാകുറിപ്പിന്റെയടിസ്ഥാനത്തിൽ ഉത്തരവാദികളായ പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കാനുള്ള തുക കൂടി റവന്യൂ റിക്കവറി പ്രകാരം അടിയന്തരമായി ഈടാക്കി റിപ്പോർട്ട് നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## കുന്ദമംഗലം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കമ്പ്യൂട്ടർ പരിശീലനം പാഴായി**

**ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-03; ഖണ്ഡിക നമ്പർ 2-1**

പരിശീലന സ്ഥാപനത്തെ വഴിവിട്ട് സഹായിച്ച് ഗ്രാമപഞ്ചായത്ത് കമ്പ്യൂട്ടർ പരിശീലന പദ്ധതി പാഴാക്കി.

100 വനിതകൾക്ക് പരിശീലനം നൽകാൻ 2001-02-ൽ തയ്യാറാക്കിയ പദ്ധതിയാണ് ലക്ഷങ്ങളുടെ പാഴ്ചെലവായത്. പദ്ധതിക്ക് 2002-03 വരെ 2,77,825 രൂപ ചെലവ് കാണുന്നു.

പദ്ധതിയിലെ പ്രധാന അപാകതകൾ

1. പരസ്യപ്പെടുത്തിയ ടെണ്ടറിൽ പരിശീലന കോഴ്സ് വ്യക്തമാക്കിയില്ല.
2. വ്യക്തമായ കാരണങ്ങളില്ലാതെ കുറഞ്ഞ ഫീസ് വാഗ്ദാനം ചെയ്ത ടെണ്ടറുകൾ നിരസിച്ചു.
3. അംഗീകരിച്ച ടെണ്ടറിൽ പരീക്ഷാഫീസ് ഒഴികെയാണ് ഫീസ് വ്യക്തമാക്കിയിരിക്കുന്നത്. മാത്രമല്ല ഒറ്റ കോഴ്സ് മാത്രമാണ് ക്വാട്ട് ചെയ്തത്. പരീക്ഷാഫീസ് എത്രയെന്നും പറഞ്ഞിട്ടില്ല. പഠിതാക്കൾക്ക് സർക്കാർ സർട്ടിഫിക്കറ്റ് നൽകുമെന്നും വ്യക്തമാക്കിയിരുന്നില്ല. ഈ ടെണ്ടർ അംഗീകരിച്ചത് വഴിവിട്ടായിരുന്നെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

4. പരിശീലന സ്ഥാപനം നൽകിയ സർക്കാർ സർട്ടിഫിക്കറ്റ് 1997-ലെ കേരള പഞ്ചായത്ത് രാജ് ചട്ടം 12(2) പ്രകാരം ആവശ്യപ്പെട്ടിട്ടും ഓഡിറ്റിന് ഹാജരാക്കിയില്ല. അതിനാൽ സർട്ടിഫിക്കറ്റ് ഇല്ലെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു.

5. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് പദ്ധതിരേഖ അംഗീകരിച്ച മാനദണ്ഡപ്രകാരമായിരുന്നില്ല.

6. പരിശീലനം ഗ്രാമപഞ്ചായത്ത് കൃത്യമായി മോണിറ്ററിംഗ് നടത്തിയില്ല. പഠിതാക്കളുടെ ഹാജർ അടിസ്ഥാനമാക്കിയല്ല ഓരോ മാസവും ഫീസ് നൽകിയത്. ഹാജർപട്ടികയുടെ ആധികാരികത ഗ്രാമപഞ്ചായത്ത് പരിശോധിച്ചില്ല.

7. പരിശീലന സ്ഥാപനം പരീക്ഷാഫീസായി ഗ്രാമപഞ്ചായത്തിൽ നിന്നും വാങ്ങിയ 45,000 രൂപ സി.ഡിറ്റിൽ അടച്ചതിന് തെളിവില്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക 2.75.1.)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

53. 100 വനിതകൾക്ക് പരിശീലനം നൽകാൻ തയ്യാറാക്കിയ പദ്ധതിയായിരുന്നുവെന്നും ഏത് പരിശീലന കോഴ്സാണെന്ന് വ്യക്തമാക്കാതെയാണ് ടെണ്ടറിന് പത്രപരസ്യം കൊടുത്തത് എന്നും സി.ഡിറ്റിന്റെ ഫ്രാഞ്ചൈസിയായ സ്ഥാപനത്തെയായിരുന്നു ടെണ്ടറിലൂടെ തെരഞ്ഞെടുത്തത് എന്നും പരിശീലന സ്ഥാപനം പരീക്ഷാഫീസായി ഗ്രാമപഞ്ചായത്തിൽ നിന്നും വാങ്ങിയ 45,000 രൂപ തിരിച്ചടച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കുകയും ഓഡിറ്റ് അത് പരിശോധിച്ച് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സമൊഴിവാക്കാൻ ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**54. ഓഡിറ്റ് പരാമർശത്തിൽ 7 അപാകതകളാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും രേഖകൾ യഥാസമയം പരിശോധനയ്ക്ക് ഹാജരാക്കാത്തതാണ് പല പരാമർശങ്ങൾക്കും ഇടയാക്കിയതെന്നും സമിതി നിരീക്ഷിക്കുന്നു. പ്രോജക്ടിൽ ഏതു കോഴ്സാണെന്ന് വ്യക്തമാക്കാത്തതുകൊണ്ടാണ് പത്രപരസ്യത്തിലും കോഴ്സ് വ്യക്തമാക്കാതിരുന്നത് എന്നും പഞ്ചായത്ത് കമ്മിറ്റിയുടെ 12-12-2001-ലെ യോഗതീരുമാനപ്രകാരമാണ് സി-ഡിറ്റിന്റെ ഫ്രാഞ്ചൈസിയായ സ്ഥാപനത്തെ**

തെരഞ്ഞെടുത്തതെന്നും സർക്കാർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും പദ്ധതിയുടെ അംഗീകരിച്ച പ്രോജക്ട്, ടെണ്ടർ അംഗീകരിച്ച പഞ്ചായത്ത് യോഗത്തിന്റെ മിനിട്സ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലെന്ന് ഓഡിറ്റിന്റെ കുറിപ്പിൽ നിന്നും വ്യക്തമാകുന്നു. പ്രസ്തുത രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കണമെന്നും ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെടുന്നപക്ഷം തടസ്സമൊഴിവാക്കാമെന്നും സമിതി ശിപാർശ ചെയ്യുന്നു.

55. പദ്ധതിക്ക് വകയിരുത്തിയ തുകയിൽ പരീക്ഷാഫീസ് ഉൾപ്പെട്ടിരുന്നില്ലെന്നും ഗുണഭോക്താക്കൾക്ക് പരിശീലനത്തിനായി തുക നൽകിയശേഷം അടങ്കലിൽ ബാക്കിയുള്ള തുക പരീക്ഷാഫീസിനത്തിൽ നൽകുകയായിരുന്നുവെന്നും ഓഡിറ്റിന്റെ കുറിപ്പിൽ വ്യക്തമാക്കിയിരിക്കുന്നു. പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും നടപടിക്രമങ്ങൾ കൃത്യമായി പാലിക്കണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വകുപ്പ് കർശന നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

56. പരിശീലനം പൂർത്തിയാക്കിയ ഒരു വിദ്യാർത്ഥിനിക്ക് നൽകിയ സർട്ടിഫിക്കറ്റിന്റെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കിയതായുള്ള ഓഡിറ്റിന്റെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പരാമർശത്തിലെ പ്രസ്തുതഭാഗമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

57. പഞ്ചായത്ത് പരസ്യമായി അപേക്ഷ ക്ഷണിക്കുകയും ആയത് ഗ്രാമസഭയിൽ അംഗീകരിച്ചുമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതെന്നും എന്നാൽ ചില വിദ്യാർത്ഥികൾ തുടർച്ചയായി ഹാജരാകാത്തതിനാൽ ആ ഒഴിവുകൾ മെമ്പർമാരുടെ ശിപാർശപ്രകാരം നികത്തുകയാണുണ്ടായതെന്നുമുള്ള പഞ്ചായത്തിന്റെ മറുപടി പരിശോധനയിൽ ബോധ്യപ്പെട്ടതായുള്ള ഓഡിറ്റിന്റെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പരാമർശത്തിലെ പ്രസ്തുത ഭാഗമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

58. പഞ്ചായത്ത് തുടർച്ചയായി പരിശീലനം മോണിറ്ററിംഗ് നടത്തിയിട്ടില്ലെന്നും സ്ഥാപനം നൽകിയ ഹാജർ പട്ടിക അനുസരിച്ച് ഓരോ മാസവും ഫീസ് നൽകുകയാണുണ്ടായതെന്നും ഹാജർ പട്ടികയുടെ ആധികാരികത പഞ്ചായത്ത് പരിശോധിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. എങ്കിലും പ്രസിഡന്റിന്റെ അനുവാദത്തോടെയാണ് ഫീസ് നൽകിയതെന്നും കോഴ്സ് പൂർത്തിയായശേഷം അധികാരപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നുമുള്ള സർക്കാർ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പരാമർശത്തിലെ പ്രസ്തുത ഭാഗമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**59. സ്ഥാപനം പരീക്ഷാഫീസായി പഞ്ചായത്തിൽ നിന്നും കൈപ്പറ്റിയ 45,000 രൂപ സി.ഡിറ്റിൽ അടച്ചതിന്റെ രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതായുള്ള ഓഡിറ്റിന്റെ കുറിപ്പിന്റെയടിസ്ഥാനത്തിൽ പരാമർശത്തിലെ പ്രസ്തുത ഭാഗം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പട്ടികജാതി പദ്ധതി പാളി**
**ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-03; ഖണ്ഡിക നമ്പർ 3-23**

പട്ടികജാതി കോളനി അഭിവൃദ്ധിപ്പെടുത്താൻ തയ്യാറാക്കിയ പദ്ധതി വ്യക്തികൾക്ക് ആനുകൂല്യം നൽകി ഗ്രാമപഞ്ചായത്ത് പരിമിതപ്പെടുത്തി.

32 പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന വെള്ളിവയൽ നാത്തുനിപ്പാടം കോളനി മണ്ണിട്ട് നികത്തി ജലനിർഗ്ഗമനം ശരിയാക്കി അഭിവൃദ്ധിപ്പെടുത്താൻ തയ്യാറാക്കിയ പദ്ധതിയാണ് നാല് പേർക്ക് ആനുകൂല്യം നൽകി അവസാനിപ്പിച്ചത്. 2002-03-ലെ പദ്ധതിയിൽ ഇവർക്ക് 1,29,549 രൂപ നൽകിയതായി കാണുന്നു.

പട്ടിക വിഭാഗക്കാരുടെ ആവാസ സ്ഥലം മെച്ചപ്പെടുത്തുന്നതിന് അംഗീകരിച്ച പദ്ധതി വ്യക്തിഗത ആനുകൂല്യ വിതരണമാക്കി നിഷ്പ്രയോജനമാക്കിയത് അന്വേഷിക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക 2.76.1)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

60. ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത്, കോഴിക്കോട് കോർപ്പറേഷനിൽ ലയിപ്പിച്ചതിനെത്തുടർന്ന് ഫയലുകൾ കൈമാറി നൽകിയിട്ടുള്ളതിനാൽ വ്യക്തമായ മറുപടി നൽകാൻ സാധിക്കുകയില്ല എന്ന് മുക്കം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. എന്നാൽ പട്ടികജാതി കോളനി അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി നടപ്പാക്കിയ പദ്ധതികൊണ്ട് മുഴുവൻ കോളനി നിവാസികൾക്കും പ്രയോജനം ലഭിച്ചിട്ടുണ്ട് എന്ന് സർക്കാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി സമിതിക്ക് വ്യക്തമായതിന്റെയടിസ്ഥാനത്തിൽ തടസ്സം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**61. കോളനിയിലെ വെള്ളക്കെട്ടുള്ള സ്ഥലം മണ്ണിട്ടുനികത്തുക എന്നതായിരുന്നു പദ്ധതികൊണ്ട് ഉദ്ദേശിച്ചത് എന്നും നടപ്പാക്കിയ പദ്ധതി കൊണ്ട് മുഴുവൻ കോളനി നിവാസികൾക്കും പ്രയോജനം ലഭിച്ചിട്ടുണ്ടെന്നുമുള്ള സർക്കാർ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**ഭവന പദ്ധതി പൂർത്തീകരണ രേഖയില്ല**

**ഓഡിറ്റ് റിപ്പോർട്ട് വർഷം 2001-02; ഖണ്ഡിക നമ്പർ 3-7**

മുൻകൂർ കൈപ്പറ്റിയ പട്ടികവർഗ്ഗ ഭവന പദ്ധതിയിൽ വീടുകൾ നിർമ്മിച്ചതിന് രേഖയില്ല.

കക്കയം അമ്പലക്കുന്ന് പട്ടികവർഗ്ഗ കോളനിയിൽ വീടുകൾ നിർമ്മിക്കുന്നതിന് 2001-02-ലെ പദ്ധതിയിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് 67,200 രൂപ മുൻകൂർ നൽകിയിരുന്നു. ഗുണഭോക്തൃ സമിതി കൺവീനർ ചമച്ച കരാർ, സംയുക്ത അക്കൗണ്ട് പാസ് ബുക്ക്, പ്രവൃത്തി പുരോഗതി റിപ്പോർട്ട്, എസ്റ്റിമേറ്റ്, അംഗീകൃത പദ്ധതിരേഖ, നിർവ്വഹണ/ചെലവ് രേഖകൾ എന്നിവ ഓഡിറ്റ് അന്വേഷണത്തിൽ ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയില്ല. അതിനാൽ പദ്ധതി നിർവ്വഹിച്ചില്ലെന്ന് അനുമാനിക്കുന്നു. മുൻകൂർ തുക 12% പിഴപ്പലിശ ചുമത്തി ഈടാക്കണം.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക 2.77.1.)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

62. കക്കയം അമ്പലക്കുന്ന് പട്ടികവർഗ്ഗ കോളനിയിൽ ഭവനനിർമ്മാണത്തിന് വീടൊന്നിന് 42,000 രൂപവച്ച് 8 വീടുകൾക്ക് 3,36,000 രൂപയായിരുന്നു വകയിരുത്തിയിരുന്നത് എന്നും 2001-ൽ ഒന്നാം ഗഡുവായി 67,200 രൂപയും 2003-ൽ രണ്ടാം ഗഡുവായി 84,000 രൂപയും അനുവദിച്ചുവെന്നും ഇവയിൽ 4 വീടുകളുടെ പണി

പൂർത്തീകരിച്ച് താമസം തുടങ്ങിയിട്ടുണ്ടെന്നും 3 വീടുകൾ ചുമർ ഉയരം വരെ പൂർത്തിയായിട്ടുണ്ടെന്നും ബാക്കിയുള്ള ഒരു വീടിന്റെ തറ പൂർത്തിയായിട്ടുണ്ടെന്നും കുരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

63. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് 17-6-2004-ൽ ഒരു വിജിലൻസ് എൻക്വയറി നടത്തിയിരുന്നുവെന്നും പണി പൂർത്തീകരിക്കാൻ കാലതാമസമുണ്ടായെങ്കിലും പൂർത്തീകരിച്ചത് വരെയുള്ള പണം കൊടുത്തതുകൊണ്ട് അഴിമതി നടന്നിട്ടില്ലായെന്ന് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വെളിപ്പെടുത്തി. ആയതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**64. കക്കയം അമ്പലക്കുന്ന് പട്ടികവർഗ്ഗ കോളനിയിൽ ഭവനനിർമ്മാണത്തിന് വീടൊന്നിന് 42,000 രൂപ വീതം 8 വീടുകൾക്ക് 3,36,000 രൂപയായിരുന്നു വകയിരുത്തിയിരുന്നതെന്നും ഇതിൽ 4 വീടുകളുടെ പണിപൂർത്തീകരിച്ച് താമസം തുടങ്ങിയിട്ടുണ്ടെന്നും 3 വീടുകൾ ചുമർ ഉയരം വരെ പൂർത്തിയായിട്ടുണ്ടെന്നും ബാക്കിയുള്ള ഒരു വീടിന്റെ തറ പൂർത്തിയായിട്ടുണ്ടെന്നും തെളിവെടുപ്പ് വേളയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കിയിരുന്നു. കൂടാതെ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് 17-6-2004-ൽ ഒരു വിജിലൻസ് എൻക്വയറി നടത്തിയിരുന്നുവെന്നും പണി പൂർത്തീകരിക്കാൻ കാലതാമസമുണ്ടായെങ്കിലും പണി പൂർത്തീകരിച്ചതുവരെയുള്ള പണം മാത്രമാണ് കരാറുകാരന് നൽകിയിട്ടുള്ളത് എന്നതിനാൽ അഴിമതി നടന്നിട്ടില്ല എന്നായിരുന്നു വിജിലൻസ് റിപ്പോർട്ട് എന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വ്യക്തമാക്കിയിരുന്നു. കൺവീനർ മുൻകൂർ കൈപ്പറ്റിയ തുകയുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതായി സമിതി അനുമാനിക്കുന്നു. ബാക്കിയുള്ള വീടുകളുടെ പണികൂടി അടിയന്തരമായി പൂർത്തീകരിച്ച് ഉടമസ്ഥർക്ക് കൈമാറണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.

അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 3 | നൊച്ചാട്, കൂത്താളി, മേപ്പയൂർ, പയ്യോളി, തിക്കോടി, പെരുവയൽ, ചാത്തമംഗലം, അത്തോളി, കോട്ടൂർ, എലത്തൂർ, അരിക്കുളം, മടവൂർ, കുറ്റ്യാടി, നാദാപുരം ഗ്രാമപഞ്ചായത്തുകൾ | പി.ഡബ്ല്യൂ.ഡി. പ്രവൃത്തികളിൽ ഷ്രിങ്കേജ് കുറയ്ക്കേണ്ടതില്ല എന്ന ഉത്തരവ് നിലവിലിരിക്കെ പഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഷ്രിങ്കേജ് കുറയ്ക്കണമെന്ന് ഓഡിറ്റ് നിർദ്ദേശിച്ചിട്ടുള്ള സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത വിഷയത്തിൽ വ്യക്തത വരുത്തണമെന്ന് സമിതിയോഗം നിർദ്ദേശിക്കുകയുണ്ടായി. ഷ്രിങ്കേജ് കുറയ്ക്കേണ്ടതില്ലെന്നുള്ള പൊതുമരാമത്ത് വകുപ്പിന്റെ ഉത്തരവ് പഞ്ചായത്തുകളുടെ പൊതുമരാമത്ത് പ്രവൃത്തികൾക്കും മുൻകാല പ്രാബല്യത്തോടെ ബാധകമാക്കിക്കൊണ്ടും, മണ്ണ് ഫില്ലിംഗിന് ലീഡും ലിഫ്റ്റും കുറയ്ക്കേണ്ടതില്ല എന്ന പൊതുമരാമത്ത് വകുപ്പിന്റെ ഉത്തരവ് തദ്ദേശസ്വയംഭരണ വകുപ്പിനും ബാധകമാക്കിക്കൊണ്ടുമുള്ള സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുള്ളതായി തെളിവെടുപ്പ് വേളയിൽ ഹാജരായ ഉദ്യോഗസ്ഥർ സമിതി മുമ്പാകെ വ്യക്തമാക്കിയതിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 2 | 5 | നൊച്ചാട്, പയ്യോളി, കൂത്താളി, പെരുവയൽ, പുറമേരി, തൂണേരി, വാണിമേൽ ഗ്രാമപഞ്ചായത്തുകൾ | കോഴിക്കോട് ജില്ലയിലെ പരാമർശിക്കപ്പെട്ട ഏഴ് ഗ്രാമപഞ്ചായത്തുകളിലും ക്യാഷ് ബുക്ക്, സബ്സിഡിയറി രജിസ്റ്റർ, വരവ് രജിസ്റ്റർ, ചെലവ് രജിസ്റ്റർ, ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിരിക്കുന്നുവെന്നും നിലവിൽ 2011-ലെ കേരള പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങളുടെ അടിസ്ഥാന ത്തിലാണ് കണക്കുകൾ രേഖപ്പെടുത്തുന്ന തെന്നും പഞ്ചായത്തുകളിൽ സാംഖ്യ സോഫ്റ്റ്‌വെയർ സമ്പ്രദായത്തിലുള്ള അക്കൗണ്ടിംഗ് നടപ്പിലാക്കിയിട്ടുള്ളതിന് പുറമേ രജിസ്റ്ററുകളുടെ ഹാർഡ് കോപ്പിയും സൂക്ഷിക്കുന്നുണ്ടെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 8 | കൂത്താളി ഗ്രാമപഞ്ചായത്ത് | ഹോളോബ്രിക്സ് നിർമ്മാണം, സ്ക്രീൻ പ്രിന്റിംഗ് എന്നിവയിൽ വനിതകൾക്ക് പരിശീലനം നൽകിയെങ്കിലും പരിശീലനത്തിനുശേഷം അവർ തൊഴിലിൽ ഏർപ്പെടാഞ്ഞതിനാൽ പദ്ധതി പരാജയമായെന്ന, കൂത്താളി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് തടസ്സം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 11-8-2010-ലെ കത്ത് പ്രകാരം ഒഴിവാക്കിയിട്ടുണ്ടെന്നുള്ള സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അനന്തര നടപടികൾ അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | 9 | തിരുവമ്പാടി ഗ്രാമപഞ്ചായത്ത് | തിരുവമ്പാടി ഗ്രാമപഞ്ചായത്ത് കോഴിക്കോട് സ്റ്റീൽ ഡെവലപ്പ്മെന്റ് സെന്ററിന് കൈമാറിയ 1,50,000 രൂപയുടെ രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെന്നുള്ള സർക്കാർ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 13 | കുന്ദമംഗലം ഗ്രാമപഞ്ചായത്ത് & തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാരിൽ നിന്നുള്ള ധനസഹായം ഉപയോഗിച്ച് വീട് നിർമ്മിക്കുന്നത് താഴ്ന്ന വരുമാനക്കാരായ ജനങ്ങളായതിനാൽ, നിസ്സാര പ്രശ്നങ്ങളുടെ പേരിൽ അവർക്ക് അവസാന ഗഡു ധനസഹായം നിഷേധിക്കുന്നത് മനുഷ്യത്വരഹിതമായ പ്രവൃത്തിയാണെന്ന് സമിതി നിരീക്ഷിക്കുന്നു. ശൗചാലയം നിർമ്മിക്കാത്തത് കാരണം കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ 21 ഗുണഭോക്താക്കൾക്ക് അവസാന ഗഡു നൽകാത്ത പഞ്ചായത്തിന്റെ നടപടി ഉചിതമായില്ലെന്ന് സമിതി കരുതുന്നു. ഗ്രാമപഞ്ചായത്തുകൾ ഭവന നിർമ്മാണ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിന് രൂപീകരിക്കുന്ന ചട്ടങ്ങളിലെ വ്യവസ്ഥകൾ ലഘൂകരിച്ച് പരമാവധി ആറ് മാസംകൊണ്ട് പദ്ധതികൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണമെന്നും ഇത്തരം പദ്ധതികളുടെ ധനസഹായം ഒറ്റ ഗഡുവായി നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ശുചിത്വ കക്കൂസ് ഇല്ലാത്തവരെ ഗ്രാമപഞ്ചായത്തിന്റെ ശുചിത്വ കക്കൂസ് പദ്ധതിയിലുൾപ്പെടുത്തി കക്കൂസ് നൽകിയതിനുശേഷം പരാമർശത്തിലുള്ള 21 ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകുന്നതിന് 63,000 രൂപ അടങ്കലിൽ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ഒരു പദ്ധതി തയ്യാറാക്കി ഡി.പി.സി. അംഗീകാരം വാങ്ങിയിട്ടുണ്ടെന്നും പ്രസ്തുത പ്രോജക്റ്റ് പ്രകാരം ഭവന നിർമ്മാണത്തിനുള്ള അവസാന ഗഡു ലഭിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കുന്നമുറയ്ക്ക് മേൽ ഗുണഭോക്താക്കൾക്ക് അവസാന ഗഡു നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്നുമുള്ള ഓഡിറ്റിന്റെ കുറിപ്പിന്റെയടിസ്ഥാനത്തിൽ മേൽ ഗുണഭോക്താക്കൾക്ക് അവസാന ഗഡു ധനസഹായം നൽകി രേഖകൾ ഓഡിറ്റിന് ഹാജരാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 14 | താമരശ്ശേരി, തിരുവമ്പാടി, കോട്ടൂർ, മടവൂർ, രാമനാട്ടുകര, നാദാപുരം ഗ്രാമപഞ്ചായത്തുകൾ | താമരശ്ശേരി, തിരുവമ്പാടി, കോട്ടൂർ, മടവൂർ, രാമനാട്ടുകര, നാദാപുരം, എന്നീ ഗ്രാമപഞ്ചായത്തുകളിൽ പരാമർശ കാലയളവിൽ, സർക്കാർ ധനസഹായം ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കിയ വീടുകളുടേയും അവയ്ക്ക് അവസാന ഗഡു ധനസഹായം നൽകിയതിന്റെയും രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാനും ആയത് ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെടുന്നമുറയ്ക്ക് തടസ്സം നീക്കി റിപ്പോർട്ട് നൽകുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 16 | മുക്കം, ചാത്തമംഗലം, പെരുമണ്ണ, പുറമേരി, കാവിലുംപാറ ഗ്രാമപഞ്ചായത്തുകൾ | മുക്കം, ചാത്തമംഗലം, പെരുമണ്ണ, പുറമേരി, കാവിലുംപാറ എന്നീ 5 ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട് ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള, ലക്ഷം വീട് കോളനി വൈദ്യുതീകരണം, തെരുവ് വിളക്ക് സ്ഥാപിക്കൽ എന്നീ ഇനങ്ങളിലായുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടെന്ന സർക്കാർ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സമൊഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | 19 | മേപ്പയ്യൂർ, തിക്കോടി, ഏറാമല, ചക്കിട്ടപ്പാറ, കാവിലുംപാറ ഗ്രാമപഞ്ചായത്തുകൾ | പഞ്ചായത്തുകളിൽ ജീവനക്കാരുടെ ദൗർലഭ്യവും ഭൗതിക സാഹചര്യത്തിൽ പരിമിതിയും അനുഭവപ്പെട്ടിരുന്ന കാലത്തായിരുന്ന ഓഡിറ്റ് പരാമർശിച്ച അപാകത സംഭവിച്ചതെന്നും നിലവിൽ പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനാൽ കണക്കുകളും ഇതര കാര്യങ്ങളും കൃത്യമാണെന്നും ബഡ്ജറ്റ് തയ്യാറാക്കുന്നതും പാസ്സാക്കുന്നതും ചട്ടപ്രകാരമാണെന്നും അവ കൃത്യമായി മിനിട്ട്സിൽ രേഖപ്പെടുത്താറുണ്ടെന്നുമുള്ള സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സമൊഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 21 | ചെറുവണ്ണൂർ, മാവൂർ, കൊടിയത്തൂർ, ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്തുകൾ | പഞ്ചായത്തുകൾ, റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ ജില്ലാ കളക്ടർക്ക് അടച്ചിരുന്ന തുകയ്ക്ക് മുൻകാലങ്ങളിൽ ഔദ്യോഗിക രശീതിന് പകരം കൈപ്പറ്റുരശീത് മാത്രം നൽകിയിരുന്നതിനാലാണ് ഓഡിറ്റ് പരാമർശമുണ്ടായതെന്നും നിലവിൽ ഓൺലൈനായി പണമടയ്ക്കുന്നതിനാൽ പ്രശ്നം അനുഭവപ്പെടുന്നില്ല എന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 23 | കാരശ്ശേരി, മുക്കം, ചാത്തമംഗലം, പെരുമണ്ണ, ഉള്ള്യേരി, ഉണ്ണികുളം, ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്തുകൾ & തദ്ദേശസ്വയംഭരണ വകുപ്പ് | കുടിവെള്ള പദ്ധതികളുടെ പരിപാലന ചെലവ് ഗുണഭോക്തൃ സമിതികൾ വഹിക്കണമെന്ന് 2002 മുതൽ സർക്കാർ ഉത്തരവുണ്ടെങ്കിലും ടി സമിതികൾ പരിപാലന ചെലവ് വഹിക്കാത്ത സാഹചര്യത്തിലാണ് പഞ്ചായത്തുകൾ തനതുഫണ്ടിൽ നിന്നും വഹിച്ചതെന്ന് സമിതിക്ക് ബോധ്യപ്പെടുകയും ഇതിൽ നിയമപരമായ തെറ്റ് സംഭവിച്ചിട്ടില്ല |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | എന്ന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. എന്നാൽ ഭാവിയിൽ ഇത്തരം സാഹചര്യം ഒഴിവാക്കണമെന്നും എല്ലാ പഞ്ചായത്തുകളിലും കുടിവെള്ള പദ്ധതികളുടെ മേൽനോട്ടത്തിനും നടത്തിപ്പിനും മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്യുന്ന പരിപാലന കമ്മിറ്റികൾ രൂപീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 25 | കുത്താളി, പയ്യോളി, മാവൂർ, തിക്കോടി, കാരശ്ശേരി, പെരുവയൽ, കൊടിയത്തൂർ, ബേപ്പൂർ, തിരുവമ്പാടി, ഏറാമല, എലത്തൂർ, അരിക്കുളം, നരിപ്പറ്റ, നാദാപുരം, ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്തുകൾ | പഞ്ചായത്തുകളിൽ നിലവിൽ സേവനാ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ, തൊഴിലില്ലായ്മ വേതനം തുടങ്ങിയവ വിതരണം ചെയ്തു വരുന്നതിനാൽ അപാകതയുണ്ടാകുന്നില്ല എന്ന് പഞ്ചായത്ത് ഡയറക്ടറുടെ മറുപടിയിൽ നിന്ന് സമിതി മനസ്സിലാക്കുന്നു. 2013 മുതൽ സമ്പൂർണ്ണ പെൻഷൻ പദ്ധതി നടപ്പാക്കിയതിനെത്തുടർന്ന് സംസ്ഥാനത്തെ മുഴുവൻ പെൻഷൻ അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ടെന്നും പെൻഷനുകൾ ഇപ്പോൾ ക്രമാനുഗതമായാണ് വിതരണം ചെയ്തു വരുന്നതെന്നും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് പണം എത്തുന്ന വിധത്തിലാണ് ഇപ്പോൾ പെൻഷൻ വിതരണം നടക്കുന്നതെന്നുമുള്ള പഞ്ചായത്ത് ഡയറക്ടറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പെൻഷനുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ കാര്യക്ഷമമായി പ്രവർത്തിക്കണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സമൊഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 12 | 28 | നൊച്ചാട്, മാവൂർ, മുക്കം, ഫറോക്ക്, വാണിമേൽ, മടവൂർ ഗ്രാമപഞ്ചായത്തുകൾ | സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കുടിവെള്ള പൈപ്പുകളുടെ എണ്ണം കൃത്യമായി കണക്കാക്കുന്ന സംവിധാനം നിലവിലുണ്ടെന്നും പൈപ്പുകളുടെ എണ്ണത്തിനനുസൃതമായാണ് വെള്ളക്കരമടയ്ക്കുന്നതെന്നും ഒരു ടാപ്പിന് പ്രതിവർഷം 3,500 രൂപയാണ് അടയ്ക്കുന്നതെന്നുമുള്ള പഞ്ചായത്ത് ഡയറക്ടറുടെ വെളിപ്പെടുത്തലിന്റെയും ഓഡിറ്റ് തടസ്സമായുന്നയിക്കുന്ന വസ്തുകൈമാറ്റത്തീരുവ 2000 മുതൽ നിലവിലില്ലെന്ന ധനകാര്യ വകുപ്പിന്റെ റിപ്പോർട്ടിന്റെയുമടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 31 | മേപ്പയൂർ, ചെറുവണ്ണൂർ, തുറയൂർ, തിക്കോടി, കൂത്താളി, മരുതോങ്കര, പെരുവയൽ, താമരശ്ശേരി, രാമനാട്ടുകര, ഏറാമല, നാദാപുരം, ചെറുവണ്ണൂർ-നല്ലളം, ഫറോക്ക്, ഉണ്ണികുളം, വാണിമേൽ, പുറമേരി, നരിപ്പറ്റ ഗ്രാമപഞ്ചായത്തുകൾ | നിലവിൽ സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനാൽ, ഓഡിറ്റ് പരാമർശിച്ച 17 ഗ്രാമപഞ്ചായത്തുകളിലും കണക്കുകളും രജിസ്റ്ററുകളും കൃത്യമാണെന്നും കൂടാതെ മേൽ സൂചിപ്പിച്ച 17 ഗ്രാമപഞ്ചായത്തുകളും 2013 വരെയുള്ള വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ സമർപ്പിച്ചിട്ടുണ്ടെന്നുമുള്ള പഞ്ചായത്ത് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 14 | 35 | മാവൂർ, അരിക്കുളം പുറമേരി, ഉണ്ണികുളം, ഫറോക്ക് ഗ്രാമപഞ്ചായത്തുകൾ | പഞ്ചായത്തിന്റെ പൊതുവായ വികസന കാര്യങ്ങളിൽ ജനങ്ങളുടെ ശക്തമായ പങ്കാളിത്തമുണ്ടാകണമെന്നും അതിനായി ഗ്രാമസഭകൾ കൃത്യമായും സമയബന്ധിതമായും ചേരേണ്ടതാണെന്നും ഗ്രാമസഭ കൃത്യമായി ചേരുന്നില്ലെങ്കിൽ പഞ്ചായത്ത് രാജ് നിയമപ്രകാരം ഗ്രാമസഭകൾക്ക് നൽകുന്ന അധികാരം ഫലപ്രദമായി വിനിയോഗിക്കാൻ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | കഴിയില്ലെന്നും സമിതി വിലയിരുത്തുന്നു. ഓഡിറ്റ് പരാമർശിച്ച 5 ഗ്രാമപഞ്ചായത്തുകളിലും നിലവിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ചുകൊണ്ട് ഗ്രാമസഭകൾ ചേരാറുണ്ടെന്നും ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയിൽ ചർച്ച ചെയ്യാറുണ്ടെന്നുമുള്ള സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയത് കൃത്യമായി പാലിക്കണമെന്ന കർശന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 15 | 37 | നൊച്ചാട്, മാവൂർ, പെരുവയൽ, കൊടിയത്തൂർ, ചാത്തമംഗലം, ഫറോക്ക്, എലത്തൂർ, തിക്കോടി, ഉണ്ണികുളം, അരിക്കുളം ഗ്രാമപഞ്ചായത്തുകൾ | നൊച്ചാട്, മാവൂർ, പെരുവയൽ, കൊടിയത്തൂർ, ചാത്തമംഗലം, ഫറോക്ക്, എലത്തൂർ, തിക്കോടി, ഉണ്ണികുളം, അരിക്കുളം എന്നീ 10 ഗ്രാമപഞ്ചായത്തുകൾ കുടിശ്ശികയിനത്തിലുള്ള മുഴുവൻ തുകയും പിരിച്ചെടുത്തതായുള്ള സർക്കാർ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പ്രസ്തുത പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 38 | വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത് | വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന് വാടക കുടിശ്ശികയിനത്തിലുണ്ടായ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ഡി.സി.ആർ.ജി.യിൽ നിന്നും തിരിച്ചു പിടിക്കാൻ ഉത്തരവായതായുള്ള പഞ്ചായത്ത് ഡയറക്ടറുടെ വെളിപ്പെടുത്തലിന്റെയടിസ്ഥാനത്തിൽ, പ്രസ്തുത തുക തിരിച്ചീടാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നമുറയ്ക്ക് ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 17 | 40 | നൊച്ചാട്, കുത്താളി, തുറയൂർ, പയ്യോളി, തുണേരി, കൂരാച്ചുണ്ട്, മാവൂർ, ചക്കിട്ടപ്പാറ, മരുതോങ്കര, പെരുവയൽ, താമരശ്ശേരി, കാരശ്ശേരി, മുക്കം, ബേപ്പൂർ, പുറമേരി, കൊടിയത്തൂർ, ചാത്തമംഗലം, തിക്കോടി, രാമനാട്ടുകര, ഏറാമല, കാവിലുംപാറ, അരിക്കുളം, ഫറോക്ക്, നാദാപുരം, ചെറുവണ്ണൂർ-നല്ലളം, ഉണ്ണികുളം, കക്കോടി, നരിക്കുനി ഗ്രാമപഞ്ചായത്തുകൾ | ചെറുവണ്ണൂർ-നല്ലളം, ബേപ്പൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ ഇപ്പോൾ കോഴിക്കോട് കോർപ്പറേഷന്റെ പരിധിയിലാണെന്നും ശേഷിക്കുന്ന 26 ഗ്രാമപഞ്ചായത്തുകളും കുടിശ്ശികയിനത്തിലുള്ള മുഴുവൻ തുകയും പിരിച്ചെടുത്തിട്ടുണ്ടെന്നുമുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 18 | 42 | നാദാപുരം ഗ്രാമപഞ്ചായത്ത് | നാദാപുരം ഗ്രാമപഞ്ചായത്തിൽ 1986-87 മുതൽ 1998-1999 സാമ്പത്തികവർഷം വരെ ഡിമാന്റ് ചെയ്ത, തൊഴിൽ നികുതിയിനത്തിൽ വിവിധ വർഷങ്ങളിലായി പിരിച്ചെടുക്കാൻ കഴിയാതിരുന്ന 1,83,809 രൂപ ഗ്രാമപഞ്ചായത്തിന്റെ കണക്കിൽ നിന്ന് എഴുതിത്തള്ളുന്നതിന് 2-2-2006-ലെ ഉത്തരവ് പ്രകാരം അനുമതി ലഭിച്ചതായുള്ള സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 19 | 44 | ബേപ്പൂർ ഗ്രാമപഞ്ചായത്ത് | ബേപ്പൂർ മത്സ്യഗ്രാമം ശുദ്ധജലവിതരണ പദ്ധതിക്കായി കരാറുകാരൻ പമ്പ്സെറ്റ് വാങ്ങുകയോ കരാറുകാരന് പമ്പ്സെറ്റിന്റെ വില പഞ്ചായത്തിൽ നിന്ന് നൽകുകയോ ചെയ്തിട്ടില്ലെന്നും പ്രസ്തുത പ്രവൃത്തിയുടെ എം.ബുക്കുകളും വൗച്ചറുകളും ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെന്നും സർക്കാർ |

| 1 | 2 | 3 | 4 |
| --- | --- | --- | --- |
| | | | റിപ്പോർട്ടിൽനിന്നും സമിതി മനസ്സിലാക്കുന്നു. ഇക്കാര്യത്തിൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്ന വസ്തുതയും സർക്കാർ മറുപടിയും പരിഗണിച്ച് പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 20 | 46 | കുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് | പരാമർശവിധേയമായ അംഗൻവാടി കെട്ടിടനിർമ്മാണ പ്രവൃത്തിയുടെ ഗുണഭോക്തൃ സമിതി കൺവീനർ, അഡ്വാൻസ്, ഭാഗിക ബില്ല് എന്നീ ഇനങ്ങളിലായി കൈപ്പറ്റിയ 54,000 രൂപ തിരിച്ചടച്ചതായുള്ള സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 21 | 52 | മുക്കം ഗ്രാമപഞ്ചായത്ത് | അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയ അളവുകൾ പ്രകാരം പ്രവൃത്തികൾ നടത്തണമെന്നാണ് കേരള പഞ്ചായത്ത് രാജ് ചട്ടം അനുശാസിക്കുന്നതെങ്കിലും ഇവിടെ എല്ലാ കുളങ്ങൾക്കും കിണറുകൾക്കും ഒരേ താഴ്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും പൊതുവായ ഒരു എസ്റ്റിമേറ്റുണ്ടാക്കിയാണ് പ്രവൃത്തി നടത്തിയിരിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ഓരോ പ്രവൃത്തിയുടേയും ശരിയായ അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്താത്തതും മസ്റ്റർ റോളുകൾ അപൂർണ്ണമാണെന്നതും വരൾച്ചാദുരിതാശ്വാസത്തിന്റെ മറവിൽ പൊതുപ്പണം ദുർവ്യയം ചെയ്യപ്പെട്ടതിന്റെ പ്രത്യക്ഷ തെളിവുകളാണെന്ന് സമിതി കണക്കാക്കുന്നു. ദുർവ്യയം ചെയ്യപ്പെട്ടതായി കണ്ടെത്തിയ 1,13,458 രൂപയിൽ പഞ്ചായത്തംഗങ്ങളുടെ ബാധ്യതാ തുക മുഴുവൻ അടവാക്കിയിട്ടുണ്ടെന്നുള്ള ഓഡിറ്റിന്റെ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | പുനഃപരിശോധനാകുറിപ്പിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദികളായ പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കാനുള്ള തുക കൂടി റവന്യൂ റിക്കവറി പ്രകാരം അടിയന്തരമായി ഈടാക്കി റിപ്പോർട്ട് നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 22 | 54 | കുന്ദമംഗലം ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് പരാമർശത്തിൽ 7 അപാകതകളാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും രേഖകൾ യഥാസമയം പരിശോധനയ്ക്ക് ഹാജരാക്കാത്തതാണ് പല പരാമർശങ്ങൾക്കും ഇടയാക്കിയതെന്നും സമിതി നിരീക്ഷിക്കുന്നു. പ്രോജക്റ്റിൽ ഏതു കോഴ്സാണെന്ന് വ്യക്തമാക്കാത്തതു കൊണ്ടാണ് പത്രപരസ്യത്തിലും കോഴ്സ് വ്യക്തമാക്കാതിരുന്നത് എന്നും പഞ്ചായത്ത് കമ്മിറ്റിയുടെ 12-12-2001-ലെ യോഗതീരുമാനപ്രകാരമാണ് സി-ഡിറ്റിന്റെ ഫ്രാഞ്ചൈസിയായ സ്ഥാപനത്തെ തെരഞ്ഞെടുത്തതെന്നും സർക്കാർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും പദ്ധതിയുടെ അംഗീകരിച്ച പ്രോജക്റ്റ്, ടെണ്ടർ അംഗീകരിച്ച പഞ്ചായത്ത് യോഗത്തിന്റെ മിനിട്സ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലെന്ന് ഓഡിറ്റിന്റെ കുറിപ്പിൽ നിന്നും വ്യക്തമാകുന്നു. പ്രസ്തുത രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കണമെന്നും ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെടുന്നപക്ഷം തടസ്സമൊഴിവാക്കാമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 23 | 55 | കുന്ദമംഗലം ഗ്രാമപഞ്ചായത്ത് & തദ്ദേശസ്വയംഭരണ വകുപ്പ് | പദ്ധതിക്ക് വകയിരുത്തിയ തുകയിൽ പരീക്ഷാഫീസ് ഉൾപ്പെട്ടിരുന്നില്ലെന്നും ഗുണഭോക്താക്കൾക്ക് പരിശീലനത്തിനായി തുക നൽകിയശേഷം അടങ്കലിൽ ബാക്കിയുള്ള തുക പരീക്ഷാഫീസിനത്തിൽ നൽകുകയായിരുന്നുവെന്നും ഓഡിറ്റിന്റെ കുറിപ്പിൽ വ്യക്തമാക്കിയിരിക്കുന്നു. പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും നടപടിക്രമങ്ങൾ കൃത്യമായി പാലിക്കണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വകുപ്പ് കർശന നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 24 | 56 | കുന്ദമംഗലം ഗ്രാമപഞ്ചായത്ത് | പരിശീലനം പൂർത്തിയാക്കിയ ഒരു വിദ്യാർത്ഥിനിക്ക് നൽകിയ സർട്ടിഫിക്കറ്റിന്റെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കിയതായുള്ള ഓഡിറ്റിന്റെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പരാമർശത്തിലെ പ്രസ്തുതഭാഗമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 25 | 57 | ,, | പഞ്ചായത്ത് പരസ്യമായി അപേക്ഷ ക്ഷണിക്കുകയും ആയത് ഗ്രാമസഭയിൽ അംഗീകരിച്ചുമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതെന്നും എന്നാൽ ചില വിദ്യാർത്ഥികൾ തുടർച്ചയായി ഹാജരാകാത്തതിനാൽ ആ ഒഴിവുകൾ മെമ്പർമാരുടെ ശിപാർശപ്രകാരം നികത്തുകയാണുണ്ടായതെന്നുമുള്ള പഞ്ചായത്തിന്റെ മറുപടി പരിശോധനയിൽ ബോധ്യപ്പെട്ടതായുള്ള ഓഡിറ്റിന്റെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പരാമർശത്തിലെ പ്രസ്തുത ഭാഗമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 26 | 58 | കുന്ദമംഗലം ഗ്രാമപഞ്ചായത്ത് | പഞ്ചായത്ത് തുടർച്ചയായി പരിശീലനം മോണിറ്ററിംഗ് നടത്തിയിട്ടില്ലെന്നും സ്ഥാപനം നൽകിയ ഹാജർ പട്ടിക അനുസരിച്ച് ഓരോ മാസവും ഫീസ് നൽകുകയാണുണ്ടായതെന്നും ഹാജർ പട്ടികയുടെ ആധികാരികത പഞ്ചായത്ത് പരിശോധിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. എങ്കിലും പ്രസിഡന്റിന്റെ അനുവാദത്തോടെയാണ് ഫീസ് നൽകിയതെന്നും കോഴ്സ് പൂർത്തിയായശേഷം അധികാരപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നുമുള്ള സർക്കാർ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പരാമർശത്തിലെ പ്രസ്തുത ഭാഗമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 27 | 59 | ,, | സ്ഥാപനം പരീക്ഷാഫീസായി പഞ്ചായത്തിൽ നിന്നും കൈപ്പറ്റിയ 45,000 രൂപ സി.-ഡിറ്റിൽ അടച്ചതിന്റെ രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതായുള്ള ഓഡിറ്റിന്റെ കുറിപ്പിന്റെയടിസ്ഥാനത്തിൽ പരാമർശത്തിലെ പ്രസ്തുത ഭാഗം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 28 | 61 | ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത് | കോളനിയിലെ വെള്ളക്കെട്ടുള്ള സ്ഥലം മണ്ണിട്ടുനികത്തുക എന്നതായിരുന്നു പദ്ധതികൊണ്ട് ഉദ്ദേശിച്ചത് എന്നും നടപ്പാക്കിയ പദ്ധതികൊണ്ട് മുഴുവൻ കോളനി നിവാസികൾക്കും പ്രയോജനം ലഭിച്ചിട്ടുണ്ടെന്നുമുള്ള സർക്കാർ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 29 | 64 | കുരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് | കക്കയം അമ്പലക്കുന്ന് പട്ടികവർഗ്ഗ കോളനിയിൽ ഭവനനിർമ്മാണത്തിന് വീടൊന്നിന് 42,000 രൂപ വീതം 8 വീട്ടുകൾക്ക് 3,36,000 രൂപയായിരുന്നു വകയിരുത്തിയിരുന്നതെന്നും ഇതിൽ 4 വീടുകളുടെ പണിപൂർത്തീകരിച്ച് താമസം തുടങ്ങിയിട്ടുണ്ടെന്നും 3 വീടുകൾ ചുമർ ഉയരം വരെ പൂർത്തിയായിട്ടുണ്ടെന്നും ബാക്കിയുള്ള ഒരു വീടിന്റെ തറ പൂർത്തിയായിട്ടുണ്ടെന്നും തെളിവെടുപ്പ് വേളയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കിയിരുന്നു. കൂടാതെ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് 17-6-2004-ൽ ഒരു വിജിലൻസ് എൻക്വയറി നടത്തിയിരുന്നുവെന്നും പണി പൂർത്തീകരിക്കാൻ കാലതാമസമുണ്ടായെങ്കിലും പണി പൂർത്തീകരിച്ചതുവരെയുള്ള പണം മാത്രമാണ് കരാറുകാരന് നൽകിയിട്ടുള്ളത് എന്നതിനാൽ അഴിമതി നടന്നിട്ടില്ല എന്നായിരുന്നു വിജിലൻസ് റിപ്പോർട്ട് എന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വ്യക്തമാക്കിയിരുന്നു. കൺവീനർ മുൻകൂർ കൈപ്പറ്റിയ തുകകളുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതായി സമിതി അനുമാനിക്കുന്നു. ബാക്കിയുള്ള വീടുകളുടെ പണികൂടി അടിയന്തരമായി പൂർത്തീകരിച്ച് ഉടമസ്ഥർക്ക് കൈമാറണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

# അനുബന്ധം II

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പൊതുപരാമർശത്തിന്മേൽ കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാപരിഹാര നടപടി പത്രിക

| ക്രമ നം. | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1. | 2005-06 | 70 | | പരാമർശിക്കപ്പെട്ട എല്ലാ ഗ്രാമപഞ്ചായത്തുകളിൽ നിന്നും മറുപടി സമർപ്പിച്ചിട്ടുണ്ട്.<br>**നൊച്ചാട്** ഗ്രാമപഞ്ചായത്തിന്റെ 18.10.2013 ലെ 81(1), 16/13 നമ്പർ തീരുമാനപ്രകാരം അസിസ്റ്റന്റ് എഞ്ചിനിയർക്ക് കത്ത് അയച്ചിട്ടുണ്ട്. ആയതിന്റെ മറുപടി ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസർക്ക് നൽകിയിട്ടുണ്ടെന്ന് അസി. എഞ്ചിനീയർ പഞ്ചായത്തിൽ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ബന്ധപ്പെട്ട അസി. എഞ്ചിനീയർ മരണപ്പെട്ടതായിട്ടാണ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത് എന്ന് സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്.<br>**കൂത്താളി** ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റ് പരാമർശം 03.03.11 ലെ എൽ.എഫ.കെ.കെ.ഡി പി4/189/2011 കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം ഒഴിവാക്കി നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.<br>**മേപ്പയ്യൂർ, തിക്കോടി** എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഈയിനത്തിൽ നഷ്ടമായ തുക, ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർമാരിൽ നിന്നും തിരിച്ചു പിടിക്കുന്നതിന് കത്ത് നൽകിയതായി അറിയിച്ചിട്ടുള്ളവിവരം ബോധിപ്പിക്കുന്നു.<br>**പയ്യോളി** ഗ്രാമപഞ്ചായത്തിൽ അധികം നൽകിയ തുക തിരിച്ച് പിടിക്കാൻ, ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ശ്രീ. ടി.പി.കല്യാണകൃഷ്ണൻ, അസിസ്റ്റന്റ് എഞ്ചിനിയർ(റിട്ടയേർഡ്), പി.ഡബ്ല്യു.ഡി.ക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സർചാർജ്ജ് നോട്ടീസ് പുറപ്പെടുവിച്ചതിന് അനുബന്ധമായി തുക തിരിച്ചടക്കുന്നതിനും, അല്ലാത്തപക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും കാണിച്ച് 22.08.14 ന് അറിയിപ്പ് നൽകിയതായി സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്.<br>**പെരുവയൽ** ഗ്രാമപഞ്ചായത്തിൽ 9939/- രൂപ 11405104074 നമ്പർ റസീറ്റ് പ്രകാരം 28.08.14 ന് |

അടവാക്കിയിട്ടുണ്ട് എന്ന വിവരം സെക്രട്ടറി അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു;

**ചാത്തമംഗലം** ഗ്രാമപഞ്ചായത്തിൽ അരയങ്കോട് - സൗത്ത് അരയങ്കോട് റോഡ് പ്രവൃത്തി കൺവീനറുടെ അടുത്ത പ്രവൃത്തിയുടെ ബില്ലിൽ നിന്നും 4524/- രൂപ തിരിച്ചു പിടിച്ചിട്ടുണ്ടെന്ന് സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്. (വൗച്ചർ നമ്പർ 75 തിയ്യതി 29.11.2004, ചെക്ക് നമ്പർ 0182569).

**അത്തോളി** ഗ്രാമപഞ്ചായത്തിൽ । മരാമത്ത് പ്രവൃത്തികളിൽ അധികനിരക്ക് നൽകിയ 12374/- രൂപ 28.8.14 തിയ്യതിയിൽ 11403101114, 11403101115, 11403101116 എന്നീ റസീപ്റ്റുകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു.

**കോട്ടൂർ** ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്തു പ്രവർത്തികൾക്ക് സ്വന്തം മണ്ണുപയോഗിച്ചതിൽ ഖണ്ഡിക 2-6-2-7,2-9(11) പ്രകാരം യഥാക്രമം 8492,3588,1679,3925 രൂപ പി.ഡബ്ല്യൂ.ഡി നിരക്കു പ്രകാരം നൽകിയതാണെന്ന് അക്കാലത്തെ ബി.എൽ.ടി.സി മെമ്പറായ എഞ്ചിനീയർ അറിയിക്കുകയും പി.ഡബ്ല്യൂ.ഡി നിരക്ക് ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായതിനാൽ നടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് എ1-612/08 തിയ്യതി. 26.05.08 നമ്പർ കത്ത് പ്രകാരം അപേക്ഷിക്കുകയും ചെയ്തിരുന്നു. പ്രസ്തുത മറുപടി പരിഗണിക്കാതിരുന്നതിനാൽ മേൽ തുകകൾ അടക്കുന്നതിന് എഞ്ചിനീയർക്ക് എ4-4007/14 തിയ്യതി: 24.08.14 ലെ കത്ത് പ്രകാരം അറിയിപ്പ് നൽകിയിട്ടുണ്ട് എന്ന് സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്.

**എലത്തൂർ** ഗ്രാമപഞ്ചായത്ത് കോർപ്പറേഷനിൽ ലയിപ്പിച്ച പഞ്ചായത്താണ്. മറുപടി ആവശ്യപ്പെട്ടെങ്കിലും ലഭിച്ചിട്ടില്ല എന്നവിവരം ബോധിപ്പിക്കുന്നു.

**അരിക്കുളം** ഗ്രാമപഞ്ചായത്തിൽ എസ്. ജി. ആർ. വൈ പദ്ധതിയിൽ കീഴിൽ 12 വർഷം മുൻപ് ഏറ്റെടുത്ത് നടപ്പാക്കിയ രണ്ടു പ്രവൃത്തികളിൽ ബന്ധപ്പെട്ട എഞ്ചിനീയർ മെഷർമെന്റ് സാക്ഷ്യപ്പെടുത്തിയ പ്രകാരമാണ് കൺവീനർക്ക് ബിൽ തുക നൽകിയത്. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ച പ്രകാരം പ്രവൃത്തിയുടെ ഗുണഭോക്തൃ കമ്മിറ്റി കൺവീനർമാരിൽ നിന്ന്4272 രൂപ തിരിച്ചു പിടിക്കാൻ കാലപ്പഴക്കം കാരണം ബുദ്ധിമുട്ടുണ്ട്. ബന്ധപ്പെട്ട എഞ്ചിനീയറിൽ ഇപ്പോൾ സർവ്വീസിൽ ഇല്ലാത്ത വ്യക്തിയാണ്. ഓഡിറ്റ് തടസ്സം ഒഴിവാക്കി തരുന്നതിന് 10.1.2011 ൽ 56/(9) നമ്പറായി പഞ്ചായത്ത് യോഗത്തിൽ തീരുമാനമെടുക്കുകയും ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയരക്ടർക്ക് പ്രസ്തുത

തുകയുടെ ഓഡിറ്റ് ‌നടസ്സം ഒഴിവാക്കി തരുന്നതിന് അപേക്ഷ നൽകുകയും ചെയ്തിരുന്നു. ഇക്കാര്യത്തിൽ തുക ഈടാക്കാൻ പ്രായോഗികമല്ലാതെ വന്ന സാഹചര്യത്തിൽ നടസ്സം ഒഴിവാക്കി നല്കാവുന്നതാണ്.

**മടവൂർ** ഗ്രാമപഞ്ചായത്തിൽ അഞ്ച് പ്രവർത്തികളിൽ മൂന്നെണ്ണത്തിന്റെ തുക 6741/-രൂപ 04/08/2009 ലെ 34934/79 രശീതി പ്രകാരം തിരിച്ചടച്ചിട്ടുണ്ട്. ഇക്കാര്യം സീനിയർ ഡെപ്യൂട്ടി ഡയറക്ടറെ (എൽ.എഫ്) അറിയിക്കുകയും 19.06.2013 ലെ നം. എൽ.എഫ്.കെ.കെ.ഡി.പി 1/705/2013(2) നമ്പർ കത്ത് പ്രകാരം ഇത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

താനിയിൽത്താഴം - വള്ളോപ്രച്ചാൽ റോഡ്, കാമ്പ്രത്ത് കുന്ന് തച്ചംപൊയിൽ റോഡ് എന്നീ റോഡുകളുമായി ബന്ധപ്പെട്ട ബിഎൽടിസി എഞ്ചിനീയർ ആയിരുന്ന ശ്രീ. ബിനീഷ് എന്നവരോട് വിശദീകരണം ചോദിച്ചു. പ്രസ്തുത പ്രവൃത്തിക്ക് മണ്ണ് നിറച്ചതിന് ശേഷം ആവശ്യമായ രീതിയിൽ മണ്ണ് അമർത്തി കൺസോളിഡേഷൻ പൂർത്തിയായതിന് ശേഷമാണ് ഫൈനൽ മെഷർമെന്റ് നടത്തി എംബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്, ആയതിനാൽ സെല്ലിംഗിനുള്ള കുറവ് വരുത്തേണ്ടതില്ല. മേൽ പറഞ്ഞ രീതിയിൽ പ്രവൃത്തി നടത്തിയതുകൊണ്ട് പഞ്ചായത്തിന് യാതൊരു നഷ്ടവും വരുത്തിയിട്ടില്ല എന്നു കാണിച്ച് ശ്രീ. ബിനീഷ് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് പരാമർശ പ്രകാരമുള്ള താനിയിൽത്താഴം വള്ളോപ്രച്ചാലിൽ റോഡിന്റെ പ്രവൃത്തിക്ക് അധികം നൽകിയ തുകയായ 20643 രൂപ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടക്കാനാവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത പ്രവൃത്തിയുടെ കൺവീനർ ശ്രീ. പി.കെ.ബാലൻ നായർ S/o കേളു നായർ എന്നവർക്കും കൂടാതെ താനിയിൽത്താഴം-വള്ളോപ്രച്ചാലിൽ റോഡ് കാമ്പ്രത്ത്കുന്ന്തച്ചംപൊയിൽ റോഡ് എന്നീ റോഡുകളുടെ പ്രവൃത്തി ഇനത്തിൽ അധികം നൽകിയ തുക 30524 രൂപ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടക്കുന്നതിന് വേണ്ടി ബന്ധപ്പെട്ട പ്രവൃത്തികളുടെ മേൽ നോട്ടം വഹിച്ചിരുന്ന ബിഎൽടിസി എഞ്ചിനീയർ ശ്രീ. ബിനീഷ് എന്നിവർക്കും 23.08.14 ന് രജിസ്ട്രേഡ് നോട്ടീസ് അയച്ചിട്ടുണ്ട്. നിശ്ചിത തിയ്യതിക്കകം പണം തിരിച്ചടച്ചില്ലെങ്കിൽ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്.

**കുറ്റ്യാടി ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം 3143/- രൂപ 29/08/14 ലെ 11401102459 നമ്പർ രശീതി പ്രകാരം പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട് എന്ന് സെക്രട്ടറി**

| | | | | |
|---|---|---|---|---|
| | | | | അറിയിച്ചിട്ടുണ്ട്<br><br>നാദാപുരം ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റ് പരാമർശം സംബന്ധിച്ച് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടി 15/03/2014 ന് നടന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് അദാലത്തിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ലോക്കൽ ഫണ്ട് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ എൽ.എഫ്.കെ.കെ.ഡി.പി/11/433/2014 തിയ്യതി. 17.05.14 ന് പുനരഭിപ്രായക്കുറിപ്പിൽ തടസ്സം ഒഴിവാക്കിയിട്ടുള്ളതായി സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു. |
| | | | | പരാമർശിക്കപ്പെട്ട എല്ലാ ഗ്രാമപഞ്ചായത്തുകളിൽ നിന്നും മറുപടി സമർപ്പിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഇപ്പോൾ കണക്കുകൾ രേഖപ്പെടുത്തുന്നത് 2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് ക്യാഷ് ബുക്ക്, സബ്സിഡിയറി ക്യാഷ് ബുക്ക്, ചെക്ക് ഇഷ്യു രജിസ്റ്റർ എന്നിവ തുടർവർഷങ്ങളിൽ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ടെന്നും പ്രതിമാസം അക്കൗണ്ടുകൾ തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടെന്നും പരാമർശിക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. |

പരാമർശിക്കപ്പെട്ട **കൂത്താളി** പഞ്ചായത്തിന്റെ ഓഡിറ്റ് തടസ്സം കോഴിക്കോട് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 11.8.10 ലെ എൽ.എഫ്.കെ.കെ.ഡി. പി4/467/10 നമ്പർ കത്തുപ്രകാരം ഒഴിവാക്കി നൽകിയിട്ടുണ്ട്.

**തിരുവമ്പാടി** ഗ്രാമപഞ്ചായത്തിൽ നിന്നും കോഴിക്കോട് സ്കിൽ ഡവലപ്പ്മെന്റ് സെന്ററിന് കൈമാറിയ 150000/- രൂപയുടെ രശീതി, ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിച്ചിട്ടുണ്ടെന്നും ഗുണഭോക്തൃ ലിസ്റ്റ്, പഠിതാക്കളുടെ ഹാജർ സംബന്ധിച്ച രേഖ എന്നിവ പഞ്ചായത്തോഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുള്ളവിവരം ബോധിപ്പിക്കുന്നു.

കോഴിക്കോട് ജില്ലയിലെ താമരശ്ശേരി, കുന്ദമംഗലം, തിരുവമ്പാടി, കോട്ടൂർ, മടവൂർ, രാമനാട്ടുകര, നാദാപുരം എന്നീ ഗ്രാമപഞ്ചായത്തുകളാണ് പരാമർശിക്കപ്പെട്ടത്.

**താമരശ്ശേരി** ഗ്രാമപഞ്ചായത്തിൽ ഓഡിറ്റിൽ സൂചിപ്പിച്ച പദ്ധതിയിലെ ഗുണഭോക്താക്കൾ ഇപ്പോൾ അവസാനഗഡു കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണെന്നും, പ്രസ്തുത വീടുകളിൽ ഗുണഭോക്താക്കൾ കുടുംബസമേതം താമസിക്കുന്നതായും നിർവഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഈ വീടുകൾ സംബന്ധിച്ച രേഖകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുള്ളവിവരം ബോധിപ്പിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് മേൽ പരാമർശം ഒഴിവാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

**കുന്ദമംഗലം** ഗ്രാമപഞ്ചായത്തിൽ 2000-01 ൽ 48 ഗുണഭോക്തക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചതിൽ 27 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ബാക്കി 21 ഗുണഭോക്താക്കൾ അവസാന ഗഡു കൈപ്പറ്റിയിട്ടില്ല എന്നും അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.

**തിരുവമ്പാടി** ഗ്രാമപഞ്ചായത്തിലെ പരാമർശിക്കപ്പെട്ട 9 ഗുണഭോക്താക്കളിൽ 6 പേർ 2005/06 വർഷങ്ങളിലായി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവരിൽ ഒരാൾ മേൽക്കുര ഷീറ്റിട്ട് വീട്ടിൽ താമസമാക്കിയെങ്കിലും അവസാന ഗഡു കൈപ്പറ്റിയിട്ടില്ലെന്നും, ഒരാൾക്ക് ഭർത്താവുപേക്ഷിച്ചതു കാരണം പ്രസ്തുത വീട് ഉപേക്ഷിക്കേണ്ടിവന്നെന്നും വീടുപണി പൂർത്തീകരിച്ചെങ്കിലും അവസാന ഗഡു കൈപ്പറ്റിയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ഒരാൾ താമസം പഞ്ചായത്ത് പരിധിയിൽ നിന്നു മാറ്റിയതിനാൽ മേൽ വിലാസം അറിയാൻ കഴിയാത്തതുമൂലം തുടർനടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നും സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു.

**കോട്ടൂർ മടവൂർ, രാമനാട്ടുകര,** ഗ്രാമപഞ്ചായത്തുകളിൽ 2005/06 വർഷങ്ങളിൽ പ്രസ്തുത ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയതായി സെക്രട്ടറിമാർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

നാദാപുരം ഗ്രാമപഞ്ചായത്തിൽ വീടിന് ധനസഹായം കൈപ്പറ്റിയ 3 ഗുണഭോക്താക്കളും വീടുപണി പൂർത്തീകരിച്ചതായി സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ഗ്രാമപഞ്ചായത്ത് 04.01.2014 ന് ലോക്കൽ ഫണ്ടിൽ സമർപ്പിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ, 11.05.14 തിയ്യതിയിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് അദാലത്തിൽ ഭവനനിർമ്മാണം സംബന്ധിച്ച പരാമർശം ഒഴിവാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു.

**മുക്കം, ചാത്തമംഗലം, പെരുമണ്ണ, പുറമേരി, കാവിലുംപാറ** ഗ്രാമപഞ്ചായത്തുകളാണ് പരാമർശിക്കപ്പെട്ടത്.

**മുക്കം** ഗ്രാമപഞ്ചായത്തിലെ പരാമർശ വിധേയമായ കോളനികളിൽ വൈദ്യുതീകരണം പൂർത്തിയായി എന്നും 4 കോളനികളിലും കൂടി വയറിംഗ് പൂർത്തീകരിച്ച് 90 വീടുകളിൽ വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ട് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിനായി കെ.എസ്.ഇ.ബി.ക്ക് കത്ത് നൽകിയതായും പ്രസ്തുത പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചതായും സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു.

**ചാത്തമംഗലം** ഗ്രാമപഞ്ചായത്തിലെ എല്ലാ പദ്ധതികളും പൂർത്തീകരിച്ച് കമ്മീഷൻ ചെയ്ത് പ്രവർത്തിച്ച് വരുന്നുണ്ട് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

**പെരുമണ്ണ** ഗ്രാമപഞ്ചായത്തിൽ 2002-03 സാമ്പത്തിക വർഷത്തിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് പ്രൊജക്ട് വെക്കുകയും, പുത്തൂർമഠം മുണ്ടുപാലം റോഡിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് 64040/- രൂപയും, പാലക്കുന്നുമ്മൽ റോഡിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് 66470/- രൂപയും 21.3.03 ന് 707410, 707411 എന്നീ 2 ചെക്കുപ്രകാരം തുക കെ.എസ്.ഇ.ബി.ക്ക് നൽകുകയും ആയത് പ്രകാരം തെരുവ് വിളക്ക് സ്ഥാപിക്കുകയും, ആയത് പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുകയും, നിലവിലും ടി റോഡുകളിൽ തെരുവ് വിളക്കുകൾ ഉള്ളതായി പഞ്ചായത്തിന് ബോധ്യപ്പെട്ടിട്ടുള്ളതും, ടി പ്രൊജക്ടുകൾ നടപ്പിലാക്കിയതിൽ പഞ്ചായത്തിന് യാതൊരു നഷ്ടവും സംഭവിച്ചിട്ടില്ലാത്തതിനാലും പ്രൊജക്ട് ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടുമുണ്ട്. **സ്ഥലപരിശോധന നടത്തി ബന്ധപ്പെട്ട വാർഡ് മെമ്പർമാരിൽ നിന്നും നിലവിൽ പ്രസ്തുത തെരുവ് വിളക്കുകൾ പ്രവർത്തിക്കുന്നതായി സാക്ഷ്യപത്രം ലഭ്യമാക്കി സൂക്ഷിച്ചിട്ടുണ്ട് എന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.**

| | | | | |
|---|---|---|---|---|
| **പുറമേരി** ഗ്രാമപഞ്ചായത്തിലെ 2 പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരണസാക്ഷ്യപത്രം കെ.എസ്.ഇ.ബി.യിൽ നിന്ന് ലഭിച്ചിട്ടുണ്ട് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.<br>**കാവിലുംപാറ** ഗ്രാമപഞ്ചായത്തിൽ 2001-02 വർഷത്തിൽ ജനകീയാസൂത്രണ പദ്ധതി യിലുൾപ്പെടുത്തി അംഗീകരിച്ച ചീമിയാട്ട്താഴം വൈദ്യുതപദ്ധതിക്ക് വൈദ്യുതി ബോർഡ് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള 86555/- രൂപ കമ്മറ്റി കൺവീനർ ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്ത് പഞ്ചായത്ത് ഫണ്ടിൽ അടവ് വരുത്തുകയാണ് ചെയ്തത്. പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതിനാൽ തുക പഞ്ചായത്ത് സെക്രട്ടറി മുഖേന കെ.എസ്.ഇ.ബിയിൽ അടവു വരുത്തണമെന്ന കെ.എസ്.ഇ.ബി.യുടെ നിർദ്ദേശപ്രകാരമാണ് കൺവീനർ തുക പഞ്ചായത്ത് ഫണ്ടിൽ അടവു വരുത്തിയത്. ഈ പദ്ധതിക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും യാതൊരു തുകയും വകയിരുത്തിയിട്ടില്ലെന്നും, കമ്മറ്റി കൺവീനർ പഞ്ചായത്തിൽ അടവു വരുത്തിയ മേൽ തുക കെ.എസ്.ഇ.ബി.യിൽ അടവു വരുത്തുക മാത്രമാണ് ചെയ്തതെന്നും, പ്രവൃത്തി രണ്ടുവർഷത്തിനുള്ളിൽ പൂർത്തിയാക്കുകയും എല്ലാ ഗുണഭോക്താക്കൾക്കും വൈദ്യുതി കണക്ഷൻ ലഭിക്കുകയും ചെയ്തതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു. | | | | |
| **മേപ്പയൂർ, തിക്കോടി, ഏറാമല, ചക്കിട്ടപ്പാറ, കാവിലുംപാറ** ഗ്രാമപഞ്ചായത്തുകളാണ് പരാമർശിക്കപ്പെട്ടത്.<br>**മേപ്പയ്യൂർ** ഗ്രാമപഞ്ചായത്തിൽ നിലവിൽ ചട്ടപ്രകാരം തന്നെ ബഡ്ജറ്റ് പാസ്സാക്കാറുണ്ടെന്നും, മുൻപ് വന്ന അപാകതക്ക് സർക്കാറിൽ നിന്നും സാധൂകരണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.<br>**തിക്കോടി** ഗ്രാമപഞ്ചായത്തിൽ ബഡ്ജറ്റ് ചട്ടപ്രകാരം തന്നെയാണ് പാസ്സാക്കി വരുന്നതെന്നും, ബഡ്ജറ്റ് വരവ് ചെലവും യഥാർത്ഥ സംഖ്യകളും തമ്മിൽ വ്യക്തമായ വ്യത്യാസം വന്നത് മുന്നിരുപ്പ് ആയി കണക്കാക്കിയ തുകയിൽ മാത്രമാണെന്നും അറിയിച്ചിട്ടുണ്ട്.<br>**ഏറാമല** ഗ്രാമപഞ്ചായത്തിൽ 2000-01 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് 28.3.2000 ലെ 106 നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് അംഗീകരിച്ചിരുന്നു. | | | | |

| | | | | |
|---|---|---|---|---|
| | | | | കൂടാതെ 1999-2000 വർഷത്തെ റിവൈസ്ഡ് ഓഡിറ്റും അംഗീകരിച്ചിരുന്നു. എന്നാൽ ഓഡിറ്റ് സമയത്ത് ബഡ്ജറ്റ് എസ്റ്റിമേറ്റ് റിവൈസ്ഡ് ബഡ്ജറ്റ് കോപ്പി എന്നിവ ഹാജരാക്കിയിരുന്നില്ല. ബഡ്ജറ്റ് എസ്റ്റിമേറ്റ് തുകയുടെ വിവരം മിനുട്സിൽ രേഖപ്പെടുത്താതിരുന്നത് കൈതെറ്റായിരുന്നു എന്നും തുടർന്നുള്ള വർഷങ്ങളിലും ഈ വർഷവും കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾക്കനുസരിച്ച് ബഡ്ജറ്റ് പാസാക്കി രേഖപ്പെടുത്തലുകൾ വരുത്തുകയും ഒരു കോപ്പി പഞ്ചായത്ത് ഡെപ്യൂട്ടി ഡയരക്ടർക്ക് സമർപ്പിച്ചു വരുന്നുണ്ട് എന്നതിനാലും ഈ വിശദീകരണം സ്വീകരിച്ച് പരാമർശം ഒഴിവാക്കി തരണമെന്ന് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്.<br><br>**ചക്കിട്ടപാറ, കാവിലുംപാറ** ഗ്രാമപഞ്ചായത്തുകളിൽ തുടർ വർഷങ്ങളിൽ ബഡ്ജറ്റ് തയ്യാറാക്കുന്നതും പാസ്സാക്കുന്നതും ചട്ടപ്രകാരമാണെന്നും പ്രസ്തുത അപാകത പിന്നീട് ആവർത്തിച്ചിട്ടില്ലെന്നും അറിയിച്ച വിവരം ബോധിപ്പിക്കുന്നു. |
| | | | | **ചെറുവണ്ണൂർ** ഗ്രാമപഞ്ചായത്ത് അടവാക്കിയ റിവർ മാനേജ്മെന്റ് ഫണ്ട് തുകക്കുള്ള രശീതി അനുവദിക്കുന്നതിന് ബഹു. ജില്ലാ കലക്ടർക്ക് 26.08.2014 തിയ്യതിയിൽ കത്ത് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്.<br><br>**മാവൂർ** ഗ്രാമപഞ്ചായത്തിൽ 2001-02 വർഷം മണൽ ഖനനം ചെയ്ത വകയിലുള്ള ആർ.എം.എഫ് അടച്ചതിന്റെ രശീതി (100000 തുപ) ലഭ്യമാക്കാൻ കോഴിക്കോട് കലക്ടറുടെ ഓഫീസിലേക്ക് കത്ത് അയച്ചിട്ടുണ്ടെന്ന വിവരം സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്. (അയച്ച കത്തുകളുടെ നമ്പറും തിയ്യതിയും –എ1-5102/13 തിയ്യതി; 07.10.2013, ബി5-316/14 തിയ്യതി 21.08.14)<br><br>**കൊടിയത്തൂർ** ഗ്രാമപഞ്ചായത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് അടവാക്കിയത് സംബന്ധിച്ച രശീതുകൾ ലഭിക്കുന്നതിനായി ഓഫീസ് റിക്കോർഡുകൾ വിശദമായി പരിശോധിച്ചെങ്കിലും ഇതുമായി ബന്ധപ്പെട്ട മുൻകാല റിക്കോർഡുകളും ഫയലുകളും കണ്ടെത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ ഈ വിഷയത്തിൽ കൂടുതൽ നടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല. ഏറ്റവും |

| | | | | |
|---|---|---|---|---|
| | | | | ഒടുവിൽ നടന്ന 2012-13 വർഷം വരെയുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വേളയിൽ നൽകിയ ഓഡിറ്റ് കുറിപ്പിൽ 2009-10 മുതൽ 2012-13 വരെയുള്ള റിവർമാനേജ്മെന്റ് തുക അടവാക്കാൻ ബാക്കിയുണ്ട് എന്ന കാര്യം മാത്രമെ പരാമർശിച്ചിട്ടുള്ളൂ എന്ന് സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു.<br><br>**ചെറുവണ്ണൂർ-നല്ലളം**ഗ്രാമപഞ്ചായത്ത് കോർപ്പറേഷനിൽ ലയിപ്പിച്ചതിനാൽ ഈ വിഷയം സംബന്ധിച്ച് കത്ത് നൽകിയെങ്കിലും മറുപടിയൊന്നും ലഭിച്ചിട്ടില്ലെന്ന വിവരം ബോധിപ്പിക്കുന്നു. |
| | | | | **കാരശ്ശേരി** ഗ്രാമപഞ്ചായത്തിലെ അത്തായക്കുന്ന്, കരീറ്റിപുറം മാന്ത്ര കുടിവെള്ള പദ്ധതി, വല്ലത്തായ്പാറ കുടിവെള്ള പദ്ധതി എന്നിവയുടെ വൈദ്യുതി ചാർജ്ജിനത്തിൽ 395844/- രൂപ തനതുഫണ്ടിൽ നിന്നും അടവാക്കിയിട്ടുണ്ട്. ടി ഗുണഭോക്താക്കൾ സാമ്പത്തികമായി വളരെ പിന്നോക്കം നില്ക്കുന്നവരായതിനാലും കുടിശ്ശികയിനത്തിലുള്ള ഭീമമായ തുക അടവാക്കുന്നതിന് ഗുണഭോക്തൃ സമിതികൾക്ക് സാധിക്കുകയില്ല എന്ന് ഭരണസമിതിക്ക് ബോദ്ധ്യപ്പെട്ടതിനാലും, രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശമായതിനാലുമാണ് ഭരണസമിതി ഇത്തരം ഒരു തീരുമാനമെടുത്തത്. സർക്കാരിന്റെ 14.10.2008 തിയ്യതിയിലെ സ.ഉ (സാധാ)നം. 3632/2008/തസ്വഭവ ഉത്തരവുപ്രകാരം ഈ ഓഡിറ്റ് പരാമർശത്തിന് സർക്കാർ സാധൂകരണം ലഭ്യമായിട്ടുണ്ടെന്നും 2001-02 വർഷത്തിനുശേഷം ഗുണഭോക്തൃസമിതികൾ തന്നെയാണ് മേൽ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് അടവാക്കിവരുന്നതെന്നും സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു.<br><br>(ക്രമനമ്പർ 2,8) **മുക്കം** ഗ്രാമപഞ്ചായത്തിലെ പരാമർശ വിധേയമായ കുടിവെള്ള പദ്ധതികൾ വൈദ്യുതീകരണം പൂർത്തിയാക്കി പ്രവർത്തന ക്ഷമമായത് 2001-ലാണ് എന്നും ഗുണഭോക്തൃ സമിതികൾ യഥാസമയം രൂപീകരിക്കാതിരുന്നത് കൊണ്ട് വൈദ്യുതി ചാർജ്ജ് കുടിശ്ശികയായി പ്രസ്തുത പദ്ധതി നിലച്ചുപോകരുത് എന്ന സദുദ്ദേശ്യത്തോടെയാണ് വൈദ്യുതി ചാർജ്ജ് ഗ്രാമപഞ്ചായത്ത് അടവാക്കിയിട്ടുള്ളത് എന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നിലവിൽ എല്ലാ കുടിവെള്ള പദ്ധതികളുടെയും ഗുണഭോക്തൃ സമിതി രൂപീകരിക്കുകയും പരിപാലനം, വൈദ്യുതി ചാർജ്ജ് |

| | | | | |
|---|---|---|---|---|
| | | | | അടവാക്കൽ എന്നിവ കമ്മറ്റികൾ തന്നെയാണ് നിർവ്വഹിക്കുന്നത് . എന്നും ഗ്രാമപഞ്ചായത്ത് ഈയിനത്തിൽ തുകയൊന്നും ചെലവഴിക്കുന്നില്ല എന്നും സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു.<br><br>**ചാത്തമംഗലം** ഗ്രാമപഞ്ചായത്തിൽ താരതമ്യേന നിർദ്ധനരും സാധുക്കളും അധിവസിക്കുന്ന പ്രദേശത്താണ് ഈ കുടിവെള്ള പദ്ധതികൾ പ്രവർത്തിക്കുന്നത്. എന്നാൽ ഓഡിറ്റിന്റെ കർശന നിർദ്ദേശമനുസരിച്ച് 2003-04 മുതൽ പഞ്ചായത്ത് കറണ്ട് ചാർജ്ജ് അടക്കുന്നില്ല. 12.11.2007 -ലെ ജി.ഒ-3062/07 സർക്കാർ ഉത്തരവുപ്രകാരം കുടിവെള്ള പദ്ധതികൾക്ക് തനതുഫണ്ടിൽ നിന്നും പണം അടച്ച പ്രവൃത്തിക്ക് സാധൂകരണം നല്കിയിട്ടുണ്ട് എന്ന് സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു.<br><br>**പെരുമണ്ണ** ഗ്രാമപഞ്ചായത്തിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗുണഭോക്താക്കൾ, പട്ടികജാതി ഗുണഭോക്താക്കളും ഉൾപ്പെട്ട കുടിവെള്ള പദ്ധതിക്ക് ഗുണഭോക്തൃ കമ്മറ്റി സംഘാടകർ തന്നെയാണ് കുടിവെള്ള പദ്ധതിയുടെ ചെലവ് നിലവിൽ വഹിച്ചു വരുന്നത്. പഞ്ചായത്തിൽ ബാധ്യതയൊന്നും കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ ഇല്ല എന്നുള്ള വിവരം ബോധിപ്പിക്കുന്നു.<br><br>**ഉള്ള്യേരി** ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണം എന്നത് അടിയന്തിര വിഷയമായത് കൊണ്ടും കുടിവെള്ള പദ്ധതികളിൽ 13 എണ്ണവും പട്ടികജാതി/ഐ.എച്ച്.ഡി.പി കോളനികളിൽ ഉൾപ്പെട്ടതും അതിൽ തന്നെ 11 എണ്ണം ജനകീയാസൂത്രണ പദ്ധതി തുടങ്ങുന്നതിന് മുൻപ് തന്നെ ആരംഭിച്ചതുമാണ് എന്നതിനാലാണ് വൈദ്യുതി ചാർജ്ജ് പഞ്ചായത്ത് അടവാക്കിയത്. നിലവിൽ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് ഗുണഭോക്തൃ കമ്മറ്റികൾ തന്നെ നേരിട്ട് അടവാക്കുകയാണ് ചെയ്യുന്നത്. എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.<br><br>**ഉണ്ണികുളം** ഗ്രാമപഞ്ചായത്തിൽ നിലവിൽ സ്ട്രീറ്റ് ടാപ്പ് ഒഴികെ ഒരു കുടിവെള്ള പദ്ധതിയുടെയും വൈദ്യുതി ചാർജ്ജ് പഞ്ചായത്ത് അടവാക്കുന്നില്ല. ജി.ഒ (ആർ.ടി) 3062/07/തസ്വഭവ തിയ്യതി. 121.11.2007 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ അടച്ചതിന് സാധൂകരണം ലഭിച്ചിട്ടുണ്ട്. ആയതിനാൽ പരാമർശം ഒഴിവാക്കി നൽകണമെന്ന് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | **ചെറുവണ്ണൂർ** നല്ലളം ഗ്രാമപഞ്ചായത്ത് കോർപ്പറേഷനിൽ ലയിപ്പിച്ച ഗ്രാമപഞ്ചായത്താണ്. മറുപടി ലഭ്യമാക്കുന്നതിനായി കത്ത് നൽക്കയെങ്കിലും ലഭ്യമായിട്ടില്ല എന്ന വിവരം ബോധിപ്പിക്കുന്നു. |
| | | | | **കൂത്താളി** ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ അപാകതകൾ തിരുത്തിയിട്ടുണ്ടെന്നും പിന്നീടുള്ള അപേക്ഷകളെല്ലാംതന്നെ സമയബന്ധിതമായി തീർപ്പാക്കി, സർക്കാർ നിർദ്ദേശം പാലിച്ച് നൽകിയിട്ടുള്ളതാണെന്നും അപേക്ഷകളെല്ലാം കൃത്യമായി ഫയലിൽ സൂക്ഷിച്ചിട്ടുള്ളതും, അർഹരായവർക്കുമാത്രമേ ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളൂ എന്ന് വിശദമായ പരിശോധനയിലൂടെ ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഇപ്പോൾ കുറ്റമറ്റ രീതിയിലാണ് തൊഴിൽരഹിത വേതനം സംബന്ധിച്ച ഫയലുകൾ കൈകാര്യം ചെയ്യുന്നത് എന്ന് സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്. 2002-03 വർഷത്തിലെ ഖണ്ഡിക 3-10 ൽ പരാമർശിച്ച ഇതേ വിഷയത്തിന് 11.08.2010-ലെ എൽഎഫ്കെകെഡി പി4-189/2011 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കി നൽകിയതായും സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്.<br>**പയ്യോളി** ഗ്രാമപഞ്ചായത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് ശേഷം അക്വിറ്റൻസിൽ തിയ്യതിവെച്ച് ഒപ്പിടുവിച്ചാണ് വേതനവിതരണം നടത്തിവരുന്നത്. നിയമാനുസൃതമല്ലാതെ നൽകിയ വേതനം 15.12.06 ലെ 6055/78 നമ്പർ രശീതി പ്രകാരവും 26.8.14 ലെ 11401103765 നമ്പർ രശീതി പ്രകാരവും തിരിച്ചടച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു.<br>**മാവൂർ** ഗ്രാമപഞ്ചായത്തിൽ നിലവിൽ കർഷക തൊഴിലാളി പെൻഷൻ പദ്ധതിക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ജി.ഒ.പി.18/98/തൊഴിൽ 16.4.98 പ്രകാരം പുറപ്പെടുവിച്ച ചട്ടങ്ങൾ പാലിച്ചിട്ടാണ്. അപേക്ഷകൾ ലഭിച്ചതും നടപടികൾ സ്വീകരിച്ചതും തീർപ്പാക്കിയതും സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ ഇപ്പോൾ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. നിലവിൽ ലഭിക്കുന്ന അപേക്ഷകളിൽ 45 ദിവസത്തിനകം തീരുമാനമെടുത്ത് തീർപ്പ് കൽപ്പിക്കുന്നുണ്ട്. പെൻഷൻ തുക എം.ഒ.ആയി അയച്ചത് ഗുണഭോക്താക്കൾ കൈപ്പറ്റിയതിനുള്ള രേഖയായ മടക്കരശീതി ക്രമനമ്പറിട്ട് ഇപ്പോൾ കൃത്യമായി സൂക്ഷിക്കുന്നുണ്ട് എന്ന് സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു.<br>**തിക്കോടി** ഗ്രാമപഞ്ചായത്തിൽ അക്കാലത്തെ |

ബന്ധപ്പെട്ട പെൻഷൻ മണിയോർഡർ രജിസ്റ്ററിൽ അർഹതാ തിയ്യതി എഴുതാതിരുന്നതിനാലാണ് പ്രസ്തുത രണ്ട് ഗുണഭോക്താക്കൾക്ക് പെൻഷൻ അയക്കാനിട യായതെന്ന് സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്. 16.01.2008-ലെ സ.ഉ (എം.എസ്) 2/2008 സാമൂഹ്യക്ഷേമ വകുപ്പുപ്രകാരം പ്രായപൂർത്തി യായ ആൺമക്കൾ ഉള്ളവർക്കും പെൻഷൻ അർഹത ഉണ്ടായിരിക്കുന്നതാണെന്ന് ഉത്തരവായി ട്ടുള്ളതാണ്. ഇപ്പോൾ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനാൽ ഇത്തരം അപാകത വരുന്നില്ലെന്നും സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു.

**കാരശ്ശേരി** ഗ്രാമപഞ്ചായത്തിൽ 2001-02 ൽ ലഭിച്ച കർഷകതൊഴിലാളി അപേക്ഷകളിന്മേൽ അന്വേഷണ റിപ്പോർട്ട് ലഭിക്കുന്നതിലുണ്ടായ കാലതാമസവും ജീവനക്കാരുടെ അഭാവവും കാരണം സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിൽ കാലതാമസം നേരിട്ടു. എന്നാൽ നിലവിൽ അപേക്ഷകളിന്മേൽ സമയബന്ധിതമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മേലിൽ ഇത്തരം അപാകത വരുത്താതെ ശ്രദ്ധിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു.

**പെരുവയൽ** ഗ്രാമപഞ്ചായത്തിൽ തുടർ വർഷങ്ങളിൽ തൊഴിൽരഹിതവേതന രജിസ്റ്റർ, കർഷകതൊഴിലാളി പെൻഷൻ രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നുണ്ടെന്നും ആയതിനാൽ തടസ്സം ഒഴിവാക്കി നല്കണമെന്നും സെക്രട്ടറി അപേക്ഷിച്ച വിവരം ബോധിപ്പിക്കുന്നു.

3-11 : **കൊടിയത്തൂർ** ഗ്രാമപഞ്ചായത്തിൽ കർഷക തൊഴിലാളി പെൻഷൻ അപേക്ഷകൾ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് കർഷക തൊഴിലാളി പെൻഷൻ ചട്ടങ്ങൾ പ്രകാരം അന്വേഷണ നടപടികൾ പൂർത്തീകരിച്ച് 45 ദിവസത്തിനുള്ളിൽ അപേക്ഷികളിന്മേൽ തീർപ്പ് കൽപ്പിച്ച് വരുന്നത്. പെൻഷനുകൾ സംബന്ധിച്ച വിഷയം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യഥാസമയം ഫലപ്രദമായി മോണിറ്ററിംഗ് ചെയ്ത് വരുന്നുണ്ട് എന്ന വിവരം സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്.

3-12 : **കൊടിയത്തൂർ** ഗ്രാമപഞ്ചായത്തിൽ ഓഡിറ്റിൽ പരാമർശിക്കപ്പെട്ട വികലാംഗ പെൻഷൻ ഗുണഭോക്താക്കളുടെ വരുമാനപരിധി സംബന്ധിച്ച് പഞ്ചായത്ത് ഭരണസമിതി അന്വേഷണം നടത്തുകയും

ടി കുടുംബങ്ങൾ ബി.പി.എൽ. കുടുംബത്തിൽ പെട്ടതാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പെൻഷന് അർഹരാണെന്ന് വിലയിരുത്തിയിട്ടുണ്ടെന്നവിവരം സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്.

3–13: **കൊടിയത്തൂർ** ഗ്രാമപഞ്ചായത്തിൽ തൊഴിൽ രഹിത വേതനം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് അന്വേഷണം നടത്തിയാണ് വേതനം അനുവദിക്കുന്നത്. അന്വേഷണ ഉദ്യോഗസ്ഥന് വരുമാനം തിട്ടപ്പെടുത്തുവാൻ കഴിയാത്ത സാഹചര്യത്തിലാണ് വരുമാന സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നത്. പരാമർശത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ വരുമാന പരിധിയിൽ ഉൾപ്പെട്ടവരാണെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് വേതനം അനുവദിച്ചിട്ടുള്ളത് എന്നും സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്.

**തിരുവമ്പാടി** ഗ്രാമപഞ്ചായത്തിൽ നിലവിൽ ലഭിക്കുന്ന തൊഴിൽ രഹിതവേതന അപേക്ഷകളിൽ 45 ദിവസത്തിനുള്ളിൽ തീരുമാനമെടുക്കുന്നുണ്ടെന്നും അക്വിറ്റൻസിൽ തിയ്യതി വെച്ച് ഒപ്പ് രേഖപ്പെടുത്തുന്നുണ്ടെന്നും ആയതിനാൽ തടസ്സം ഒഴിവാക്കണമെന്നും സെക്രട്ടറി അപേക്ഷിച്ച വിവരം ബോധിപ്പിക്കുന്നു. കർഷകതൊഴിലാളി പെൻഷൻ അനുവദിക്കുന്നതിന് 60 വയസ്സ് കഴിഞ്ഞവരെയാണ് പരിഗണിച്ചത്. സർക്കാർ പുറപ്പെടുവിച്ച 16.04.1998 ലെ ഉത്തരവ് പ്രകാരം അന്വേഷണവും നടപടി ക്രമങ്ങളും പാലിച്ചാണ് പെൻഷൻ അനുവദിച്ചത്. പെൻഷൻ സംബന്ധിച്ച നടപടിക്രമങ്ങൾ പഞ്ചായത്തിലേക്ക് കൈമാറികിട്ടിയ അവസരത്തിൽ പരിചയകുറവും ജനകീയാസൂത്രണം വളരെ ശക്തമായി നടപ്പിലാക്കിവരുന്ന കാലവുമായതിനാൽ നടപടിക്രമങ്ങൾക്ക് ക്രമീകരണം നടത്താൻ കഴിഞ്ഞിട്ടില്ല. മണിയോഡർ അയച്ചതിന്റെ രശീതികൾ നമ്പർ ക്രമത്തിൽ ക്രമീകരിച്ചുവെച്ചിട്ടില്ലായിരുന്നു. എന്നാൽ അനുവദിച്ച എല്ലാ പെൻഷൻകാർക്കും പെൻഷൻ ലഭ്യമാക്കിയിട്ടുണ്ട്. കൈപ്പറ്റാതെ മടങ്ങിയ തുക ട്രഷറിയിൽ അടച്ചിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു. ആയതിനാൽ പരാമർശം ഒഴിവാക്കിതരണമെന്ന് അപേക്ഷിക്കുന്നു.

**ഏറാമല** ഗ്രാമപഞ്ചായത്തിൽ പെൻഷൻ സംബന്ധിച്ച നടപടി ക്രമങ്ങൾ പഞ്ചായത്തിലേക്ക് കൈമാറികിട്ടിയ അവസരത്തിൽ പരിചയക്കുറവും ജനകീയാസൂത്രണം നടപ്പിലാക്കിവരുന്ന കാലവുമായതിനാൽ നടപടിക്രമങ്ങൾക്ക്

ക്രമീകരണം നടത്താൻ അന്ന് കഴിഞ്ഞിട്ടില്ല. 2000-01 ലെ വരവ് ചെലവ് കണക്കുകളുടെ ഓഡിറ്റ് 13/12/2004 മുതൽ 21/12/2004 വരെയാണ് നടന്നത്. 20/10/2004 ന് പഞ്ചായത്ത് ഓഫീസ് പ്രവർത്തനം വാടക കെട്ടിടത്തിൽ നിന്നും സ്വന്തം കെട്ടിടത്തിലേക്ക് മാറ്റിയിരുന്നു. ഈ അവസരത്തിൽ പല വൗച്ചറുകളും രശീതികളും സ്ഥലമാറി വച്ചുപോയ കൂട്ടത്തിൽ മണിയോഡർ റസീറ്റുകളും പെട്ടുപോയത് കാരണം ഓഡിറ്റിന് യഥാസമയം ഹാജരാക്കുവാനോ ,പിന്നീടുള്ള പരിശോധനയിൽ കണ്ടെത്തുവാനോ കഴിഞ്ഞിട്ടില്ല. ഓഡിറ്റ് പരാമർശത്തിന്റെയും നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ട്, സർക്കാർ പുറപ്പെടുവിച്ച 16/04/1998 ലെ ഉത്തരവ് പ്രകാരമാണ് ഇപ്പോൾ പെൻഷൻ അനുവദിച്ചുവരുന്നത് എന്ന് സെക്രട്ടറി അറിയിച്ചവിവരം ബോധിപ്പിക്കുന്നു.

അരിക്കുളം ഗ്രാമപഞ്ചായത്തിൽ ഇപ്പോൾ ലഭിക്കുന്ന കർഷകതൊഴിലാളി പെൻഷൻ അപേക്ഷകൾ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നതായും, ഓഡിറ്റ് പരാമർശ ത്തിലെ അപാകത സംഭവിച്ചത് ഓഫീസിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതുകൊണ്ടും ജോലിഭാരവും മൂലമാണെന്നും , മേലിൽ ഈ അപാകത ആവർത്തിക്കാനിടവരുത്തില്ലെന്ന 14.8.2014 തിയ്യതിയിലെ ഭരണസമിതി തീരുമാനം കണക്കിലെടുത്ത് ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്നും സെക്രട്ടറി അപേക്ഷിച്ച വിവരം ബോധിപ്പിക്കുന്നു.

നരിപ്പറ്റ ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ഉത്തരവാദിയായ സെക്രട്ടറിക്ക് 19/04/2006 ൽ രേഖാമൂലം അയച്ചുകൊടുത്തിട്ടുണ്ടെന്നും പ്രസ്തുത കാലയളവിൽ തൊഴിൽരഹിതവേതനം വിതരണം ചെയ്ത രേഖകൾ പഞ്ചായത്ത് ഓഫീസിൽ പരിശോധന നടത്തിയെങ്കിലും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലന്നും, കാലപ്പഴക്കം കാരണമാണ് രജിസ്റ്ററുകൾ കണ്ടെത്താൻ കഴിയാത്തത് എന്നും തുടർ വർഷങ്ങളിൽ രേഖകളെല്ലാം സൂക്ഷിച്ച് വരുന്നതിനാൽ പ്രസ്തുത പരാമർശം ഒഴിവാക്കിതരണമെന്ന് സെക്രട്ടറി അറിയിച്ചവിവരം ബോധിപ്പിക്കുന്നു.

**നാദാപുരം** ഗ്രാമപഞ്ചായത്തിൽ **2003-04 എൽ.എഫ്.** ഓഡിറ്റ് പാര 3(11) **കർഷകതൊഴിലാളി പെൻഷൻ** വിതരണം ചെയ്തതിൽ **ചട്ടപ്രകാരമുള്ള**

| | | | | |
|---|---|---|---|---|
| | | | | നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലായെന്ന് പരാമർശിച്ചിരുന്നു. ഇത് സംബന്ധിച്ച് ബന്ധപ്പെട്ട രേഖകളും മറുപടിയും, നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 15.03.2014 ൽ നടന്ന ഓഡിറ്റ് അദാലത്തിൽ സമർപ്പിച്ച് പരിഹരിച്ചതായും ആയതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ലോക്കൽ ഫണ്ട് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ LF/KKD/P/2011/433/04 DT.17.05.2014 നമ്പർ പുനരഭിപ്രായത്തിൽ, 2003-04 വർഷത്തെ ശേഷിക്കുന്ന ഓഡിറ്റ് പാരയിൽ നിന്നും, മേൽ പരാമർശം ഒഴിവാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു.<br><br>**ബേപ്പൂർ, എലത്തൂർ, ചെറു.നല്ലളം** ഗ്രാമപഞ്ചായത്തുകൾ കോർപ്പറേഷനിൽ ലയിപ്പിച്ച ഗ്രാമപഞ്ചായത്തുകളാണ് മറുപടി ലഭ്യമാക്കുന്നതിന് കത്ത് നല്കിയെങ്കിലും ലഭ്യമായിട്ടില്ലെന്നവിവരം ബോധിപ്പിക്കുന്നു. |
| | | | | **നൊച്ചാട്** ഗ്രാമപഞ്ചായത്ത് 2002 വർഷത്തിൽ 385000/ രൂപ കെ. ഡബ്ലിയുഎ യിൽ ഡെപ്പോസിറ്റ് ചെയ്ത് പന്ന്യംകൊട ശുദ്ധജല പദ്ധതി പ്രവൃത്തി പൂർത്തീകരിക്കുകയും 2004-ലെ 159/2004 (3) നമ്പർ തീരുമാനപ്രകാരം പദ്ധതി പഞ്ചായത്ത് ഏറ്റെടുത്ത് ജലനിധിയുടെ ഭാഗമായി കൈമാറുകയും ചെയ്തതായും മേലിൽ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി ആരായുന്നതാണ് എന്ന് ലോക്കൽ ഫണ്ടിനെ അറിയിച്ചിട്ടുള്ളതായും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.<br><br>**മാവൂർ** ഗ്രാമപഞ്ചായത്തിൽ 2001-02 കാലയളവിൽ പഞ്ചായത്തിന്റെ തനതുഫണ്ടിൽ അപര്യാപ്തത ഉള്ളതിനാലാണ് വാട്ടർ ചാർജ്ജിനത്തിൽ തുക കൃത്യസമയത്ത് അടവാക്കാൻ സാധിക്കാതെ വന്നതെന്നും തുടർ വർഷങ്ങളിൽ പഞ്ചായത്തിന്റെ ധനസ്ഥിതി മെച്ചപ്പെട്ട സാഹചര്യത്തിൽ വാട്ടർചാർജ്ജ് കൃത്യസമയത്ത് തന്നെ അടവാക്കിയിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നിലവിൽ വാട്ടർചാർജ്ജ് ഇനത്തിൽ കെഡബ്ല്യുയു.എ.ക്ക് കുടിശ്ശിക ഒന്നുംതന്നെ ഇല്ലെന്നും ഇതുസംബന്ധിച്ച എല്ലാ വിശദാംശങ്ങളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്നും ആയത് പരിഗണിച്ച് തടസ്സം ഒഴിവാക്കണമെന്നും സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു.<br>**മുക്കം** ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് പരാമർശപ്രകാരം 95 ടാപ്പുകൾക്കാണ് കുടിശ്ശികയിനത്തിൽ 2000-01 വർഷത്തിൽ 4,40,000/- |

| | | | | |
|---|---|---|---|---|
| | | | | രൂപയും 2002-03 വർഷത്തിൽ 5,05,000/- രൂപയും വസ്തു കൈമാറ്റ തീരുവയിൽ നിന്നും ഈടാക്കിയത്. പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം ഉറപ്പ് വരുത്തുന്നതിന് പഞ്ചായത്തും വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തുന്നതിന് അപേക്ഷിച്ചുകൊണ്ടുള്ള ഈ ഓഫീസിലെ 16.03.2010 ലെ എ3-4049/09 നമ്പർ പ്രകാരം വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനിയർക്ക് കത്ത് നൽകിയിരുന്നുവെങ്കിലും പരിശോധന നടത്തിയിട്ടില്ല. സംയുക്ത പരിശോധന അടിയന്തിരമായി നടത്താൻ അപേക്ഷിച്ചു കൊണ്ടും ഓഡിറ്റ് പരാമർശപ്രകാരം 2001-02, 2002-03 വർഷങ്ങളിൽ ഈടാക്കിയിട്ടുള്ള തുകക്കാധാരമായ കുടിശ്ശികയുടെ വിശദാംശങ്ങൾ അറിയിക്കാനാവശ്യപ്പെട്ടു കൊണ്ടും 25.08.2014 ന് വാട്ടർ അതോറിറ്റി അധികൃതർക്ക് വീണ്ടും കത്ത് നൽകിയിട്ടുണ്ട്. വാട്ടർ ചാർജ് ഇനത്തിൽ കൂടുതലായി തുക ഈടാക്കപ്പെട്ടിട്ടുണ്ടെങ്കിൽ തിരിച്ചീടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.<br><br>**ഫറോക്ക്** ഗ്രാമപഞ്ചായത്തിൽ വാട്ടർ അതോറിറ്റിയിൽ നിന്നും രേഖകൾ ശേഖരിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.<br><br>**വാണിമേൽ** ഗ്രാമപഞ്ചായത്തിൽ സംയുക്ത പരിശോധന നടത്തി പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന പൊതു .. ടാപ്പുകളുടെ എണ്ണം കൃത്യമാക്കിയിട്ടുണ്ടെന്നും, ഈയിനത്തിൽ ചെലവഴിക്കുന്ന തുകയുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നുണ്ടെന്നും ബോധിപ്പിച്ചിട്ടുണ്ട്. വാണിമേൽ ഗ്രാമപഞ്ചായത്തിൽ 14.8.2012-ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റി ഇക്കാര്യം വിശദമായി ചർച്ച ചെയ്യുകയും ഈയിനത്തിൽ കൂടുതൽ ഈടാക്കിയിട്ടുള്ള തുക തിരികെ ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ തീരുമാനിക്കുകയും, ഇതിനായി വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു.<br><br>വസ്തു കൈമാറ്റ തീരുവ ഇനത്തിൽ **മടവൂർ** ഗ്രാമപഞ്ചായത്തിന് 2003-04 വർഷം അനുവദിച്ചു കിട്ടിയ 283250 രൂപയിൽ 195000 രൂപ കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം കുടിശ്ശികയിലേക്ക് അഡ്ജസ്റ്റ് ചെയ്യപ്പെടുകയുണ്ടായി. ഇതു സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ മടവൂർ |

| | | | | |
|---|---|---|---|---|
| | | | | ഗ്രാമപഞ്ചായത്ത് സെക്രട്ടറി കേരള വാട്ടർ അതോറിറ്റി കോഴിക്കോട് ഓഫീസിൽ നേരിട്ട് അന്വേഷിക്കുകയും ബന്ധപ്പെട്ട ഫയലുകൾ മേൽ ഓഫീസിൽ ലഭ്യമല്ല എന്ന മറുപടി ലഭിക്കുകയും ചെയ്തു. കേരള വാട്ടർ അതോറിറ്റി കോഴിക്കോട് ഓഫീസിൽ നിന്ന് ലഭിച്ച നിർദ്ദേശത്തെ തുടർന്ന് വാട്ടർ അതോറിറ്റിക്ക് അഡ്ജസ്റ്റ് ചെയ്ത തുക (195000 രൂപ) മടവൂർ ഗ്രാമപഞ്ചായത്തിന്റെ വെള്ളക്കരം കുടിശ്ശിക ഇനത്തിൽ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടോ എന്ന വിവരം അറിയിച്ചുതരുന്നതിന് അക്കൗണ്ട്സ് മെമ്പർ, കേരള വാട്ടർ അതോറിറ്റി, ജലഭവൻ, തിരുവനന്തപുരം എന്നവർക്ക് 26.8.14 ന് കത്തയച്ചിട്ടുണ്ട്. നിലവിൽ പഞ്ചായത്തിന്റെ പരിധിയിലുള്ള വാട്ടർ ടാപ്പുകളുടെ എണ്ണം, അടക്കുന്ന തുക എന്നിവ സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി പഞ്ചായത്ത് സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. ആയത് പ്രകാരം പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രമാണ് വെള്ളക്കരം അടവാക്കി വരുന്നത്. കൂടാതെ ഇത് സംബന്ധിച്ച് രജിസ്റ്ററുകളും തയ്യാറാക്കി പരിപാലിച്ചു വരുന്നുണ്ട് എന്നും സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്. |
| | | | | പരാമർശിക്കപ്പെട്ട എല്ലാ ഗ്രാമപഞ്ചായത്തു കളിലും പിന്നീട് വരവുചെലവുകണക്കുകൾ സംബന്ധിച്ച രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്പോൾ സാംഖ്യ സോഫ്റ്റ് വെയറിൽ കൂടി കണക്കുകൾ രേഖപ്പെടുത്തുന്നതിനാൽ അതാതുദിവസം തന്നെ രേഖപ്പെടത്തുന്നതിനാൽ അതാതുദിവസം തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്തുകളിൽ നിന്നും റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു. |
| | | | | പരാമർശിക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെല്ലാം തന്നെ ഇപ്പോൾ ചട്ടപ്രകാരം ഗ്രാമസഭകൾ ചേരുന്നുണ്ടെന്നും മിനുട്സ് തയ്യാറാക്കി സൂക്ഷിച്ചുവരുന്നുണ്ടെന്നും റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു. |

നൊച്ചാട്, മാവൂർ, പെരുവയൽ, ഫറോക്ക്, തിക്കോടി, അരിക്കുളം എന്നീ ഗ്രാമപഞ്ചായത്തുകൾ കാലഹരണപ്പെട്ട തുക പിന്നീട് ഈടാക്കിയിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നൊച്ചാട് ഗ്രാമപഞ്ചായത്തിൽ നിന്നും 2.11.2009-ലെ 121/09 (68) നമ്പർ തീരുമാനപ്രകാരം ഈ വിവരം ലോക്കൽ ഫണ്ടിനെ അറിയിക്കുകയും മാവൂർ, പെരുവയൽ, തിക്കോടി, അരിക്കുളം ഗ്രാമപഞ്ചായത്തുകൾ കുടിശ്ശികയടക്കമുള്ള 100% നികുതിയും പിരിച്ചെടുത്തിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു.

പെരുവയൽ ഗ്രാമപഞ്ചായത്തിൽ മണൽ ലേല കുടിശ്ശിക അടവാക്കുന്നതിന് ബന്ധപ്പെട്ട വ്യക്തിക്ക് നോട്ടീസ് നൽകി. ടിയാൾ പ്രസ്തുത തുക അടവാക്കിയിട്ടുണ്ട് എന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ തഹസിൽദാർക്ക് രജിസ്ട്രേഡ് നോട്ടീസ് അയച്ചിരുന്നുവെങ്കിലും മറുപടി ഒന്നും ലഭിച്ചിട്ടില്ല എന്ന് ബോധിപ്പിച്ചിട്ടുണ്ട്. മത്സ്യ മാർക്കറ്റ് ലേലം ഇനത്തിൽ കുടിശ്ശികയുമായി ബന്ധപ്പെട്ട വ്യക്തികൾക്ക് രജിസ്ട്രേഡ് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് സെക്രട്ടറി അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.

എ) ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ എൻ.ഹരിദാസൻ, മുഹമ്മദാലി എന്നവരുടെ ഡെപോസിറ്റ് തുക 72480/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടുണ്ട്. വി.എം. ശ്രീധരൻ എന്നവർ മരണപ്പെട്ടതുകാരണം ഭാര്യ നൽകിയ അപേക്ഷ പരിഗണിച്ച് 40% വാടക ഒഴിവാക്കിയത് ഡെപോസിറ്റിൽ നിന്നും അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിലുള്ള സർക്കാരിന്റെ 30.8.03 ലെ 19627/12/02 നമ്പർ കത്ത് അടുത്ത പ്രാദേശിക പരിശോധനയിൽ ഹാജരാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ബി) ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തി കുടിശ്ശിക അടക്കം 100 ശതമാനം പിരിച്ചെടുത്ത് 2007-2008 വർഷത്തിൽ അവാർഡ്

| | | | | |
|---|---|---|---|---|
| | | | | കരസ്ഥമാക്കി. തുടർന്നുള്ള വർഷത്തിലും 100% പിരിവ് നടത്തിയിട്ടുണ്ട് എന്ന് സെക്രട്ടറി അറിയിച്ചവിവരം ബോധിപ്പിക്കുന്നു.<br><br>**വില്ല്യാപ്പള്ളി** ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോപ്ലക്സ് മുറികളുടെ വാടക യഥാസമയം പിരിച്ചെടുക്കാതെ നഷ്ടം വന്ന 12240/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ശ്രീ.കെ. നാണു റിട്ടയേർഡ് ജൂനിയർ സൂപ്രണ്ട് -ന്റെ ബാദ്ധ്യതയായി നിശ്ചയിച്ച് ടിയാന്റെ ഡി.സി.ആർജി യിൽ നിന്നും ഈടാക്കുന്നതിന് ഉത്തരവായിട്ടുള്ളതും, എന്നാൽ ടിയാൻ ഇതുവരെ ഡി.സി.ആർ.ജി കൈപ്പറ്റാത്തതിനാൽ മേൽ തുക ഈടാക്കുന്നതിന് കഴിഞ്ഞിട്ടില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്. |
| | | | | പരാമർശിക്കപ്പെട്ട 34 ഗ്രാമപഞ്ചായത്തുകളിൽ നിന്നും മറുപടി സമർപ്പിച്ചിട്ടുണ്ട്. കാലഹരണപ്പെട്ട കെട്ടിട നികുതി, തൊഴിൽ നികുതി, കെട്ടിടവാടക, ലേലതുക എന്നിവ എല്ലാ ഗ്രാമപഞ്ചായത്തിലും പിന്നീട് പിരിച്ചെടുത്തിട്ടുണ്ടെന്ന് റിപ്പോർട്ടു ചെയ്ത വിവരം ബോധിപ്പിക്കുന്നു. |

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

**ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ (2005-06) വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ നാദാപുരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാരനടപടി പത്രിക**

| ക്രമ നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരമാർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2005-06 | 2.71.1 | | തദ്ദേശസ്വയംഭരണ (എൽ) വകുപ്പ് സ.ഉ.(സാധാ) നമ്പർ.293/06/തസ്വഭവ. തിരുവനന്തപുരം, തിയ്യതി: 2.2.2006 എന്ന ഉത്തരവ് പ്രകാരം 1986-87 മുതൽ 1998-99 സാമ്പത്തിക വർഷം വരെയുള്ള 1,83,809 രൂപ എഴുതി തള്ളാൻ അനുമതി ലഭിച്ചിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് തടസ്സംനീക്കിതരണം എന്നപേക്ഷിക്കുന്നു. |

D. RADHAKRIS[illegible]
Joint Secretary [illegible]
Local Self Govt [illegible]
Govt Secr[illegible]
Phone: 2518[illegible]

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത റിപ്പോർട്ടിൻമേൽ

ബേപ്പൂർ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളു ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നം | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2005-06 | 2.72 | | ബേപ്പൂർ മത്സ്യഗ്രാമ ശുദ്ധജലവിതരണ പദ്ധതിക്കായി കരാറുകാരൻ പമ്പ് സെറ്റ് വാങ്ങുകയോ കരാറുകാരന് പമ്പ് സെറ്റിന്റെ വില പഞ്ചായത്തിൽ നിന്ന് നൽകുകയോ ചെയ്തിട്ടില്ലെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യം വിശദമായി പരിശോധിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ 28.8.2008-ലെ എ1.2013/04 നമ്പർ കത്ത് പ്രകാരം ടി പ്രവൃത്തിയുടെ പ്രൊജക്ടും, ബില്ലുകളും, മറ്റ് അനുബന്ധം രേഖകളും 1/2000-01. 17/2000-01 മെഷർമെന്റ് ബുക്കുകളും 117/01-02 നമ്പർ വൗച്ചറും കോഴിക്കോട് ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിരിക്കയാണ്<br>പ്രസ്തുത പ്രവൃത്തിയുടെ മൂല്യനിർണ്ണയരേഖകൾ ഗ്രാമപഞ്ചായത്തിന്റെ മേൽ സൂചിപ്പിച്ച 28/8/08-ലെ എ1.2013/04 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചതായ വിവരം ബോധിപ്പിച്ചു. |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത റിപ്പോർട്ടിൻമേൽ

## കുന്നുമ്മൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നം | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| * | 2005-06 | 2.73 | | അംഗൻവാടി കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ഗുണഭോക്തൃ സമിതി കൺവീനറോട് അഡ്വാൻസ്, ഭാഗികബില്ല് എന്നീ ഇനങ്ങളിലായി കൈപ്പറ്റിയ 54000/- രൂപ തിരിച്ചടക്കുന്നതിന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 30000/ രൂപ 22/09/2008-ലെ 97863/22-ാം നമ്പർ രശീതി പ്രകാരവും, 24000/- രൂപ 05/06/2008ലെ 52614/94-ാം നമ്പർ രശീതി പ്രകാരവും ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു. |

M. UNNIKRISHNAN
Additional Secretary to Govt
Local Self Govt Department
Govt. Secretariat

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി**
**ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2005-2006)**
**മുക്കം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി ഉൾക്കൊള്ളുന്ന**
**ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക**

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | 2005-2006 | 2.74 · 1 | | 1.മുക്കം ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലായി നടന്ന 23 വരൾച്ച നിവാരണത്തിനു ചെയ്ത കിണറുകളുടെയും കുളങ്ങളുടെയും റിപ്പയർ പ്രവൃത്തി സാമ്പത്തിക വർഷാവസാനം തൃപ്തികരമായി പൂർത്തീകരിച്ച പ്രവൃത്തികളാണ്. എന്നാൽ സാങ്കേതികമായ നടപടികൾ പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണത്തിൽ പാലിക്കപ്പെട്ടിട്ടില്ല എന്ന ആഡിറ്റ് പരാമർശം ശരിയാണ്.<br>2.സാമ്പത്തിക വർഷാവസാനം വരൾച്ചാ ദുരിതാശ്വാസ ഫണ്ട് ചെലവഴിക്കണ മെന്ന നിർദ്ദേശം നിർവ്വഹിക്കുന്നതിന്റെ ഭാഗമായി വന്ന വീഴ്ചയാണെന്നതാണ് ജന പ്രതിനിധികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും നൽകുന്ന വിശദീകരണം.<br>3. മസ്റ്റർ റോളുകൾ തയ്യാറാക്കുന്നതിലും മറ്റും വന്ന വീഴ്ച അംഗീകരിക്കാവുന്നതല്ല. അളവ് പുസ്തകത്തിൽ രേഖപ്പെടുത്താതെ വാല്യുവേഷൻ നൽകിയ നടപടിയും ചട്ടവിരുദ്ധമാണ്. മേൽ സാഹചര്യത്തിൽ പ്രവൃത്തി നടത്തിയ വാർഡുകളിലെ മെമ്പർമാരിൽ നിന്നും എ.ഇ, സെക്രട്ടറി എന്നിവരിൽ നിന്നും തുക തുല്യമായി ഈടാക്കണ മെന്ന ആഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ അനുബന്ധം ഒന്നിൽ പറയും പ്രകാരം തുക തിരിച്ചു പിടിക്കുന്നതിന് ഉത്തരവ് നമ്പർ 31/08 തിയ്യതി 19-05-2008 ആയി നോട്ടീസ് നൽകിയിട്ടുണ്ട്. |

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | 2005-06 | 2.74 , I | | 4.പഞ്ചായത്തിൽനിക്ഷിപ്തമായ പൊതുകിണറുകൾ തന്നെയാണ് റിപ്പയർ നടത്തിയിട്ടുള്ളത്. കൺവീനർമാരെ മുൻകൂട്ടി നിശ്ചയിക്കുന്നതിനു കാരണം വരൾച്ച ഫണ്ട് ലഭിക്കുമെന്ന ധാരണ യുടെ അടിസ്ഥാനത്തിൽ മുൻകൂട്ടി യോഗം ചേർന്നത് മൂലം ഉണ്ടായിട്ടുള്ളതാണ്.<br>5.ഓരോ വാർഡിലും പ്രവൃത്തി അതാത് മെമ്പറർമാർതന്നെ മോണിറ്റിംഗ് നടത്തണമെന്ന് തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിലാണ് ഇതു നടത്തിയിട്ടുള്ളത്. |

M. [illegible]
Additional Secretary to Govt
Local Self Govt Department
Govt. Secretariat

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി**

**ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ (2005 – 2006) വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ കുന്ദമംഗലം**

**ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾകൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക**

# (Action Taken Statement)

| | റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ | | ശുപാർശ/ നിർദ്ദേശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| ✓ | 2.75.1 | | 1. കുന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2001–2002 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയ26–ാം നമ്പർ പ്രോജക്ട് പ്രകാരം 50 വനിതകൾക്കും 135 –ാം നമ്പർ പ്രകാരം 50 പട്ടികജാതി വനിതകൾക്കും കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനുവേണ്ടി തയ്യാറാക്കി അംഗീകാരം വാങ്ങിയ പ്രൊജക്ട് സമയബന്ധിതമായി നടപ്പിലാക്കേണ്ടതിനാൽ അംഗീകാരം ലഭിച്ച പ്രൊജക്ട് പ്രകാരമാണ് 21-11-2001 ലെ ചന്ദ്രിക ദിനപത്രത്തിൽ പരസ്യം നൽകിയത് . പ്രൊജക്ടിലും ഏത് കോഴ്സ് എന്ന് വ്യക്തമാക്കിയിരുന്നില്ല. അതിനാലാണ് പത്ര പരസ്യത്തിലും കോഴ്സ് വ്യക്തമാക്കാതിരുന്നത്. ആയത് മാപ്പാക്കണമെന്ന് അപേക്ഷിക്കുന്നു.<br>2. പത്രപരസ്യം വഴി ലഭിച്ച ടെണ്ടറുകൾ 12-12-2001 നു നടന്ന പഞ്ചായത്ത് യോഗത്തിൽ അംഗീകാരത്തനായി വെയ്ക്കുകയും യോഗം ടെണ്ടറുകൾ പരിശോധിച്ച് യുക്തമായ തീരുമാനം എടുക്കുവാൻ 149/01 ൽ 2 തീരുമാനപ്രകാരം പ്രൊജക്ടിലുൾപ്പെത്തിയ മോണിറ്ററിംഗ് കമ്മറ്റിയെ അധികാരപ്പെടുത്തുകയും ചെയ്തു. പ്രസ്തുത കമ്മറ്റി 12-12-2001ന് യോഗം ചേർന്ന് ഓരോ ടെണ്ടറും പരിശോധിച്ച് വ്യക്തമായ കാരണം എഴുതി അവസാനം `ടിക്സ്` കംപ്യൂട്ടറിന്റെ 2499/ രൂപയുടെ ടെണ്ടർ അംഗീകരിക്കുകയുമാണുണ്ടായത്. ലഭിച്ച ക്വട്ടേഷനുകൾ, അംഗീകാരം ഇല്ലാത്ത സ്ഥാപനങ്ങൾ, കുന്ദമംഗലത്തുനിന്ന് 30 കിലോമീറ്ററോളം അകലെയുള്ള സ്ഥാപനങ്ങൾ ഇവയിൽ യോഗ്യരായ രണ്ട് ടെണ്ടറുകളിൽ നിന്നാണ് ഏറ്റവും കുറഞ്ഞ റേറ്റ് ക്വോട്ട് ചെയ്ത് ടിക്സിനെ അംഗീകരിച്ചത്.<br>3. പരീക്ഷ ഫീസ് ഒഴികെ ആയിരുന്നു റേറ്റ് ക്വോട്ട് ചെയ്തിരുന്നത്. എന്നാൽ വകയിരുത്തിയ സംഖ്യയിൽ പരീക്ഷാ ഫീസ് ഉൾപ്പെട്ടിരുന്നു. പരിശീലന പരിപാടിയുടെ ഉദ്ഘാടനം 15-11-2001 ന് ബഹു : എം.എൽ.എ. ശ്രീ. യു.സി.രാമൻ നിർവ്വഹിക്കുകയുണ്ടായി. പരിശീലനം പൂർത്തിയാക്കിയ പഠിതാക്കൾക്ക് സർക്കാർ അംഗീകൃത സർട്ടിഫിക്കറ്റും നൽകിയിരുന്നു. പഞ്ചായത്ത് കമ്മറ്റിയുടേയും മോണിറ്ററിംഗ് കമ്മറ്റിയുടേയും തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ടെണ്ടർ അംഗീകരിച്ചതും പദ്ധതി നടപ്പിലാക്കിയതും.<br>4. പരിശീലനം പൂർത്തിയാക്കി പരീക്ഷയിൽ വിജയിച്ച പഠിതാക്കൾക്ക് സർക്കാർ സർട്ടിഫിക്കറ്റും മാർക്ക് ലിസ്റ്റും നൽകിയിട്ടുണ്ട്. ആയത് ഓഡിറ്റ് സമയത്ത് ഹാജരാക്കാൻ കഴിയാത്തതിലുള്ള വീഴ്ച മാപ്പാക്കണമെന്ന് ബോധിപ്പിക്കുന്നു.<br>5. പഞ്ചായത്ത് പരസ്യമായി അപേക്ഷ ക്ഷണിക്കുകയും ആയത് ഗ്രാമസഭയിൽ അംഗീകരിച്ചുമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്. എന്നാൽ ചില വിദ്യാർത്ഥികൾ തുടർച്ചയായി ഹാജരാകാതിരന്നതിനാൽ ആ ഒഴിവുകൾ മെമ്പർമാരുടെ ശുപാർശപ്രകാരം നികത്തുകയാണ് ഉണ്ടായത്. ആയത് മാപ്പാക്കണമെന്ന് അപേക്ഷിക്കുന്നു.<br>6. പരിശീലന സ്ഥാപനം അയച്ചു തരുന്ന ഹാജർ പട്ടിക കൃത്യമായി പരിശോധിച്ച് പ്രസിഡണ്ടിന്റെ അനുവാദത്തോടുകൂടിയാണ് ഓരോ മാസവും ഫീസ് നൽകിയത്. കോഴ്സ് പൂർത്തിയായതിനുശേഷം അധികാരപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ടും നൽകിയിട്ടുണ്ട്.<br>7. പരിശീലന സ്ഥാപനം പരീക്ഷാഫീസായി ഗ്രാമപഞ്ചായത്തിൽ നിന്നും വാങ്ങിയ 45,000/- രൂപയിൽ 28150 രൂപ സി ഡിറ്റിലും, ഫീസിന്റെ പിഴയിനത്തിൽ 550 രൂപ ഉൾപ്പെടെ 17,400/- രൂപ സെന്റർ ഫോർ ഇലക്ട്രോണിക്സ് ഡിസൈൻടെക്നോളജി ഓഫ് ഇന്ത്യ എന്ന സ്ഥാപനത്തിലും ഒടുക്കിയിട്ടുണ്ട്.<br>~~ആയതിന്റെ രേഖകൾ ഉള്ളടക്കം ചെയ്യുന്നു.~~ |

**KRUPANANDAN K.R.**
**Joint Secretary to Govt.**
**Local Self Govt. Dept.**
**Govt. Secretariat**
**Thiruvananthapuram**

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2005-2006)

ചെറുവണ്ണൂർ-നല്ലളം ഗ്രാമ പഞ്ചായത്ത് (ബന്ധപ്പെട്ട സ്ഥാപനത്തിന്റെ / വകുപ്പിന്റെ പേര്) സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന

ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക (Remedial measures taken statement)

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2005-06 | 2.76-1 | | പ്രോജക്റ്റ് കൊണ്ട് ഉദ്ദേശിച്ചത് വെള്ളക്കെട്ടുള്ള കോളനി നിവാസികളുടെ സ്ഥലം മണ്ണിട്ടു നികത്തുക എന്നതായിരുന്നു. നടപ്പാക്കിയ പ്രവൃത്തികൊണ്ട് മേൽ ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. ഇതുമൂലം മുഴുവൻ കോളനി നിവാസികൾക്കും പ്രയോജനം ലഭിച്ചിട്ടുണ്ട്. സ്ഥലം സന്ദർശിച്ച് എ.ഇ. തയ്യാറാക്കിയ എസ്റ്റിമേറ്റ് പഞ്ചായത്ത് കമ്മിറ്റിയുടേയും ബി.എൽ.ടി.സി. യുടേയും അംഗീകാരത്തോടെയും സ്റ്റാന്റിങ് കമ്മിറ്റി, മോണിറ്ററിങ് കമ്മിറ്റി പട്ടികജാതി വർക്കിങ് ഗ്രൂപ്പ് എന്നിവയുടെ മേൽനോട്ടത്തിലുമാണ് പ്രവൃത്തി ചെയ്തത്. |

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ**
**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത റിപ്പോർട്ടിൻമേൽ**
**ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക**

| ക്രമ നം | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2005 06 | 2.76 | | ടി പരാമർശത്തിന്റെ പകർപ്പ് 14.10.05-ലെ എ7.1832/05 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് കാലയളവിലെ സെക്രട്ടറിയായി ശ്രീ.സി.രാധാകൃഷ്ണൻ എന്നവർക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അയച്ചുകൊടുത്തിരുന്നു. അദ്ദേഹത്തിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് അതിന്റെ 7.2.2006-ലെ 101-ാം നമ്പർ തീരുമാനപ്രകാരം 6.4.06-ന് പ്രഥമ മറുപടി എൽ എഫ് ഡെപ്യൂട്ടി ഡയറക്ടർ കോഴിക്കോടിന് സമർപ്പിക്കുകയും ചെയ്യുകയുണ്ടായി. എന്നാൽ എൽ എഫ് ഡയറക്ടറുടെ 1.1.07-ലെ എൽ.എഫ.കെ..കെ..ഡി(പി2)350/06 നമ്പർ കത്ത് പ്രകാരമുള്ള പുനരഭിപ്രായത്തിൻമേൽ പഞ്ചായത്ത് നൽകിയ മറുപടി തൃപ്തികരമല്ലെന്നും പഞ്ചായത്തിന് നഷ്ടമായതുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണെന്നും അറിയച്ചതിന്റെ അടിസ്ഥാനത്തിൽ ടി തുക ഒടുക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 28.10.08-ലെ 11-ാം നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 18.11.08-ലെ എ7.1832/05 നമ്പർ കത്ത് പ്രകാരം ഉത്തരവാദിയായ ശ്രീ.സി.രാധകൃഷ്ണൻ എന്നവർക്ക് നോട്ടീസ് നൽകിയിരിക്കയാണ്. ഈ വിഷയത്തിൻമേൽ നേരിട്ട് അന്വേഷണം നടത്തിയതിൽ പ്രസ്തുത പദ്ധതിക്ക് ആകെ വന്ന ചെലവ് 129459/-രൂപയാണെന്ന് കാണുകയുണ്ടായി. കോളനിയുടെ അവസാന അറ്റത്തുള്ള 4 വീടുകളാണ് മണ്ണിട്ട് നികത്തിയതായി കണ്ടത്. ഈ വീടുകൾക്ക് വെള്ളകെട്ട് കൊണ്ടുള്ള ബുദ്ധിമുട്ട് ഒഴിവായിട്ടുണ്ട്. എങ്കിലും കോളനിയിൽ വെള്ളക്കെട്ട് പൂർണ്ണമായും ഒഴിവായിട്ടില്ല പ്രൊജക്ടിൽ ഡ്രൈയിനേജ് ഉൾപ്പെട്ടിരുന്നെങ്കിലും പൊതു ഡ്രൈയിനേജുമായി ബന്ധിപ്പിക്കുക സാദ്ധ്യമല്ല എന്നതിനാൽ ആയത് നിർമ്മിച്ചിരുന്നില്ല എന്ന വിവരവും ബോധിപ്പിക്കുന്നു. |

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത റിപ്പോർട്ടിൻമേൽ

കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നം | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2005-06 | 2.77 | | ഗുണഭോക്തൃസമിതി കൺവീനർ ശ്രീ വേലായുധൻ ചെയർമാൻ ശ്രീ.ആൻഡ്രൂസ് കട്ടിക്കാനം എന്നിവർ ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് 9/08/01-ലെ 14/02 നമ്പർ എഗ്രിമെന്റ് പ്രകാരം ഗ്രാമപഞ്ചായത്തുമായി കാരറിലേർപ്പെട്ടിരുന്നു. കോഴിക്കോട് ജില്ല പഞ്ചായത്തിന്റെ നിവർവ്വഹണ ഏജൻസിയായിട്ടാണ് പഞ്ചായത്തിന്ന് പണം കൈമാറിയത്. പ്രൊജക്ടിന്റെ പകർപ്പ് ലഭിച്ചിരുന്നില്ല. വ്യക്തിഗത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടി നിലവിൽ ഉണ്ടായിരുന്നില്ല. സർക്കാർ അതാത് വർഷം നിശ്ചയിക്കുന്ന തുകയാണ് നൽകാറുള്ളത്. ഭവന നിർമ്മാണത്തിന് വീടൊന്നിന് 42000/-രൂപ വെച്ച് 8 വീടുകൾക്ക് 336000 രൂപയായിരുന്നു വകയിരുത്തിയിരുന്നത്. ടി തുകയത്രയും ഗ്രാമപഞ്ചായത്തിന് ജില്ല പഞ്ചായത്തിൽ നിന്നും ലഭിക്കുകയുണ്ടായി. പ്രവൃത്തി നിർവ്വഹണത്തിനായി കല്ലാനോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ 1141-ാം നമ്പറായി കൺവീനറുടെയും ചെയർമാന്റെയും പേരിൽ അക്കൗണ്ട് തുടങ്ങുകയും ഗ്രാമപഞ്ചായത്തിൽ നിന്ന് 3 തവണകളായി അനുവദിക്കപ്പെട്ട തുക 239000/-രൂപ (മുൻകൂറായി അനുവദിക്കപ്പെട്ട 67200/- രൂപ ഉൾപ്പെടെ) പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിച്ചതിൽനിന്നുമാണ് ചെലവ് നടത്തിയത്. പാസ്ബുക്ക് പരിശോധനക്ക് ലഭ്യമായിരുന്നു.<br>പ്രവൃത്തി നടന്നിട്ടില്ലായെന്ന ഓഡിറ്റ് പരാമർശം ശരിയല്ല. അമ്പലകുന്ന് ഹരിജൻ കോളനിയിൽ 8 വീടുകൾ നിർമ്മിക്കാനുള്ളതിൽ 4 വീടുകളുടെ പണി പൂർത്തീകരിച്ച് താമസം തുടങ്ങിയിട്ടുണ്ട്. കൂടാതെ മൂന്ന് വീടുകളുടെ ചുമർ ഉയരം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള ഒരു വീടിന്റെ തറയുടെ പ്രവൃത്തി പൂർത്തിയായ നിലയിലാണുള്ളത്. ടി ഭവന നിർമ്മാണ പദ്ധതി പൂർത്തീകരിക്കുവാൻ 20/11/2007-ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് , ജില്ലാ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, പ്രവൃത്തിയുടെ കൺവീനർ ,ചെയർമാൻ എന്നിവർ പങ്കെടുത്ത യോഗത്തിൽ ബാക്കിയുള്ള വീടുകൾ താമസയോഗ്യമാക്കുന്നതിനുള്ള തീരുമാനമെടുക്കുകയും പ്രസ്തുത തീരുമാനം നടപ്പിലാക്കുവാൻ പ്രവൃത്തിയുടെ കൺവീനറോട് ആവശ്യപ്പെടുകയും ചെയ്തതിന്റെ ഫലമായിട്ടാണ് പ്രവൃത്തി നിലവിലുള്ള ഘട്ടത്തിൽ എത്തിനിൽക്കുന്നത്. ടി കോളനിയിൽ നിലവിൽ താമസക്കാർ ഉള്ളതിനാൽ ചെയ്ത നിർമ്മാണ പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തി വ്യതിയാന തുക തിട്ടപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ഇപ്രകാരം പൂർത്തീകരിച്ച പണികളുടെ വാല്യൂവേഷൻ കണക്കാക്കി വ്യതിയാനം തിട്ടപ്പെടുത്തിയാൽ കൈപ്പറ്റിയ തുകയിൽ അധികം വരുന്ന പക്ഷം ആയത് ബന്ധപ്പെട്ട ഗുണഭോക്തൃ കമ്മിറ്റിയിൽ നിന്ന് 12% പലിശസഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന വിവരം ബോധിപ്പിക്കുന്നു. |

Joint Secretary to Govt.
Local Self Govt. Dept.
Secretariat, Tvpm.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.